32nd Year of Service 2024

Price $1.00

# കേരളാ എക്സ്പ്രസ്
# KERALA EXPRESS

NOT OUR MERIT BUT HIS GRACE · KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

October 11, 2024 | Vol. XXXII No. 41 | Periodicals Postage Paid







പ്രശസ്ത കവിയും എഴുത്തുകാരനും സരസ്വതി സമ്മാൻ പുരസ്കാര ജേതാവുമായ പ്രഭാ വർമ്മയെ തിരുവനന്തപുരം വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ നടന്ന സമ്മേളനത്തിൽ വെച്ച് കേരളാ എക്സ്പ്രസ് എക്സിക്യൂട്ടീവ് എഡിറ്റർ ജോസ് കണിയാലി ബൊക്കെ നല്കി അഭിനന്ദിക്കുന്നു. (ഇടത്തുനിന്ന്) മീഡിയ അക്കാഡമി ചെയർമാൻ ആർ.എസ്. ബാബു, മലയാള മനോരമ മുൻ എഡിറ്റോറിയൽ ഡയറക്ടർ തോമസ് ജേക്കബ്, ലൂസി കണിയാലി, മോൻസ് ജോസഫ് എംഎൽഎ, ഋതുവർമ്മഘോഷ്, ഷിബു മണല എന്നിവരാണ് സമീപം.

Visit Our Website: www.keralaexpress.com

# KUNNATHA INJURY LAWYERS

**Free Consultation/Case Evaluation** ATLANTA : 404 633 4200 / CHICAGO: 312 757 4700

**EXPERIENCE PERSONAL ATTENTION RESULTS**


Salu K. Kunnatha Reena Emmanuel Joshua Opdycke

Dedicated Lawyers Handling Serious Injuries and Wrongful Death Cases

Over 50 years of Combined Experience

No legal fees until we collect compensation for you

Millions recovered for our clients each year!

**ATLANTA**
1800 Century Boulevard NE,
Suite 1750
Atlanta, GA 30345
Ph: 404 633 4200

**CHICAGO**
708 Church St,
Suite 235
Evanston, IL 60201
Ph: 312 757 4700

www.kunnathalaw.com



# B&M
AUTO COLLISION CTR



*Anish Eapen and Bob Trytko want to wish you a Happy New Year*

Fast and **EFFICIENT**

*Quality* **REPAIR**



**WE WORK WITH ALL INSURANCE COMPANIES, CALL ANISH EAPEN @ 773-263-9863**

4440 West Addison
Chicago, IL 60641
Tel: 773-685-3200
Fax: 773-685-7388
www.bmautocollision.com

32nd Year of Service 2024
NOT OUR MERIT BUT HIS GRACE · KERALA EXPRESS
Price $1.00
# കേരളാ എക്സ്പ്രസ്
KERALA EXPRESS
Weekly Newspaper National Edition from Chicago
3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

4 നിബന്ധനകൾക്കു വിധേയമായി കൈമാറാം
6 മോൺ. ജോർജ് കൂവക്കാട്ട്; വിശുദ്ധിയാർന്ന ജീവിതം
8 ചരിത്രമായി തോമസ് ചെറിയാൻ
9 കെ.സി.എസിന്റെ ഓണാഘോഷം വർണ്ണാഭമായി
19 11-ാമത് ചീട്ടുകളി മത്സരം ആവേശോജ്വലമായി

## മോൺ. ജോർജ് കൂവക്കാട്ട് കർദ്ദിനാൾ പദവിയിലേക്ക്



വത്തിക്കാൻ സിറ്റി: ചങ്ങനാശേരി അതിരൂപതാംഗം മോൺ. ജോർജ് ജേക്കബ് കൂവക്കാട്ട് ഉൾപ്പെടെ ആഗോള കത്തോലിക്കാ സഭയിലേക്ക് പുതുതായി 21 കർദ്ദിനാൾമാരെക്കൂടി ഫ്രാൻസിസ് മാർപാപ്പ നിയമിച്ചു. 51 കാരനായ മോൺ. ജോർജ് കൂവക്കാട്ട് വത്തിക്കാനിലെ നയതന്ത്ര വിഭാഗത്തിൽ പ്രവർത്തിച്ചുവരികയായിരുന്നു.

ഇന്ത്യയിൽ നിന്ന് ഇത് ആദ്യമായാണ് ഒരു വൈദികൻ നേരിട്ട് കർദ്ദിനാൾ പദവിയിലേക്ക് ഉയർത്തപ്പെടുന്നത്. മാത്രമല്ല, ഇന്ത്യയിൽ നിന്നുള്ള ഏറ്റവും പ്രായംകുറഞ്ഞ കർദ്ദിനാളും മോൺ. ജോർജ് കൂവക്കാട്ടാകും. ഇത്തരത്തിൽ നിരവധി പ്രത്യേകതകളുള്ള ശ്രദ്ധേയമായ നിയമനമാണ് മോൺ. കൂവക്കാട്ടിന്റേത്. സീറോമലബാർ സഭയേയും ചങ്ങനാശേരി അതിരൂപതയെയും സംബന്ധിച്ച് അഭിമാനം പകരുന്നതാണ് പുതിയ നിയമനം.

ഇന്ത്യക്കു പുറമെ ഇറാൻ, ഇറാക്ക്, ഇന്തോനേഷ്യ, ജപ്പാൻ, ഫിലിപ്പീൻസ് തുടങ്ങിയ ഏഷ്യൻ രാജ്യങ്ങളിൽ നിന്നുള്ളവരും പുതിയ കർദ്ദിനാൾമാരുടെ പട്ടികയിലുണ്ട്.

(ശേഷം 24-ാം പേജിൽ)

### മനോജ് ഏബ്രഹാമിന് ചുമതല
## അജിത്കുമാറിനെ ക്രമസമാധാന ചുമതലയിൽനിന്നു നീക്കി

തിരുവനന്തപുരം: രാഷ്ട്രീയ വിവാദങ്ങൾക്കൊപ്പം എൽഡിഎഫിലെ മുഖ്യ ഘടകകക്ഷിയായ സിപിഐയുടെ സമ്മർദംകൂടി മുറുകിയതോടെ പരുക്കേൽപ്പിക്കാതെ എഡിജിപി എം.ആർ. അജിത്കുമാറിനെ കൈവിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ. അജിത്കുമാറിനെ ക്രമസമാധാന ചുമതലയിൽ നിന്നു സായുധ പോലീസ് ബറ്റാലിയനിലേക്ക് മാറ്റിക്കൊണ്ടാണ് സർക്കാർ വിവാദങ്ങളെ താത്കാലികമായി തണുപ്പിച്ചത്. ഇന്റലിജൻസ് എഡിജിപി മനോജ് ഏബ്രഹാമിനെ ക്രമസമാധാന ചുമതലയുള്ള എഡിജിപിയായി മാറ്റി നിയമിച്ചു. മാരത്തൺ ചർച്ചകൾക്കും തിരക്കിട്ട കൂടിയാലോചനകൾക്കും ശേഷമാണ് തീരുമാനം പുറത്തുവന്നത്.



എം.ആർ. അജിത്കുമാർ



മനോജ് ഏബ്രഹാം

എഡിജിപിയെ സ്ഥാനത്തുനിന്ന് നീക്കിയതോടെ എൽഡിഎഫിലെ പ്രശ്നങ്ങൾ താത്കാലികമായി തണുത്തെങ്കിലും പി.വി. അൻവറും പ്രതിപക്ഷവും മാധ്യമങ്ങളും ഉന്നയിച്ച പ്രശ്നങ്ങളിൽ സിപിഎമ്മും സർക്കാരും എന്തു നിലപാട് സ്വീകരിക്കുമെന്നാണ് രാഷ്ട്രീയകേരളം ഉറ്റുനോക്കുന്നത്.

(ശേഷം 24-ാം പേജിൽ)

## അശോകൻ ചരുവിലിന് വയലാർ അവാർഡ്

തിരുവനന്തപുരം: 48-ാമത് വയലാർ രാമവർമ മെമ്മോറിയൽ സാഹിത്യ അവാർഡ് അശോകൻ ചരുവിലിന്റെ 'കാട്ടൂർകടവ്' എന്ന കൃതിക്ക്. ഒരു



ലക്ഷം രൂപയും ശില്പി കാനായി കുഞ്ഞിരാമൻ വെങ്കലത്തിൽ നിർമിച്ച ശില്പവും പ്രശസ്തി പത്രവും അടങ്ങുന്നതാണ് അവാർഡ്.

(ശേഷം 24-ാം പേജിൽ)

## ഭരണ-പ്രതിപക്ഷ ബഹളത്തോടെ നിയമസഭാ സമ്മേളനത്തിനു തുടക്കം

തിരുവനന്തപുരം: രൂക്ഷമായ ഭരണ-പ്രതിപക്ഷ ബഹളത്തോടെ പതിനഞ്ചാം നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനത്തിനു തുടക്കമായി. സർക്കാരിനെതിരെ രാഷ്ട്രീയ ആരോപണങ്ങൾ സജീവമായി നിലനിൽക്കെ പ്രതിപക്ഷ നേതാവിന് നിലവാരമില്ലെന്ന മുഖ്യമന്ത്രിയുടെ പരാമർശമാണ് തർക്കത്തിനിടയാക്കിയത്. ഇതിന് രൂക്ഷ ഭാഷയിൽ പ്രതിപക്ഷ നേതാവ് മറുപടി പറഞ്ഞു. അതേഭാഷയിൽ മുഖ്യമന്ത്രിയും മറുപടി നല്കി. ഇതോടെ വാക്കേറ്റമായി. സ്പീക്കറുടെ ഡയസിലേക്ക് കയറാൻ ശ്രമിച്ച പ്രതിപക്ഷവും വാച്ച് ആൻഡ് വാർഡുമായി ഉന്തും തള്ളുമുണ്ടായി. പ്രതിപക്ഷ അംഗങ്ങൾ സ്പീക്കറുടെ കസേരയുടെ അടുത്തെത്തി. ബഹളത്തിനിടെ സഭ പിരിയുകയായിരുന്നു.

നിയമസഭാസമ്മേളനം പൂർണതോതിൽ ആരംഭിച്ചിരിക്കെ എഡിജിപി-ആർഎസ്എസ് കൂടിക്കാഴ്ച, തൃശൂർ പൂരം കലക്കൽ, മലപ്പുറവുമായി ബന്ധപ്പെട്ട വിവാദ പരാമർശം, പോലീസിനും മുഖ്യമന്ത്രിക്കുമെതിരെ പി.വി. അൻവർ ഉന്നയിച്ച ആരോപണങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ സർക്കാരിനെ പ്രതിക്കൂട്ടിൽ നിർത്താനും മുഖ്യമന്ത്രിയിൽ നിന്നു മറുപടി തേടാനുമായിരുന്നു പ്രതിപക്ഷത്തിന്റെ തീരുമാനം.



പ്രതിപക്ഷാംഗങ്ങൾ നല്കിയ നക്ഷത്ര ചിഹ്നമിട്ട ചോദ്യ നോട്ടീസുകൾ ചട്ടവിരുദ്ധമായി നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളാക്കി മാറ്റിയ നിയമസഭാ സെക്രട്ടേറിയറ്റിന്റെ നടപടി സഭ തുടങ്ങിയപ്പോൾ പ്രതിപക്ഷ നേതാവ് ചോദ്യം ചെയ്തു. പ്രതിപക്ഷ നേതാവ് നിലവാരമില്ലാതെ പെരുമാറുന്നതായി മുഖ്യമന്ത്രി പറഞ്ഞതും സ്പീക്കർ രൂക്ഷമായ ഭാഷയിൽ വിമർശിച്ചതുമാണ് തർക്കത്തിനിടയാക്കിയത്. സ്പീക്കർക്ക് പക്വതയില്ലെന്ന് പ്രതിപക്ഷ നേതാവ് തിരിച്ചടിച്ചു.

സ്പീക്കറുടെ വിശദീകരണത്തിൽ തൃപ്തരാകാതെ പ്രതിപക്ഷം ചോദ്യോത്തര വേളയിൽ സഭയുടെ നടുത്തളത്തിൽ ഇറങ്ങി പ്രതിഷേധിച്ചു. പ്രതിപക്ഷത്തോട് ഒരുതരത്തിലുമുള്ള വിവേചനവും കാണിച്ചിട്ടില്ലെന്ന് സ്പീക്കർ എ.എൻ. ഷംസീർ വ്യക്തമാക്കി. പ്രതിപക്ഷനേതാവ് വി.ഡി. സതീശനെതിരെ ഉന്നയിച്ച ആരോപണങ്ങൾ സഭാ രേഖകളിൽ നിന്ന് നീക്കി. പിന്നീട് ചോദ്യോത്തരവേള പ്രതിപക്ഷം ബഹിഷ്കരിച്ചു.

"സഭയുടെ ചരിത്രത്തിൽ ഇതുവരെയുണ്ടാകാത്ത അധിക്ഷേപ വാക്കുകളാണ് സ്പീക്കറെക്കുറിച്ച് പ്രതിപക്ഷ നേതാവ് പറഞ്ഞത്. പരസ്പര ബഹുമാനം നിലനിർത്തണം. നിലവാരമില്ലാത്ത പ്രതിപക്ഷ നേതാവാണ് താനെന്ന് അദ്ദേഹം തെളിയിച്ചു.

(ശേഷം 24-ാം പേജിൽ)

## ഇലക്ടറൽ ബോണ്ട്: പുനഃപരിശോധനാ ഹർജി സുപ്രീംകോടതി തള്ളി

ന്യൂഡൽഹി: നരേന്ദ്ര മോദി സർക്കാർ കൊണ്ടുവന്ന ഇലക്ടറൽ ബോണ്ട് പദ്ധതി ഭരണഘടനാ വിരുദ്ധമാണെന്ന വിധി പുനഃപരിശോധിക്കണം എന്നാവശ്യപ്പെട്ടുള്ള ഒരുകൂട്ടം ഹർജികൾ സുപ്രീംകോടതി തള്ളി. പുനഃപരിശോധനാ ഹർജി തുറന്ന കോടതിയിൽ പരിഗണിക്കണമെന്ന ഹർജിക്കാരുടെ ആവശ്യവും ചീഫ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡിന്റെ അധ്യക്ഷതയിലുള്ള ബെഞ്ച് നിരാകരിച്ചു. വിധിയിൽ പിഴവുകളൊന്നുമില്ലെന്നും ജസ്റ്റിസ് സഞ്ജയ് ഖന്നയും ജസ്റ്റിസ് ബി.ആർ. ഗവായിയും ജസ്റ്റിസ് ജെ.ബി. പർദിവാലയും ജസ്റ്റിസ് മനോജ് മിശ്രയും അടങ്ങുന്ന ബെഞ്ച് പറഞ്ഞു. അഡ്വ. മാത്യൂസ് ജെ. നെടുമ്പാറ ഉൾപ്പെടെ ഏതാനും പേരാണ് ഹർജികൾ സമർപ്പിച്ചത്.

(ശേഷം 24-ാം പേജിൽ)

## പതിനഞ്ചാമത് കെസിസിഎൻഎ കൺവൻഷൻ ചിത്രങ്ങളിലൂടെ




പേജ് 14, 15, 16, 17

# വീടിന് താൽക്കാലിക നമ്പറിലും ഉടമസ്ഥാവകാശം നിബന്ധനകൾക്കു വിധേയമായി കൈമാറാം

തിരുവനന്തപുരം: താൽക്കാലിക നമ്പറുള്ള (യുഎ നമ്പർ) വീടുകളുടെ ഉടമസ്ഥാവകാശം ഇനി മുതൽ നിബന്ധനകൾക്കു വിധേയമായി കൈമാറാം. ആദ്യത്തെ ഉടമയ്ക്കു യുഎ നമ്പർ നൽകിയപ്പോഴുള്ള നിബന്ധനകൾ പുതിയ ഉടമയ്ക്കും ബാധകമാകും. പട്ടികവർഗ സങ്കേതങ്ങളിൽ വളരെക്കാലമായി താമസിക്കുന്ന സ്ഥലത്തെ വീടിന് പട്ടയവും നികുതി രസീതും ഇല്ലെന്ന കാരണത്താൽ നമ്പർ നിഷേധിക്കില്ല. ഊരു ഭൂമിയാണെങ്കിൽ നമ്പറും റവന്യൂ ഭൂമിയാണെങ്കിൽ യുഎ നമ്പറും നിബന്ധനകളോടെ ലഭ്യമാക്കും. ലൈഫ് ഭവനപദ്ധതിയിലെ വീടുകൾക്ക് യുഎ നമ്പറാണ് ലഭിക്കുന്നതെങ്കിലും അവസാന ഗഡുവും ലഭിക്കും. 60 ചതുരശ്ര മീറ്ററിൽ താഴെ വിസ്തീർണമുള്ള, യുഎ നമ്പറുള്ള വീടുകളെ നികുതിയിൽനിന്ന് ഒഴിവാക്കി.

മന്ത്രി എം.ബി. രാജേഷിന്റെ നേതൃത്വത്തിൽ നടത്തിയ തദ്ദേശ അദാലത്തിൽ ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ ഇവയുൾപ്പെടെ പൊതുസ്വഭാവമുള്ള 37 വിഷയങ്ങളിൽ ചട്ടഭേദഗതിയും പൊതുനിർദേശവും സ്വീകരിക്കാൻ തദ്ദേശ വകുപ്പ് തീരുമാനിച്ചു. അദാലത്തിൽ ആകെ ലഭിച്ച 17,799 പരാതികളിൽ 16,767 എണ്ണവും തീർപ്പാക്കി.

കെട്ടിടങ്ങളിലെ എമർജൻസി എക്സിറ്റിലേക്കുള്ള യാത്രാദൂരം 30 മീറ്ററിൽനിന്ന് 45 മീറ്ററായി ഉയർത്തും. തീരദേശപരിപാലന നിയമപരിധിയിൽ, അനുമതി വാങ്ങാതെ നിർമിച്ച വീടുകൾ ക്രമവൽക്കരിക്കാൻ സമയം നീട്ടുന്നതിന് കേരള കോസ്റ്റൽ മാനേജ്മെന്റ് അതോറിറ്റിയോട് ശിപാർശ ചെയ്തു. കെട്ടിടനിർമാണ ചട്ടം നിലവിൽ വരുന്നതിനു മുൻപ് നിർമിച്ച നോൺ റസിഡൻഷ്യൽ കെട്ടിടങ്ങളിലെ വ്യാപാര സ്ഥാപനങ്ങൾക്ക് ഒക്യുപൻസി ചേഞ്ച് നിർബന്ധമാക്കാതെ ലൈസൻസ് തുടർന്നും നൽകും.


കെട്ടിടനിർമാണ പെർമിറ്റ് എടുത്തശേഷം നിർമാണം ഉപേക്ഷിച്ചാൽ, ഈടാക്കിയ അധിക എഫ്എആർ ഫീസ് തിരിച്ചു നൽകും. അധിക എഫ്എആർ ഫീസ് അടച്ച് പെർമിറ്റ് എടുത്ത് നിർമാണം പൂർത്തിയാക്കിയശേഷം കെട്ടിടം നിശ്ചിത എഫ്എആർ പരിധിയിലാണെങ്കിലും ഒടുക്കിയ അധിക ഫീസ് തിരിച്ചു നൽകും.

ഫീസ് വാങ്ങാതെ സൗജന്യമായി പ്രവർത്തിക്കുന്ന സ്പെഷൽ സ്കൂളുകൾ, വൃദ്ധസദനങ്ങൾ, അഗതി മന്ദിരങ്ങൾ എന്നിവയ്ക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാനുള്ള സൂപ്പർവിഷൻ ചാർജ് ഒഴിവാക്കും. തെറ്റായി നൽകിയ പെർമിറ്റ് പ്രകാരം വീട് നിർമിക്കുകയും ഒക്യുപൻസി സമയത്ത് ചട്ടലംഘനം ചൂണ്ടിക്കാട്ടുകയും ചെയ്യുന്ന കേസുകളിൽ ഒക്യുപൻസി അനുവദിക്കാൻ പൊതുസമീപനം സ്വീകരിക്കും. തെറ്റായി പെർമിറ്റ് നൽകിയ ഉദ്യോഗസ്ഥർക്കും രേഖകൾ തയാറാക്കിയ ലൈസൻസിക്കുമെതിരെ നടപടിയെടുക്കും.

വീഡിയോ കോൺഫറൻസിലൂടെ വിവാഹ രജിസ്ട്രാർക്കു മുൻപിൽ ഹാജരാകാനുള്ള സൗകര്യം എല്ലാവർക്കും ലഭ്യമാക്കും. ഗസറ്റിൽ പേര് മാറ്റിയാൽ വിവാഹ രജിസ്റ്ററിലെയും സർട്ടിഫിക്കറ്റിലെയും പേര് തിരുത്താം. സെറിബ്രൽ പാൾസി ബാധിച്ച കുട്ടികൾക്ക് സ്കൂളിൽ പോകുമ്പോൾ ഡയപ്പർ വാങ്ങാൻ, കുടുംബത്തിന്റെ സാമ്പത്തിക സ്ഥിതി പരിഗണിക്കാതെ സഹായം ലഭ്യമാക്കും. 80 ചതുരശ്ര മീറ്റർ വരെയുള്ള സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന വീടുകൾക്ക് 2024–25 വരെയുള്ള വസ്തു നികുതി പിഴപ്പലിശ ഒഴിവാക്കും. എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും വസ്തു നികുതി, വാടക തുടങ്ങിയവയ്ക്ക് കൂട്ടുപലിശ ഒഴിവാക്കി ക്രമപ്പലിശ മാത്രം ഈടാക്കും.

കെട്ടിടനിർമാണ നിബന്ധനകളെല്ലാം പാലിച്ചിട്ടുണ്ടെങ്കിൽ പ്ലോട്ട് ഏരിയയിൽ കുറവോ കൂടുതലോ വന്നു എന്ന കാരണത്താൽമാത്രം പെർമിറ്റ് റദ്ദാക്കില്ല. താമസ ആവശ്യത്തിനുള്ള വീട് നിർമിക്കാൻ പെർമിറ്റിനും നമ്പറിനും ദേശീയപാത സർവീസ് റോഡിൽനിന്ന് ആക്സസ് പെർമിഷൻ നിർബന്ധമല്ല. റോഡ് വീതികൂട്ടലിന്റെ ഭാഗികമായി പൊളിച്ചുനീക്കിയ കെട്ടിടങ്ങളുടെ ശേഷിക്കുന്ന ഭാഗം, വിസ്തൃതിയും നിലകളുടെ എണ്ണവും അധികരിക്കാതെ ബലപ്പെടുത്താൻ തദ്ദേശ സ്ഥാപന സെക്രട്ടറിക്ക് അനുമതി നൽകാം. സൗജന്യമായി ഭൂമി വിട്ടുനൽകാത്തവർക്കും ഇളവു ലഭിക്കും. ചട്ടങ്ങൾക്കു വിധേയമായി, വീടിനു മുന്നിൽ വശങ്ങൾ തുറന്ന നിലയിൽ ഷീറ്റ് ഇടുന്നത് പ്രത്യേക നിർമിതിയായി കണക്കാക്കില്ല. ഷീറ്റ് ഇടുന്ന ഭാഗത്ത് തറ നിർമിക്കരുത്. ലൈഫ് ഭവനപദ്ധതിയിൽ നിർമാണത്തിലിരിക്കെ, പുനർനിർമിക്കാനാകാത്തവിധം പ്രകൃതി ദുരന്തത്തിൽ വീടു തകർന്നാൽ തിരിച്ചടവിൽ നിബന്ധനകളോടെ ഇളവ് അനുവദിക്കും.

## എം. രാമചന്ദ്രൻ അന്തരിച്ചു



തിരുവനന്തപുരം: വാർത്തകൾ അറിയുന്നതിനായി മലയാളികൾ റേഡിയോയെ ആശ്രയിച്ചിരുന്ന കാലത്ത് വാർത്താ വായനയിൽ പുതിയ ശൈലി കൊണ്ടുവന്ന പ്രതിഭാശാലിയായ മുൻ വാർത്താവതാരകൻ എം. രാമചന്ദ്രൻ (91) അന്തരിച്ചു. 'ആകാശവാണി വാർത്തകൾ വായിക്കുന്നത് രാമചന്ദ്രൻ' എന്ന ലളിതസുന്ദര ശബ്ദത്തിൽ ആരംഭിച്ച് അല്പം നാടകീയതയോടെ വാർത്താബുള്ളറ്റിനുകൾ അവതരിപ്പിച്ചിരുന്ന അദ്ദേഹത്തിന്റെ ശൈലി ശ്രോതാക്കളുടെ പ്രീതി പിടിച്ചുപറ്റി.

വാർത്താ ബുള്ളറ്റിനുകൾക്കു പുറമെ ലോകമെമ്പാടുമുള്ള കൗതുകകരമായ സംഭവങ്ങളെയും വ്യക്തികളെയും സ്ഥലങ്ങളെയും കുറിച്ചുള്ള പ്രത്യേക ബുള്ളറ്റിനായ കൗതുകവാർത്തകളും അദ്ദേഹം അവതരിപ്പിച്ചു. കൗതുക വാർത്തകളും വൃത്താന്തവും വാർത്താതരംഗിണിയും ഉൾപ്പെടെ അദ്ദേഹത്തിന്റെ ആശയത്തിൽ പിറവികൊണ്ട വാർത്താധിഷ്ഠിത പരിപാടികൾക്കായി മലയാളികൾ കാതോർത്തിരുന്നു.

കേരള സർവകലാശാലയിൽ വിദ്യാർത്ഥിയായിരിക്കെ കോളജിൽ നടത്തിയ വാർത്താ വായന മത്സരത്തിൽ പങ്കെടുത്തുകൊണ്ടാണ് അദ്ദേഹം വാർത്തകളുടെ ലോകത്തേക്ക് ചുവടുവെച്ചത്. ഇലക്ട്രിസിറ്റി ബോർഡിലെ സേവനത്തിനു ശേഷമാണ് രാമചന്ദ്രൻ ആകാശവാണിയിൽ ചേർന്നത്. ഡൽഹി യൂണനിറ്റിൽ റേഡിയോജീവിതം ആരംഭിച്ച രാമചന്ദ്രൻ പിന്നീട് കോഴിക്കോടും അതിനു ശേഷം തിരുവനന്തപുരം നിലയത്തിലും പ്രവർത്തിച്ചു. ആകാശവാണിയിൽ നിന്ന് വിരമിച്ചശേഷം മിഡിൽ ഈസ്റ്റിലെ ചില എഫ്എം സ്റ്റേഷനുകളിലും അദ്ദേഹം ജോലി ചെയ്തു. ഭാര്യ: പരേതയായ വിജയലക്ഷ്മി. മക്കൾ: ദീപ, ജയദീപ്.

## മഞ്ചേശ്വരം തെരഞ്ഞെടുപ്പ് കോഴക്കേസ് പ്രതികളെ കുറ്റവിമുക്തരാക്കി

കാസർഗോഡ്: മഞ്ചേശ്വരം തെരഞ്ഞെടുപ്പ് കോഴക്കേസിൽ ബിജെപി സംസ്ഥാന പ്രസിഡണ്ട് കെ. സുരേന്ദ്രൻ ഉൾപ്പെടെ മുഴുവൻ പ്രതികളെയും ജില്ലാ പ്രിൻസിപ്പൽ സെഷൻസ് കോടതി കുറ്റവിമുക്തരാക്കി.

മഞ്ചേശ്വരം കോഴക്കേസ് റദ്ദാക്കണമെന്ന് ആവശ്യപ്പെട്ട് പ്രതിഭാഗം കോടതിയിൽ നല്കിയ ഹർജിയിൽ നേരത്തെ വാദം പൂർത്തിയായിരുന്നു. നേരിട്ട് ഹാജരാകണമെന്ന് കോടതി നിർദേശിച്ചതിനാൽ കെ. സുരേന്ദ്രൻ ഉൾപ്പെടെ എല്ലാ പ്രതികളും ഹാജരായിരുന്നു. നടപടിക്രമങ്ങളിലെ പാളിച്ചകളാണ് കേസിന് തിരിച്ചടിയായത്.

പട്ടികജാതിക്കാർക്കെതിരേയുള്ള കുറ്റകൃത്യം അന്വേഷിക്കേണ്ടത് എസ്എംഎസ് ഡിവൈഎസ്പിയാണെന്നും ഇവിടെ അതു പാലിച്ചില്ലെന്നും പ്രതിഭാഗം ചൂണ്ടിക്കാട്ടിയത് കോടതി അംഗീകരിക്കുകയായിരുന്നു. ക്രൈംബ്രാഞ്ചാണ് അന്വേഷണം നടത്തിയത്.

2021–ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ മഞ്ചേശ്വരത്ത് ബിഎസ്പി സ്ഥാനാർത്ഥിയായിരുന്ന കെ. സുന്ദരയെ ഭീഷണിപ്പെടുത്തിയും സ്വാധീനിച്ചും നാമനിർദേശ പത്രിക പിൻവലിപ്പിച്ചതായാണ് കുറ്റപത്രത്തിൽ വ്യക്തമാക്കിയിരുന്നത്. സുന്ദരയെ തട്ടിക്കൊണ്ടുപോയി ഭീഷണിപ്പെടുത്തിയ ശേഷം 2.5 ലക്ഷം രൂപയും മൊബൈൽഫോണും കോഴ നല്കി നാമനിർദേശപത്രിക പിൻവലിപ്പിച്ചു എന്നായിരുന്നു കേസ്. മഞ്ചേശ്വരത്ത് മത്സരിച്ച എൽഡിഎഫ് സ്ഥാനാർത്ഥി വി.വി. രമേശനാണ് കോടതിയെ സമീപിച്ചത്.

## ജമ്മുകശ്മീർ: നാമനിർദേശനീക്കം വിവാദമാകുന്നു

ന്യൂഡൽഹി: ജമ്മുകശ്മീർ നിയമസഭ തെരഞ്ഞെടുപ്പിന്റെ വോട്ടെണ്ണലിനു മുന്നേ അഞ്ച് അംഗങ്ങളെ നാമനിർദേശം ചെയ്യാനുള്ള ലഫ്റ്റനന്റ് ഗവർണറുടെ നീക്കം പുതിയ രാഷ്ട്രീയ വിവാദത്തിനു തിരികൊളുത്തി.

നാമനിർദേശം ചെയ്യപ്പെടുന്നവർക്ക് സഭയിൽ വോട്ടവകാശം കൂടി അനുവദിച്ച് ജനാധിപത്യ പ്രക്രിയ അട്ടിമറിക്കാനുള്ള നീക്കമാണ് ലഫ്.ഗവർണർ നടത്തുന്നതെന്ന് ഇന്ത്യാസഖ്യവും പിഡിപിയും ആരോപിച്ചു. ആവശ്യമെങ്കിൽ നിയമനടപടി സ്വീകരിക്കാനും കോൺഗ്രസ് ഉൾപ്പെടെയുള്ള പാർട്ടികൾ ആലോചിക്കുന്നു. ബിജെപിയും ലഫ്. ഗവർണറുടെ ഓഫീസും പ്രതികരിച്ചിട്ടില്ല.

നിയമസഭയിലേക്കുള്ള വനിതാപ്രാതിനിധ്യം പര്യാപ്തമല്ലെന്നു തോന്നിയാൽ രണ്ട് അംഗങ്ങളെ ലഫ്. ഗവർണർക്ക് നാമനിർദേശം ചെയ്യാമെന്ന് ജമ്മുകശ്മീരിനെ കേന്ദ്രഭരണ പ്രദേശമാക്കിക്കൊണ്ടുള്ള 2019–ലെ പുനഃസംഘടനാ നിയമത്തിൽ വ്യക്തമാക്കിയിരുന്നു.

കഴിഞ്ഞവർഷം ജൂലൈയിൽ കൊണ്ടുവന്ന ഭേദഗതിയിലൂടെ ഇതിനൊപ്പം മൂന്ന് അംഗങ്ങളെക്കൂടി നാമനിർദേശം ചെയ്യാൻ സാഹചര്യമൊരുക്കി.

ഒരു സ്ത്രീ ഉൾപ്പെടെ രണ്ട് കശ്മീരി പണ്ഡിറ്റുകൾ, പാക് അധിനിവേശ കശ്മീരിൽ നിന്ന് പലായനം ചെയ്തവരിൽ നിന്ന് ഒരാൾ എന്നിങ്ങനെ മൂന്നു പേർ എന്നതാണ് വ്യവസ്ഥ. ഫലത്തിൽ ജനങ്ങൾ തെരഞ്ഞെടുക്കുന്ന 90 എംഎൽഎമാർക്കു പുറമേ കേന്ദ്ര താല്പര്യപ്രകാരം അഞ്ചുപേർ കൂടി നിയമസഭയിലേക്ക് അധികമായെത്തും.

വിവാദത്തിൽ തന്ത്രപരമായ മൗനമാണ് കേന്ദ്രം പാലിക്കുന്നതെങ്കിലും പുതുച്ചേരി മാതൃക പിന്തുടർന്നാൽ നാമനിർദേശം ചെയ്യപ്പെടുന്നവർക്കും വോട്ടവകാശം ലഭിക്കുമെന്ന ആശങ്കയാണ് പ്രതിപക്ഷം ഉയർത്തുന്നത്.


കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXII
Number 41
October 11, 2024

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Cir2culation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara

KERALA EXPRESS (USPS 011-008)
is published Weekly for $54.00 per year
by Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

**Periodicals Postage Paid Chicago, Illinois and additional mailing offices**

**POST MASTER:**
Send Address Changes to
Kerala Express, Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.




DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.



**മഹദ്‌വചനം**

ഞാൻ ഒരു പടയാളിയാണ്. സമാധാനത്തിന്റെ പടയാളി.
**ഗാന്ധിജി**

ആർദ്രതയില്ലാത്ത ഭവനങ്ങളിലാണ് എൺപതു ശതമാനം കുറ്റവാളികളുടെയും പിറവി.
**ആൻഡേഴ്സൺ**


MEDICARE PLANS
QUESTIONS ANSWERED
• ZERO $ PPO PREMIUM
• PRESCRIPTION DRUG BENEFIT
• DENTAL, VISION & HEARING
• WORLD WIDE COVERAGE
• FREE GYM MEMBERSHIP
• SUPPLEMENT BENEFITS
CONTACT
Raj Surendran, MBA
Senior Medicare Specialist
708-945-3985
www.questwealthgroup.com
rsurendran007@gmail.com


THE PREMIER GASOLINE DISTRIBUTION COMPANY
Gas DEPOT
We Fuel Your Growth
MARATHON
VALERO
CITGO
www.gasdepot.com


Steve Crifase
LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™
Trusted Representation
Achieves Aggressive Financial Results
★Over $ 50M Recovered and Collected For Our Clients
★Top AV Peer Review Rated Since 1991 For Pre-eminent Legal Ability and Professional Ethics
★Free Confidential Consultation On All Matters Home Visits Available
★Personal Injuries-Wrongful Death - Work Injuries
Your call is Always Welcome
Crifase Law Firm
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, IL 60603
312-855-0511
Serious Lawyers For Serious Cases
Call Today To See What Your Case Is Really Worth
Recent Financial Recoveries
For Our Clients And Their Families
$1,500,000.00 Jury Verdict Car Crash Neck Injury
$5,000,000.00 Car Crash – Brain Injury
$700,000.00 Medical Malpractice Stillborn Baby
$1,500,000.00 Wrongful Death – Car Crash
$750,000.00 Medical Malpractice – Fetal Injury
$600,000.00 Medical Malpractice – Fetal Injury
$200,000.00 Work Injury – Shoulder Surgery
$149,000.00 Slip and Fall – Knee Injury
$239,000.00 Work Injury – Shoulder Surgery
$190,000.00 Car Crash – Back Injury
$338,000.00 Work Injury – Shoulder/Wrist Surgery
We Want A Long Term Relationship With You
Steve Crifase
http://www.crifaselaw.com/
Steve@CrifaseLaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago IL 60603
Phone: (312) 855-0511
Fax: (312) 855- 0537
Fee Discounts Available To Malayalee Clients On Specific Cases
BBB A+ Rating Better Business Bureau
AV PREEMINENT Peer Rated for Highest Level of Professional Excellence 2018

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# മോൺ. ജോർജ് കൂവക്കാട്ട്; വിശുദ്ധിയാർന്ന ജീവിതം

**റവ. ഡോ. ജോസഫ് പാറയ്ക്കൽ**

**മോ**ൺ. ജോർജ് കൂവക്കാട്ട് ശാന്തനും സൗമ്യനുമായ വൈദികനാണ്. അദ്ദേഹത്തെ ആദ്യമായി പരിചയപ്പെടുന്നത് 1996-ൽ വൈദികപരിശീലനത്തിനായി കുറിച്ചിയിലുള്ള മൈനർ സെമിനാരിയിൽ പ്രവേശിപ്പിച്ചപ്പോഴാണ്.

കുറിച്ചി മൈനർ സെമിനാരിയിൽ ഞങ്ങളുടെ പ്രീഫെക്ട് ആയിരുന്നു കൂവക്കാട്ട് ശെമ്മാശൻ. ചങ്ങനാശേരി എസ്ബി കോളജിലെ പഠനത്തിനുശേഷം 1995-ലാണ് സഹപാഠിയും സ്നേഹിതനുമായ ഡൊമിനിക് മുരിയങ്കാവുങ്കൽ ശെമ്മാശനോടൊപ്പം ജോർജ് കുവക്കാട്ട് ശെമ്മാശൻ മൈനർ സെമിനാരിയിൽ വൈദികപഠനത്തിനായി പ്രവേശിച്ചത്. അനിതരസാധാരണമായ പക്വതയും വിവേകവും വിശുദ്ധിയും കൂവക്കാട്ട് ശെമ്മാശനെ വ്യതിരിക്തനാക്കിയിരുന്നു. കത്തോലിക്കാ സഭയിലെ പ്രായം കുറഞ്ഞ കർദിനാൾമാരിൽ ഒരാളായിരിക്കും മോൺ. ജോർജ് കൂവക്കാട്ട്. ഇനിയും ഏറെദൂരം യാത്ര ചെയ്യാനുണ്ട് അദ്ദേഹത്തിന്.

ആലുവ സെമിനാരിയിൽനിന്നു തത്വശാസ്ത്ര പഠനം പൂർത്തിയാക്കിയ അദ്ദേഹത്തെ 1999-ൽ പവ്വത്തിൽ പിതാവ് ഉപരിപഠനത്തിനായി റോമിലേക്ക് അയച്ചു. കോച്ചേരി പിതാവിനുശേഷം വളരെ വർഷങ്ങൾക്കിപ്പുറം റോമിൽ ദൈവശാസ്ത്ര പഠനത്തിനായി പോയത് കൂവക്കാട്ട് ശെമ്മാശനാണ്.

റോമിൽ എല്ലാവർക്കും സംലഭ്യനായ അദ്ദേഹം ചങ്ങനാശേരി രൂപതാംഗങ്ങൾക്കു മാത്രമല്ല, എല്ലാവർക്കും ഏറെ പ്രിയപ്പെട്ടവനായിരുന്നു. ജോർജ് കൂവക്കാട്ടച്ചനും റോബി ആലഞ്ചേരിയച്ചനും ശേഷം 2004-ൽ അവർ താമസിച്ചിരുന്ന സേദസ് സപ്പിയൻസെ സെമിനാരിയിൽ ഞാനും ദൈവശാസ്ത്ര പഠനത്തിനായെത്തി. ഏറെ സ്നേഹവും കരുതലുമുള്ള കൂവക്കാട്ടച്ചനെ അന്നുമുതൽ അടുത്തറിയാനും സൗഹൃദം പങ്കുവെക്കാനും കഴിഞ്ഞു. റോമിലെ സാന്താ ക്രോച്ചെ യൂണിവേഴ്സിറ്റിയിൽനിന്നു ദൈവശാസ്ത്രത്തിൽ ബിരുദവും കാനൻ നിയമത്തിൽ ഡോക്ടറേറ്റും അദ്ദേഹം സ്വന്തമാക്കി. സെമിനാരിക്കാരെല്ലാം അദ്ദേഹത്തെ സ്നേഹപൂർവം ജോർജ് ചേട്ടൻ എന്നാണ് വിളിച്ചിരുന്നത്.

മാർ ജോസഫ് പവ്വത്തിൽ പിതാവുമായി ഊഷ്മളമായ ബന്ധം കൂവക്കാട്ടച്ചൻ സൂക്ഷിച്ചിരുന്നു. അച്ചന്റെ യാത്രയിൽ പിതാവ് എന്നും മാർഗദർശിയായിരുന്നു. പിതാവിന്റെ ദീർഘ വീക്ഷണവും അനുഗ്രഹവുമാണ് അദ്ദേഹത്തിന്റെ ഡിപ്ലോമാറ്റിക് സർവീസിലുള്ള പ്രവേശനം. കോച്ചേരി പിതാവിന്റെ പിൻഗാമിയായി 2006-ലാണ് കൂവക്കാട്ടച്ചൻ ഡിപ്ലോമാറ്റിക് സർവീസിൽ പ്രവേശിച്ചത്. സഭാ ദർശനങ്ങളിലും ബോധ്യങ്ങളിലും പവ്വത്തിൽ പിതാവായിരുന്നു അച്ചന്റെ മാതൃക.



മറ്റുള്ളവരെ സഹായിക്കുന്നതിൽ കൂവക്കാട്ടച്ചൻ എന്നും മുൻപന്തിയിലായിരുന്നു. വിഷമത്തോടെ എത്തുന്ന ആരെയും അച്ചൻ വെറുംകൈയോടെ പറഞ്ഞയച്ചിരുന്നില്ല. കോച്ചേരി പിതാവായിരുന്നു അക്കാര്യത്തിൽ അച്ചന്റെ മാതൃക. ചങ്ങനാശേരിക്കാരായ ബ്രദേഴ്സിനും അച്ചന്മാർക്കും പഠനത്തിനായി സ്കോളർഷിപ്പ് കണ്ടെത്തുന്നതിനും അച്ചൻ മുൻകൈ എടുത്തിരുന്നു.

ഉയരങ്ങളിലെത്തുംതോറും കൂടുതൽ വിനയാന്വിതനാകുന്ന കൂവക്കാട്ടച്ചനെയാണ് നമ്മൾ കണ്ടെത്തുന്നത്. ഇരുപത്തിയഞ്ച് വർഷങ്ങളായി വിദേശത്താണെങ്കിലും ചങ്ങനാശേരി വൈദിക കൂട്ടായ്മയുമായി നല്ല ബന്ധം അച്ചൻ കാത്തുസൂക്ഷിക്കുന്നു. അനൗചിത്യമുള്ള ഒരു വാക്കുപോലും അച്ചനിൽനിന്നു വരാറില്ല.

# ജയിൽചട്ടം പരിഷ്കരിച്ച് പരമോന്നത കോടതി

രാഷ്ട്രത്തിന്റെ കണ്ണിൽ എല്ലാ പൗരരും സമരാണ്. തടവറയിലടയ്ക്കപ്പെട്ട കുറ്റവാളികൾപോലും പൗരത്വത്തിന് അയോഗ്യരാകുന്നില്ല എന്നോർക്കണം. ആ നിലയ്ക്ക് അവരും ഈ സമൂഹത്തിലെ മനുഷ്യരാണ്. തടവറകൾ അഭിശപ്തരുടെയും പരിത്യക്തരുടെയും ഇരുൾപ്പാളയമല്ല; വിശേഷിച്ച്, ഇന്ത്യപോലൊരു ജനാധിപത്യരാജ്യത്ത്. ഭരണഘടന ഉറപ്പുനൽകുന്ന, വിവേചനത്തിൽനിന്നുള്ള സംരക്ഷണത്തിന് തടവുപുള്ളികളും സർവഥാ അർഹരാണ്.

ജയിലുകളിൽ ദീർഘകാലമായി നിലനിന്നിരുന്ന ജാതിവിവേചനത്തിനു തടയിട്ടുകൊണ്ടാണ് സുപ്രീംകോടതിയുടെ ഉത്തരവ്. ജാതിവിവേചനം നിലനിൽക്കുന്ന എല്ലാ വകുപ്പുകളും നീക്കം ചെയ്യണമെന്നും ജയിൽ ചട്ടങ്ങൾ മൂന്നു മാസത്തിനകം പരിഷ്കരിക്കണമെന്നും സംസ്ഥാനങ്ങളോടും കേന്ദ്രഭരണപ്രദേശങ്ങളോടും സുപ്രീംകോടതി ഉത്തരവിട്ടു. ജയിലുകളിലെ ജാതിവിവേചനം ചൂണ്ടിക്കാട്ടിയുള്ള പൊതുതാത്പര്യ ഹർജി പരിഗണിച്ച് ചീഫ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡ് അധ്യക്ഷനായ ബെഞ്ചാണ് ഉത്തരവിട്ടത്.

ഉത്തർപ്രദേശ്, കേരളം, പശ്ചിമബംഗാൾ തുടങ്ങി പത്തിലധികം സംസ്ഥാനങ്ങളിൽ ജാതി അടിസ്ഥാനത്തിൽ തൊഴിൽ നൽകണമെന്ന വ്യവസ്ഥ ജയിൽ ചട്ടങ്ങളിൽ നിലനിൽക്കുന്നുണ്ടെന്നു ചൂണ്ടിക്കാട്ടി മാധ്യമപ്രവർത്തക സുകന്യ ശാന്തയാണു ഹർജി നൽകിയത്. പിന്നാക്ക ജാതിക്കാർക്ക് ശുചീരണജോലികളും ഉയർന്ന ജാതിയിൽപ്പെട്ടവർക്കു പാചകം പോലെയുള്ള ജോലികളും ജയിലുകളിൽ നൽകുന്നത് ജാതിവിവേചനവും ആർട്ടിക്കിൾ 15-ന്റെ ലംഘനവുമാണെന്ന് കോടതി വ്യക്തമാക്കി. ജയിലുകളിൽ ജാതി വിവേചനം തുടരുകയാണെങ്കിൽ അതത് സംസ്ഥാനങ്ങളെ ഉത്തരവാദികളായി കണക്കാക്കുമെന്ന് കോടതി ഉത്തരവിൽ പറഞ്ഞു.

ജയിൽ രജിസ്റ്ററിലെ ജാതിക്കോളം നിർബന്ധമായും ഒഴിവാക്കണമെന്ന് ഉത്തരവിൽ പറയുന്നു. ജാതിയടിസ്ഥാനത്തിൽ തടവുകാർക്ക് ജോലി വിഭജിച്ചു നൽകുന്നത് വിവേചനപരവും ഭരണഘടനാവിരുദ്ധവുമാണെന്ന് സുപ്രീംകോടതി പറഞ്ഞു. തടവുകാരോട് അന്തസില്ലാതെ പെരുമാറുന്നത് കൊളോണിയൽ പാരമ്പര്യമാണെന്നും അതു നിർത്തലാക്കേണ്ടതാണെന്നും കോടതി നിരീക്ഷിച്ചു. ജയിലുകളിൽ തുടരുന്ന ജാതിവിവേചനം തടയാൻ മാർഗനിർദേശങ്ങളും കോടതി പുറത്തിറക്കി.

ഇന്ത്യയിലെ ജയിലുകളിൽ തടവുകാർക്ക് ജാതിയുടെ അടിസ്ഥാനത്തിൽ ജോലികൾ വിഭജിച്ചുനൽകുന്നത് അനുവദിക്കാനാകില്ലെന്നാണ് ചീഫ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡിന്റെ അധ്യക്ഷതയിലുള്ള ഡിവിഷൻ ബെഞ്ച് വ്യക്തമാക്കിയത്. അത്തരം ജോലി വിഭജനം ഒരുതരം തൊട്ടുകൂടായ്മതന്നെയാണെന്ന് കോടതി അസന്ദിഗ്ധമായി പ്രഖ്യാപിച്ചു. ഭരണഘടനയുടെ 14, 15, 17, 21, 23 വകുപ്പുകൾ ഉറപ്പുനൽകുന്ന അവകാശങ്ങളുടെ ലംഘനമാണ് അതെന്നും ജസ്റ്റിസുമാരായ ജെ.ബി. പർദിവാലയും മനോജ് മിശ്രയുംകൂടിയുൾപ്പെട്ട ബെഞ്ച് വ്യക്തമാക്കി. ജയിൽ രജിസ്റ്ററുകളിൽ തടവുകാരുടെ ജാതി രേഖപ്പെടുത്തുന്നതിന് പ്രത്യേക കള്ളി ഇനി പാടില്ലെന്നും ഉത്തരവിട്ടു. ജാതിയുടെ അടിസ്ഥാനത്തിൽ ജോലിവിഭജനത്തിന് വഴിയൊരുക്കുന്ന, വിവിധ സംസ്ഥാനങ്ങളിലെ ജയിൽ മാന്വലുകളിലെ ചട്ടങ്ങൾ അസാധുവാക്കുകയും ചെയ്തു.

പാർശ്വവത്കൃത ജാതികളിൽപ്പെട്ട തടവുകാരെക്കൊണ്ട് അടിച്ചുവാരലും വൃത്തിയാക്കലും പോലുള്ള ജോലികൾ ചെയ്യിക്കുകയും മേൽജാതിക്കാരെ പാചകംപോലുള്ളവ ഏൽപ്പിക്കുകയുംചെയ്യുന്ന രീതി ചില സംസ്ഥാനങ്ങളിലെ ജയിലുകളിലുണ്ടെന്നു നിരീക്ഷിച്ച കോടതി, അത് ഭരണഘടനയുടെ പതിനഞ്ചാംവകുപ്പിന്റെ ലംഘനമാണെന്നു വ്യക്തമാക്കി. മതം, ജാതി, വംശം, ലിംഗ പദവി, ജനനസ്ഥലം എന്നിവയുടെ അടിസ്ഥാനത്തിൽ പൗരരോടു വിവേചനംകാട്ടുന്നതു വിലക്കുന്നതാണ് പതിനഞ്ചാം വകുപ്പ്. "തടവുകാരെ ജാതിയുടെ അടിസ്ഥാനത്തിൽ വേർതിരിക്കുന്നത് ജാതിവിവേചനത്തെ ശക്തിപ്പെടുത്തും. തടവുകാരുടെ അന്തസ്സിനെ മാനിക്കാതിരിക്കുന്നത് കൊളോണിയൽ സമ്പ്രദായത്തിന്റെ ശേഷിപ്പാണ്. തടവുകാർക്കും അന്തസ്സിനുള്ള അവകാശമുണ്ട്. അവരോട് മനുഷ്യത്വത്തോടെയും ക്രൂരതകൂടാതെയും പെരുമാറണം. ജയിൽസംവിധാനം തടവുകാരുടെ ശാരീരിക-മാനസിക ആരോഗ്യത്തോടെ പരിഗണനകാട്ടണം" - സുപ്രീംകോടതി നിഷ്കർഷിച്ചു.

'പതിവുകുറ്റവാളികൾ' എന്നപേരിൽ ചില തടവുകാരോട് വേർതിരിവുകാണിക്കുന്നതും വിലക്കി. കേരളമടക്കമുള്ള സംസ്ഥാനങ്ങളുടെ ജയിൽ മാന്വലിലുള്ള ഇതു സംബന്ധിച്ച വ്യവസ്ഥ പരിഷ്കരിക്കാൻ സുപ്രീംകോടതി നിർദേശം നൽകി. ചില ഗോത്രങ്ങളെ 'പതിവുകുറ്റവാളി'കളെന്നു ജയിൽരേഖകളിൽ വിശേഷിപ്പിക്കുന്നതിനെ ഭരണഘടനാവിരുദ്ധമെന്നും വിധിച്ചു.

കാലാനുസൃതവും മനുഷ്യത്വപരവുമായ വിധിയാണ് സുപ്രീംകോടതി പുറപ്പെടുവിച്ചിരിക്കുന്നത്. ഇന്ത്യയിലെ ചട്ടങ്ങളും വ്യവസ്ഥകളുമൊക്കെ പൂർണതോതിൽ മനുഷ്യപക്ഷമാകാൻ ഇനിയുമേറെദൂരം പോകേണ്ടതുണ്ടെന്ന ഓർമ്മപ്പെടുത്തൽകൂടിയാണ് അത്. അത്തരം പൊളിച്ചെഴുത്തിന് നീതിപീഠത്തിന്റെ സക്രിയമായ ഇടപെടലും ജാഗ്രതയും എപ്പോഴും ആവശ്യമാണ്.

# ബധിരരും മൂകരും എന്ന പ്രയോഗം വേണ്ട: ഹൈക്കോടതി

കൊച്ചി: കേൾവിക്ക് ബുദ്ധിമുട്ടുള്ളവർ എന്നേ പറയാവൂവെന്നും 'ബധിരരും മൂകരും' (ഡഫ് ആൻഡ് ഡംബ്) പോലുള്ള പ്രയോഗം തെറ്റാണെന്നും ഹൈക്കോടതി വ്യക്തമാക്കി. ഡഫ് ആൻഡ് ഡംബ് വിശേഷണം മധ്യകാല കാലഘട്ടത്തിന്റെ ശേഷിപ്പാണെന്നും അവ സാങ്കേതികമായും ധാർമ്മികമായും തെറ്റാണെന്നും ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ, ജസ്റ്റിസ് എം.ബി. സ്നേഹലത എന്നിവരുൾപ്പെട്ട ഡിവിഷൻ ബെഞ്ച് പറഞ്ഞു. ഒരു ഹർജിയിൽ 'ബധിരരും മൂകരുമാണ്' എതിർകക്ഷി എന്നു പ്രയോഗിച്ചത് തിരുത്തിയ കോടതി കേൾവി പരിമിതർ എന്ന വാക്കും ഉചിതമല്ലെന്നു വ്യക്തമാക്കി.

ശാസ്ത്രം ഏറെ സഹായ ഉപകരണങ്ങൾ വികസിപ്പിച്ചെങ്കിലും കേൾവിക്കു ബുദ്ധിമുട്ടുള്ളവർ ഏറെ പ്രശ്നങ്ങൾ നേരിടുന്നുവെന്ന് കോടതി പറഞ്ഞു. സംസാരശേഷിയുമായി ബുദ്ധിയെ ബന്ധിപ്പിക്കുന്ന പതിവുമൂലം കേൾവിക്കു ബുദ്ധിമുട്ടുള്ളവരെ ഗ്രഹണശേഷിയില്ലാത്തവരായിപ്പോലും മുൻപ് കരുതിയിരുന്നു. വിദ്യാഭ്യാസം ഉൾപ്പെടെയുള്ള അവകാശങ്ങൾ അവർക്കു നിഷേധിക്കപ്പെട്ടു. പിന്നീട് അതിനു മാറ്റമുണ്ടാവുകയും മുദ്രകളിലൂടെ സംസാരിക്കാൻ കഴിയുന്ന സ്ഥിതിയിലേക്ക് മാറുകയും ചെയ്തു. എന്നാലും കേൾവിക്കു ബുദ്ധിമുട്ടു നേരിടുന്നവർ ഇപ്പോഴും സമൂഹത്തിൽ ഒറ്റപ്പെടൽ നേരിടുന്നുണ്ട്.

സാധാരണ ബുദ്ധിയുള്ള, കൃത്യമായി കാര്യങ്ങൾ ഗ്രഹിക്കാനുള്ള ശേഷിയുള്ള സംസാരശേഷിയില്ലാത്തവരെക്കാൾ കൂടുതൽ അവസരങ്ങൾ സംസാരിക്കാൻ സാധിക്കുന്നവർക്കു ലഭിക്കാറുണ്ടെന്നും കോടതി ചൂണ്ടിക്കാട്ടി.

# ഷാഗോസ് ദ്വീപുകൾ മൊറീഷ്യസിന്

ലണ്ടൻ: ഇന്ത്യൻ സമുദ്രത്തിൽ ബ്രിട്ടന്റെ കൈവശമായിരുന്ന ഷാഗോസ് ദ്വീപുകൾ മൊറീഷ്യസിനു വിട്ടു നല്കാൻ ഉടമ്പടിയായി. പതിറ്റാണ്ടുകളായി തുടരുന്ന തർക്കത്തിനാണ് ഇതോടെ അവസാനമായത്. തീരുമാനത്തിന് യുഎസിന്റെയും ഇന്ത്യയുടെയും പിന്തുണയുണ്ടെന്ന് ബ്രിട്ടീഷ്-മൊറീഷ്യസ് പ്രതിനിധികൾ അറിയിച്ചു. ഈ ഉടമ്പടിയോടെ മൊറീഷ്യസിന്റെ കോളനികാലം പൂർണമായി ഒഴിഞ്ഞെന്ന് പ്രധാനമന്ത്രി പ്രവിന്ദ് ജുഗ്നാഥ് പറഞ്ഞു.

ഏകദേശം 60 ദ്വീപുകൾ ചേർന്നതാണ് ഷാഗോസ്. ഇതിലെ ഏറ്റവും വലിയ ദ്വീപായ ഡീഗോ ഗാർഷ്യ ബ്രിട്ടന്റെ ഉടമസ്ഥതയിൽ തുടരുമെന്നും ഉടമ്പടിയിലുണ്ട്. ഇവിടെ യുഎസിന്റെയും ബ്രിട്ടന്റെയും സമയുക്ത നാവിക വ്യോമ താവളമുണ്ട്. 1814 മുതൽ ബ്രിട്ടനാണ് ഷാഗോസ് ദ്വീപുകളും മൊറീഷ്യസും ഭരിച്ചിരുന്നത്. 1965-ൽ അവർ മൊറീഷ്യസിനെയും ഷാഗോസ് ദ്വീപുകളെയും രണ്ടായി വിഭജിച്ചു. 1968-ൽ മൊറീഷ്യസിനു സ്വാതന്ത്ര്യം നല്കി. ഷാഗോസ് ദ്വീപുകൾ ബ്രിട്ടീഷ് ഇന്ത്യൻ ഓഷ്യൻ ടെറിട്ടറി എന്ന പേരിൽ കൈവശംവെച്ചു. എഴുപതുകളുടെ തുടക്കത്തിൽ ഷാഗോസിയൻസ് എന്നറിയപ്പെടുന്ന ഇവിടുത്തെ രണ്ടായിരത്തോളം നാട്ടുകാരെ ഡീഗോഗാർഷ്യ സൈനികത്താവളം നിർമ്മിക്കുന്നതിനായി മൊറീഷ്യസിലേക്കും സെയ്ഷൽസിലേക്കും മാറ്റി. 17-ാം നൂറ്റാണ്ടിൽ ഫ്രഞ്ചുകാർ ആഫ്രിക്കയിൽ നിന്നും ഇന്ത്യയിൽ നിന്നും അടിമകളാക്കി ദ്വീപിലെത്തിച്ചവരുടെ പിന്മുറക്കാരാണ് ഇവർ. ഷാഗോസ് ദ്വീപുകളിൽ ഡീഗോ ഗാർഷ്യ ഒഴിച്ചുള്ളവയിൽ നിലവിൽ മനുഷ്യവാസമില്ല. 2019-ൽ രാജ്യാന്തര നീതിന്യായ കോടതി ബ്രിട്ടനോട് ഷാഗോസ് ദ്വീപ് മൊറീഷ്യസിനു തിരിച്ചുകൊടുക്കണമെന്നു നിർദ്ദേശിച്ചിരുന്നു. പുതിയ ഉടമ്പടിയോടെ ഷാഗോസിയൻസിന്റെ പിൻമുറക്കാർക്ക് ഡീഗോ ഗാർഷ്യ ഒഴിച്ചുള്ള ദ്വീപുകളിലേക്ക് തിരിച്ചുവരാം.







# SEEKING LEAD PASTOR

**LifeStream Church in Franklin, TN seeks a passionate, committed, mission-oriented, and excellent communicator of God's word with good English-speaking skills to be their Lead Pastor**

LifeStream Church has been in Franklin, TN for 14 years and ministering to the South Asian population here. Recently, our community was blessed with a facility in Franklin, TN. The location is prime, equipped with a great video/audio setup to support ministry both inside and outside of the church. Our community is a multilingual and interdenominational group, mainly from Kerala, Andhra, and Tamil Nadu, with a current attendance of about 80 people. Our church believes and practices all the fundamental doctrines of the Bible, including believers' baptism and the active work of the Holy Spirit. Church has a team of Ministry Leaders for different focus areas such as Kids Ministry, Praise and Worship, Media, men and women fellowships, and Cell Group Leaders, supporting different ministry goals. The Lead Pastor will also be supported by an Associate Pastor in all spiritual activities, as needed. All of our services are conducted in English, except for a few Indian language songs.

Candidate should be a US Citizenship or Green Card holder. Previous Pastoral experience of at least 5 years as a Lead Pastor or Associate/Youth Pastor is required. Experience with ministry among multi-lingual and inter-denominational communities along with proficiency in multiple Indian languages will be an added advantage. Must be married and willing to relocate to Franklin, TN as a family. We prefer individuals between 35 to 60 years old since the community is a mix of young adults and the older generation.

Most importantly, regardless of the above preferences, if the Holy Spirit prompts you to respond, we would love to hear from you on or before October 26, 2024.

Please forward us your resume at **lifestreamchurchtn@gmail.com** which includes your testimonial, highlights of your current and previous ministries, and the reason why you believe God is leading you to LifeStream Church.

Franklin is 20 min away from Nashville, the capital city of Tennessee, popularly known as Music City. Nashville is the 10th fastest-growing metropolitan city in the US with a current population of more than 2 million. Franklin and its surrounding cities are heavily populated with Indians (8,000+ families) presenting a great opportunity for evangelistic work.

**Please use any of the following means to get more information about the church, ministry, and its culture.**

**Email:** lifestreamchurchtn@gmail.com
**Website:** www.lifestreamchurchtn.com
**Facebook:** @Lifestreamtn
**YouTube:** @LifeStreamChurchTN
**Instagram:** @lifestreamchurch_tn

# ചരിത്രമായി തോമസ് ചെറിയാൻ; 56 വർഷത്തിനു ശേഷം നാട് വിടചൊല്ലി

ന്യൂഡൽഹി: മറവിയിൽ പുതഞ്ഞ ഓർമകൾക്ക് 56 വർഷത്തിനുശേഷം തിരിച്ചുവരവ്. ഹിമാചൽപ്രദേശിലെ റോത്തങ് പാസിൽ 1968-ലുണ്ടായ സൈനിക വിമാനാപകടത്തിൽ മരിച്ച പത്തനംതിട്ട ഇലന്തൂർ സ്വദേശിയും



കരസേനയിൽ ക്രാഫ്റ്റ്സ്മാനുമായിരുന്ന തോമസ് ചെറിയാന്റെ ഭൗതിക ശരീരം ജന്മനാടായ ഇലന്തൂരിലെ മാതൃദേവാലയത്തിലെ കല്ലറ ഏറ്റുവാങ്ങി. മരണം നടന്ന് അഞ്ചര പതിറ്റാണ്ടിനുശേഷം ഒരു നിയോഗംപോലെ സ്വന്തം നാട്ടിലേക്ക് ചേതനയറ്റ ശരീരമായി തിരികെ എത്തിയ തോമസ് ചെറിയാന് അന്തിമോപചാരം അർപ്പിക്കാൻ നാട് ഒന്നടങ്കം ഒഴുകി എത്തുകയായിരുന്നു.

എത്തിയവരിൽ നല്ലൊരു പങ്കും ഈ ഭൂമിയിൽ ജനിക്കുന്നതിനുമുമ്പേ തോമസ് ചെറിയാനെ മരണം തട്ടിയെടുത്തിരുന്നുവെന്നത് സമാനതകളില്ലാത്ത മറ്റൊരു കാഴ്ചയുമായി. സേനയുടെയും സംസ്ഥാന സർക്കാരിന്റെയും ഔദ്യോഗിക ബഹുമതികളോടെയായിരുന്നു സംസ്കാരം.

ഒക്ടോബർ മൂന്നിന് തിരുവനന്തപുരത്തെത്തിച്ച മൃതദേഹം നാലിന് രാവിലെയാണ് ജന്മനാടായ ഇലന്തൂരിലേക്ക് എത്തിച്ചത്. കരസേനയുടെ പ്രത്യേക വാഹനത്തിൽ സേനാംഗങ്ങളുടെ അകമ്പടിയിലാണ് മൃതദേഹം കൊണ്ടുവന്നത്.

തോമസ് ചെറിയാന്റെ സഹോദരൻ ഇലന്തൂർ ഓടാലിൽ പരേതനായ തോമസ് മാത്യുവിന്റെ മകൻ ഷൈജുവിന്റെ വീട്ടിലേക്ക് മൃതദേഹം എത്തിച്ചു. ജീവിതത്തിന്റെ വിവിധതുറകളിൽപ്പെട്ടവർ ഭവനത്തിലെത്തി ആദരാഞ്ജലി അർപ്പിച്ചു. ഭവനത്തിലെ ശുശ്രൂഷയ്ക്കും തുടർന്ന് പോലീസ് നൽകിയ ഗാർഡ് ഓഫ് ഓണറിനു ശേഷം വിലാപയാത്ര പള്ളിയിലേക്ക് എത്തി.




തോമസ് ചെറിയാന്റെ ഭൗതികശരീരം ശംഖുമുഖത്തെ എയർഫോഴ്സ് സ്റ്റേഷനിൽ കൊണ്ടുവന്നപ്പോൾ അന്തിമോപചാരമർപ്പിക്കുന്ന ബന്ധുക്കളായ റിട്ട. ബിആർഒ എം. മത്തായി, ഷീന സാമുവേൽ, ഷിനു എത്സ, സഹോദരൻ തോമസ്, രഞ്ജു മാത്യു, റിട്ട. കേണൽ സഞ്ജു മാത്യു, അന്നമ്മ മാത്യു എന്നിവർ.

ഇലന്തൂർ കാരൂർ സെന്റ് പീറ്റേഴ്സ് ഓർത്തഡോക്സ് പള്ളിയിലെ ശുശ്രൂഷകൾക്ക് കുര്യാക്കോസ് മാർ ക്ലീമീസ് വലിയ മെത്രാപ്പോലീത്ത മുഖ്യകാർമികത്വം വഹിച്ചു. ശുശ്രൂഷയ്ക്കുശേഷം സൈന്യം ചെറിയാന് അന്തിമോപചാരം അർപ്പിച്ചു.

ദേവാലയത്തിനു പുറത്ത് പ്രത്യേകം തയാറാക്കിയ സ്ഥലത്ത് മൃതദേഹപേടകം വെച്ചുകൊണ്ടാണു ചടങ്ങുകൾ നടന്നത്. കരസേനയുടെ വിവിധ റെജിമെന്റുകളും എൻസിസി അടക്കമുള്ള സേനവിഭാഗങ്ങളും ആദരാഞ്ജലി അർപ്പിച്ചു.

നാല് പേരുടെ മൃതദേഹങ്ങളാണ് ഇന്ത്യാചരിത്രത്തിലെ ഏറ്റവും ദൈർഘ്യമേറിയ തെരച്ചിൽ ദൗത്യത്തിലൂടെ കണ്ടെത്തിയത്. 102 സൈനികരും മറ്റു സാമഗ്രികളുമായി ചണ്ഡിഗഢിൽനിന്നു ലേയിലേക്കു പോയ എഎൻ-12 വിമാനം 1968 ഫെബ്രുവരി ഏഴിനാണു കുളു ജില്ലയിലെ റോത്തങ് പാസിൽ മഞ്ഞുമലയിൽ കാണാതായത്. വിമാനത്തിലുണ്ടായിരുന്ന മുഴുവൻ പേരും മരിച്ചെങ്കിലും ഒൻപത് പേരുടെ മൃതദേഹങ്ങൾ മാത്രമേ ഇതുവരെ കണ്ടെടുത്തിട്ടുള്ളൂ.

തോമസ് ചെറിയാൻ, മൽഖാൻ സിങ്, ശിപായി നാരായൺ സിങ് എന്നിവരുടെ മൃതദേഹങ്ങളാണ് ഇപ്പോൾ കണ്ടെടുത്തത്. മറ്റൊരാളെ തിരിച്ചറിഞ്ഞിട്ടില്ല. ഇലന്തൂർ ഈസ്റ്റ് ഒടാലിൽ പരേതനായ ഒ.എം. തോമസ്-ഏലിയാമ്മ ദമ്പതികളുടെ അഞ്ച് മക്കളിൽ രണ്ടാമനായിരുന്ന തോമസ് ചെറിയാന് കാണാതാകുമ്പോൾ 22 വയസ്സായിരുന്നു.

മൽഖാൻ സിങ്ങിന്റെയും നാരായൺ സിങ്ങിന്റെയും വസ്ത്രങ്ങളിൽ നിന്ന് ലഭിച്ച രേഖകളാണ് തിരിച്ചറിയാൻ സഹായിച്ചത്. തോമസ് ചെറിയാന്റെ ശരീരത്തിൽനിന്ന് അദ്ദേഹത്തിന്റെ അടുത്ത ബന്ധുക്കളുടെ വിവരങ്ങളും ലഭിച്ചു. മഞ്ഞുമലയിൽനിന്ന് മൃതദേഹത്തിന്റെ അവശിഷ്ടം കിട്ടിയ വിവരം ഒക്ടോബർ രണ്ടിന് ആറന്മുള പോലീസാണ് വീട്ടിൽ എത്തി സഹോദരൻ തോമസ് തോമസിനെ അറിയിച്ചത്. പിന്നീട് കരസേന ആസ്ഥാനത്തുനിന്നും സന്ദേശം എത്തി.

കോട്ടയം-ഇത്തിത്താനം കപ്പപ്പറമ്പിൽ കെ.കെ. രാജപ്പൻ, ആർമി സർവീസ് കോറിൽ ശിപായിയായിരുന്ന എസ്. ഭാസ്കരൻ പിള്ള, മെഡിക്കൽ കോറിന്റെ ഭാഗമായിരുന്ന പി.എസ്. ജോസഫ്, ബി.എം. തോമസ്, ക്രാഫ്റ്റ്സ്മാനായിരുന്ന കെ.പി. പണിക്കർ എന്നീ മലയാളികൾ ഉൾപ്പെടെയുള്ളവർ വിമാനത്തിലുണ്ടായിരുന്നു. 2003-ലാണ് ആദ്യമായി വിമാനത്തിന്റെ അവശിഷ്ടങ്ങൾ കണ്ടെടുത്തത്.

2005, 2006, 2013, 2019 വർഷങ്ങളിൽ വിമാനത്തിന്റെ പല ഭാഗങ്ങളും കണ്ടെത്തിയിരുന്നു. 2019-ലെ തെരച്ചിലിൽ അഞ്ച് പേരുടെ ശരീരഭാഗങ്ങൾ കണ്ടെടുത്തിരുന്നു.

# സർക്കാരിനെ വിമർശിച്ചാൽ കുറ്റമാകില്ല: സുപ്രീംകോടതി

ന്യൂഡൽഹി: സർക്കാരിനെ വിമർശിച്ചതുകൊണ്ട് മാത്രം മാധ്യമപ്രവർത്തകനെതിരെ കേസെടുക്കാനാകില്ലെന്നു സുപ്രീംകോടതി. ജാതി അടിസ്ഥാനപ്പെടുത്തിയുള്ള ഉത്തർപ്രദേശ് സർക്കാരിന്റെ നിയമനങ്ങൾക്കെതിരെ സമൂഹമാധ്യമമായ എക്സിൽ വിമർശനക്കുറിപ്പ് എഴുതിയ മാധ്യമപ്രവർത്തകൻ അഭിഷേക് ഉപാധ്യായയ്ക്ക് ഇടക്കാല സംരക്ഷണം നല്കിക്കൊണ്ടാണ് സുപ്രീംകോടതിയുടെ നിരീക്ഷണം.

ജനാധിപത്യരാജ്യത്ത് ഒരാളുടെ അഭിപ്രായം പ്രകടിപ്പിക്കാനുള്ള സ്വാതന്ത്ര്യത്തെ ബഹുമാനിക്കുന്നു. ഭരണഘടനയുടെ ആർട്ടിക്കിൾ 19 (1) (എ) പ്രകാരം മാധ്യമപ്രവർത്തകരുടെ അവകാശം സംരക്ഷിക്കപ്പെടുന്നുവെന്നും കോടതി വ്യക്തമാക്കി. സർക്കാരുകളെ വിമർശിക്കുന്നതിനാൽ ക്രിമിനൽ കുറ്റത്തിനു കേസെടുക്കാനാവില്ലെന്നും ജസ്റ്റീസുമാരായ ഹൃഷികേശ് റോയ്, എസ്.വി.എൻ ഭട്ടി എന്നിവരടങ്ങിയ ബെഞ്ച് വ്യക്തമാക്കി. വിഷയവുമായി ബന്ധപ്പെട്ട് ഉത്തർപ്രദേശ് സർക്കാരിന് കോടതി നോട്ടീസ് അയച്ചു.

ഉപാധ്യായയ്ക്ക് അനുവദിച്ച ഇടക്കാല സംരക്ഷണം ഇതേ വിഷയവുമായി ബന്ധപ്പെട്ട് ഭാവിയിൽ ഉണ്ടായേക്കാവുന്ന കേസിൽ ബാധകമാണെന്നും കോടതി വ്യക്തമാക്കി. തന്റെ പോസ്റ്റിനെതിരെ ഉത്തർപ്രദേശ് പോലീസിന്റെ ഔദ്യോഗിക എക്സ് അക്കൗണ്ടിൽ നിന്നുപോലും ഭീഷണി ഉണ്ടായെന്ന് ഉപാധ്യായ കോടതിയിൽ പറഞ്ഞു.






# കെ.സി.എസിന്റെ ഓണാഘോഷം വർണ്ണാഭമായി

**സിബു കുളങ്ങര**




ചിക്കാഗോ: കെ.സി.എസ് നടത്തിയ ഓണാഘോഷം ജനസാന്നിദ്ധ്യം കൊണ്ടും വർണ്ണപ്പകിട്ടാർന്ന കലാപരിപാടികൾ കൊണ്ടും ഗൗരവമേറിയ ചർച്ചകൾ കൊണ്ടും വർണ്ണാഭമായി. തൂശനിലയിൽ വിളമ്പിയ ഓണസദ്യയിൽ എണ്ണൂറിൽപ്പരം ആളുകൾ പങ്കെടുത്തു. ചെണ്ടമേളങ്ങളും വാദ്യഘോഷങ്ങളും മുത്തുക്കുടകളും പുലികളിയും ഒക്കെയായി നടത്തിയ ഘോഷയാത്രയിൽ കെ.സി.എസ്, കെസിസിഎൻഎ നേതാക്കൾക്കൊപ്പം വിശിഷ്ടാതിഥികളും പങ്കെടുത്തു. ജിനോയ് കവലക്കലിന്റെ നേതൃത്വത്തിലുള്ള ചെണ്ടക്കാരും പുലിവേഷം അണിഞ്ഞ കുട്ടികളും താലപ്പൊലി ഏന്തിയ സ്ത്രീകളും ഘോഷയാത്രയ്ക്ക് കൊഴുപ്പേകി.

സജി പൂത്ത്യക്കയിൽ, പീറ്റർ കുളങ്ങര, റോയ് നെടുംചിറ എന്നിവർ നേതൃത്വം നല്കിയ ഘോഷയാത്രയ്ക്ക് ശേഷം ചിന്നു തോട്ടത്തിന്റെ കൊറിയോഗ്രാഫിയിൽ നടത്തിയ തിരുവാതിര കാണികളുടെ പ്രശംസ പിടിച്ചുപറ്റി. പിന്നീട് നടന്ന സമ്മേളനത്തിൽ കെ.സി.എസ് സെക്രട്ടറി സിബു കുളങ്ങര എംസിയായിരുന്നു.


സജി മാലിത്തുരുത്തിൽ, ലിഡിയ മ്യാൽക്കരപ്പുറം എന്നിവരുടെ ഓണപ്പാട്ടോടെ സമ്മേളനം ആരംഭിച്ചു. കെ.സി.എസ് വൈസ് പ്രസിഡണ്ട് ജിനോ കക്കാട്ടിൽ ഏവർക്കും സ്വാഗതമരുളി. കെ.സി.എസ് വിമൻസ്ഫോറം പ്രസിഡണ്ട് ടോസ്മി കൈതക്കത്തൊട്ടി, നാഷണൽ വിമൻസ് ഫോറം വൈസ് പ്രസിഡണ്ട് ഷൈനി വിരുതികുളങ്ങര, യുവജനവേദി നാഷണൽ പ്രസിഡണ്ട് ആൽബിൻ പുലികുന്നേൽ, കെസിവൈഎൽഎൻഎ നാഷണൽ വൈസ് പ്രസിഡണ്ട് ആൽവിൻ പിണർക്കയിൽ, കെസി.എസ് ലെജിസ്ലേറ്റീവ് ചെയർമാൻ അഭിലാഷ് നെല്ലാമറ്റം, ലെയ്സൻ ബോർഡ് ചെയർമാൻ മജു ഓട്ടപ്പള്ളി എന്നിവരും വേദിയിൽ സന്നിഹിതരായിരുന്നു.

കെ.സി.എസ് പ്രസിഡണ്ട് ജെയിൻ മാക്കീൽ തന്റെ അദ്ധ്യക്ഷ പ്രസംഗത്തിൽ കെ.സി.എസിന്റെ രണ്ട് വർഷത്തെ പ്രവർത്തനങ്ങളിലെ ജനശ്രദ്ധ, പുതിയ തലമുറ ഉൾപ്പെടെ ചെറുപ്പക്കാരും വനിതകളുമടക്കം കെ.സി.എസ് നേതൃത്വത്തിലേക്ക് വരുവാൻ താല്പര്യം കാണിച്ചത് സ്വാഗതാർഹമാണെന്നും അവർക്ക് വിജയാശംസകൾ അർപ്പിച്ചതിനോടൊപ്പം ആരോഗ്യപരമായ ഒരു മത്സരം കാഴ്ചവെക്കുവാൻ അഭ്യർത്ഥിക്കുകയുമുണ്ടായി.


ആൻ അഗസ്റ്റിൻ


ബിനോയ് വിശ്വം


ജെയിൻ മാക്കീൽ


ഷാജി എടാട്ട്


ഫാ. സിജു മുടക്കോടിൽ



ജിനോ കക്കാട്ടിൽ


സിബു കുളങ്ങര


ബിനോയി കിഴക്കനടി


ഫാ. ജിതിൻ വല്ലാർകാട്ടിൽ


ഫാ. തോമസ് ആനിമൂട്ടിൽ


ജോബി കുഴിപ്പറമ്പിൽ

മലയാള സിനിമാരംഗത്തെ പ്രിയങ്കരിയായ നടി ആൻ അഗസ്റ്റിൻ മുഖ്യാതിഥിയായിരുന്നു. ഏവർക്കും ഓണാശംസകൾ അറിയിച്ച ആൻ കേരളത്തിനു വെളിയിലെ തന്റെ ആദ്യത്തെ ഓണം ആണെന്നും അത് ഇത്തവണ ചിക്കാഗോയിൽ ആഘോഷിക്കുവാൻ കഴിഞ്ഞതിൽ സന്തോഷമുണ്ടെന്നും പറഞ്ഞു.

സിപിഐ കേരള സംസ്ഥാന സെക്രട്ടറിയും മുൻ വനംവകുപ്പ് മന്ത്രിയും രാജ്യസഭ മുൻ എംപിയുമായ ബിനോയ് വിശ്വം തന്റെ ആശംസാപ്രസംഗത്തിനിടെ, പരിസ്ഥിതി സംരക്ഷിക്കുന്നതിന്റെ പ്രാധാന്യവും സമൃദ്ധിയും സമ്പാദ്യവും മറ്റുള്ളവരുമായി പങ്കുവെക്കുന്നതിനെപ്പറ്റിയും എടുത്തുപറഞ്ഞു. ഇക്കാര്യത്തിൽ ഒരു കമ്യൂണിസ്റ്റുകാരനായ താൻ മാർപാപ്പയെയാണ് അനുഗമിക്കുന്നതെന്ന് അദ്ദേഹം പറയുകയുണ്ടായി.

സെന്റ് മേരീസ് ക്നാനായ ഇടവക വികാരി ഫാ. സിജു മുടക്കോടിൽ, ഫാ. തോമസ് ആനിമൂട്ടിൽ, ഫാ. ജിതിൻ വല്ലാർകാട്ടിൽ, കെസിസിഎൻഎ പ്രസിഡണ്ട് ഷാജി എടാട്ട്, ആർവിപി സ്റ്റീഫൻ കിഴക്കേക്കുറ്റ് എന്നിവർ ആശംസാപ്രസംഗം നടത്തി. കെ.സി.എസ് ട്രഷറർ ബിനോയി കിഴക്കനടി നന്ദിപ്രഭാഷണം നടത്തി. അനിത, നിമിഷ, അനീസ് സണ്ണി എന്നിവരുടെ നേതൃത്വത്തിൽ ഒരുക്കിയ പൂക്കളം ഏറെ ആകർഷകമായിരുന്നു.

ചടങ്ങിൽ വെച്ച് ചിക്കാഗോ കെ.സി.എസിലെ മെംബർമാർക്കിടയിൽ ആദ്യം ജനിച്ച വരുൺ ആൻഡ് ആൽഫി ഇല്ലികുന്നുംപുറത്ത് ദമ്പതികളുടെ കുഞ്ഞായ ഹെസ്‌ലിൻ വരുണിന് ഫിലിപ്പ് ആൻഡ് ചിന്നമ്മ ഞാറവേലിൽ സ്പോൺസർ ചെയ്ത പാരിതോഷികം നല്കി.

കെ.സി.എസ് ബോർഡംഗം അനിൽ മറ്റത്തികുന്നേൽ സൗണ്ട് കൈകാര്യം ചെയ്തു. മീഡിയയ്ക്കു വേണ്ടി എൻആർഐ റിപ്പോർട്ടർ ബിജു കിഴക്കേക്കുറ്റ് കെവിടിവി ലൈവ് സാജു കണ്ണമ്പള്ളി, സജി പണയപ്പറമ്പിൽ, ഏഷ്യാനെറ്റിനുവേണ്ടി അനിൽ മറ്റത്തികുന്നേൽ എന്നിവർ വാർത്തകൾ സംപ്രേഷണം ചെയ്തു. ഡൊമിനിക് ചൊള്ളമ്പേൽ ഫോട്ടോഗ്രാഫിയും ജെബി ഡെക്കറേഷൻസ് സ്റ്റേജുമണിയിച്ചൊരുക്കി. ഇത്തവണത്തെ ഓണത്തിന്റെ കേറ്ററിംഗ് പാർട്ണർ റോയൽ മഹാരാജ ആയിരുന്നു. ചിക്കാഗോ ചെണ്ട ക്ലബിന്റെ ഫ്യൂഷൻ ചെണ്ട കാണികളിൽ വിസ്മയമുണർത്തി. ചിക്കാഗോയിലെ പ്രശസ്ത ഗായകരുടെ ഗാനമേളയും അരങ്ങേറി. കൾച്ചറൽ പരിപാടികൾക്ക് മോഹിൻ മാമ്മൂട്ടിൽ എംസി ആയിരുന്നു.

**ഫോട്ടോ: ഡൊമിനിക് ചൊള്ളമ്പേൽ**



























# ലഫ്. ഗവർണർക്ക് തെരഞ്ഞെടുപ്പിൽ ഇടപെടാൻ അധികാരമില്ല: സുപ്രീം കോടതി

ന്യൂഡൽഹി: ഡൽഹി ലഫ്. ഗവർണർ വി.കെ. സക്സേനയ്ക്കെതിരെ രൂക്ഷവിമർശനവുമായി സുപ്രീംകോടതി. ഡൽഹി മുനിസിപ്പൽ കോർപ്പറേഷൻ (എംസിഡി) സ്റ്റാൻഡിംഗ് കമ്മിറ്റി തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഗവർണർ നടത്തിയ ഇടപെടലിനെയാണ് ജസ്റ്റീസുമാരായ പി.എസ്. നരസിംഹ, ആർ. മഹാദേവൻ എന്നിവരടങ്ങിയ ബെഞ്ച് ചോദ്യം ചെയ്തത്.

തെരഞ്ഞെടുപ്പ് പ്രക്രിയയിൽ ഇടപെടാൻ ഗവർണർക്ക് എവിടെനിന്നാണ് അധികാരം ലഭിച്ചതെന്ന് കോടതി ചോദിച്ചു. ഡൽഹി മുനിസിപ്പൽ കോർപ്പറേഷൻ നിയമം സെക്ഷൻ 487 ഒരു എക്സിക്യൂട്ടീവ് അധികാരമാണെന്നും തെരഞ്ഞെടുപ്പിൽ ഇടപെടാനുള്ള അധികാരമില്ലെന്നും കോടതി വ്യക്തമാക്കി. ഗവർണർ ഇത്തരത്തിൽ ഇടപെടൽ നടത്തിയാൽ ജനാധിപത്യം അപകടത്തിലാകുമെന്നും കോടതി നിരീക്ഷിച്ചു. സമിതി അദ്ധ്യക്ഷ സ്ഥാനത്തേക്ക് തെരഞ്ഞെടുപ്പ് നടത്തരുതെന്ന് കോടതി വാക്കാൽ നിർദേശം നല്കി.

ഹർജിയിൽ ലഫ്. ഗവർണർക്ക് നോട്ടീസ് അയച്ച കോടതി കേസ് രണ്ടാഴ്ചയ്ക്കുശേഷം വീണ്ടും പരിഗ



ണിക്കും. എംസിഡി സ്റ്റാൻഡിംഗ് കമ്മിറ്റിയിലെ ആറാമത്തെ അംഗത്തെ തെരഞ്ഞെടുത്തതിൽ ലഫ്. ഗവർണറുടെ ഇടപെടൽ ചോദ്യംചെയ്ത് മേയർ ഷെല്ലി ഒബ്റോയ് സമർപ്പിച്ച ഹർജിയിലാണ് സുപ്രീം കോടതിയുടെ നടപടി. ഡൽഹി മുനിസിപ്പൽ കോർപറേഷന്റെ 18 അംഗ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ ഒഴിവുവന്ന സീറ്റിലേക്ക് സെപ്റ്റംബർ 27-ന് നടത്തിയ തെരഞ്ഞെടുപ്പിലാണ് ലഫ്. ഗവർണറുടെ ഇടപെടൽ ഉണ്ടായത്. അന്നു ചേർന്ന എംസിഡി യോഗം ബഹളം കാരണം നടക്കാതെ വന്നപ്പോൾ തെരഞ്ഞെടുപ്പ് ഒക്ടോബർ അഞ്ചിലേക്ക് മാറ്റിവെക്കുകയായിരുന്നു. എന്നാൽ, വിഷയത്തിൽ ഇടപെട്ട ലഫ്. ഗവർണർ തെരഞ്ഞെടുപ്പ് 27-ന് തന്നെ നടത്താൻ എംസിഡി കമ്മീഷണർക്ക് നിർദേശം നല്കി.

എന്നാൽ, ഇത് ഡൽഹി മുനിസിപ്പൽ കോർപറേഷൻ നിയമത്തിന് എതിരാണെന്ന് ചൂണ്ടിക്കാട്ടിയ മേയർ സുപ്രീം കോടതിയെ സമീപിക്കുകയായിരുന്നു. തെരഞ്ഞെടുപ്പിൽ നിന്ന് ആം ആദ്മി, കോൺഗ്രസ് അംഗങ്ങൾ വിട്ടുനിന്നതോടെ ബിജെപി വിജയിച്ചിരുന്നു.

## സംവരണ വിഭാഗങ്ങളുടെ ഉപവർഗീകരണം: പുനഃപരിശോധനയില്ല

ന്യൂഡൽഹി: കൂടുതൽ പിന്നാക്കമായ പട്ടികജാതി (എസ്സി) വിഭാഗങ്ങൾക്ക് സംവരണത്തിന്റെ മെച്ചം കൂടുതൽ കിട്ടുംവിധം ഉപവർഗീകരണം ആകാമെന്ന വിധിയിൽ പുനഃപരിശോധന ആവശ്യപ്പെട്ടുള്ള ഹർജി സുപ്രീം കോടതി തള്ളി. ഏഴംഗ ഭരണഘടനാബെഞ്ചിന്റെ ഭൂരിപക്ഷ വിധിയിൽ (6-1) തെറ്റില്ലെന്നും പുനഃപരിശോധന ആവശ്യമാണെന്നു സ്ഥാപിക്കാൻ ഹർജിക്കാർക്കു കഴിഞ്ഞിട്ടില്ലെന്നും ചീഫ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡ് അധ്യക്ഷനായ ബെഞ്ച് വ്യക്തമാക്കി.

ഉപവർഗീകരണം സാധ്യമല്ലെന്നും പട്ടികജാതി ലിസ്റ്റ് തയാറാക്കുകയെന്നത് ഭരണഘടനയുടെ 341-ാം വകുപ്പുപ്രകാരം രാഷ്ട്രപതിയുടെ അധികാരമാണെന്നുമുള്ള 2004-ലെ വിധി (ഇ.വി. ചിന്നയ്യയും ആന്ധ്രപ്രദേശ് സർക്കാരും തമ്മിലുള്ള കേസ്) റദ്ദാക്കിക്കൊണ്ടാണ് ഓഗസ്റ്റ് ഒന്നിനുള്ള സുപ്രീം കോടതിയുടെ സുപ്രധാനവിധി.

എസ്സി, എസ്ടി വിഭാഗങ്ങളിലെ മേൽത്തട്ടുകാരെ (ക്രീമിലെയർ) കണ്ടെത്താൻ സർക്കാർ നയം രൂപീകരിക്കണമെന്ന ബെഞ്ചിലെ നാല് ജഡ്ജിമാരുടെ ശിപാർശ കേന്ദ്ര സർക്കാർ പിന്നീടു തള്ളിയെങ്കിലും ഉപവർഗീകരണ വിഷയത്തിൽ പ്രതികരിച്ചിട്ടില്ല.

## വയനാട് ദുരിതാശ്വാസം: കണക്കിൽ വ്യക്തത തേടി ഹൈക്കോടതി

കൊച്ചി: വയനാട്ടിലെ മുണ്ടക്കൈയിലും ചൂരൽമലയിലുമുണ്ടായ മണ്ണിടിച്ചിൽ ദുരന്തങ്ങളിൽ ദേശീയ ദുരുതാശ്വാസനിധിയിൽനിന്നും പ്രധാനമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ഇതുവരെ തുക അനുവദിക്കാത്തതിനു ഹൈക്കോടതി കേന്ദ്ര സർക്കാരിൽനിന്നു വിശദീകരണം തേടി. അഡീഷണൽ സോളിസിറ്റർ ജനറൽ 18-നു മറുപടി നൽകണം. ഫണ്ട് അനുവദിക്കുന്നതു പരിഗണിക്കാൻ ജസ്റ്റിസുമാരായ എ.കെ. ജയശങ്കരൻ നമ്പ്യാർ, വി.എം. ശ്യാംകുമാർ എന്നിവരുൾപ്പെട്ട ഡിവിഷൻ ബെഞ്ച് നിർദേശവും നൽകി.

ഇരുനിധികളിൽനിന്നും കേരളത്തിന് ഇതുവരെ തുക നൽകിയിട്ടില്ലെന്ന് കോടതിയെ സഹായിക്കാൻ നിയോഗിച്ച അമിക്കസ്ക്യൂറി രഞ്ജിത് തമ്പാൻ അറിയിച്ചതിനെത്തുടർന്നായിരുന്നു ബെഞ്ചിന്റെ ഇടപെടൽ. തമിഴ്നാടിനും കർണാടകയ്ക്കും തുക ലഭിച്ചിട്ടുണ്ടെന്നും അമിക്കസ് ക്യൂറി അറിയിച്ചു. 10,000 രൂപ നഷ്ടപരിഹാരം, 300 രൂപ വീതം ദിവസ വേതനം, 6000 രൂപ മാസ വാടക തുടങ്ങിയവ നൽകിയിട്ടില്ലെന്ന ദുരന്തബാധിതരുടെ പരാതികളിൽ ചിലതു പരിഹരിക്കാനുണ്ടെന്ന് അമിക്കസ് ക്യൂറി റിപ്പോർട്ടിൽ അറിയിച്ചിരുന്നു.

സർക്കാരും കേരള ലീഗൽ സർവീസസ് അതോറിറ്റിയും (കെൽസ) പരാതികളുടെ പട്ടിക ആഴ്ചതോറും നൽകണമെന്നു ഹൈക്കോടതി നിർദേശിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട അധികാരികൾക്കു നിർദേശം നൽകും. ഇക്കാര്യത്തിൽ സത്യവാങ്മൂലം നൽകാനായി കെൽസയെയും കക്ഷിചേർത്തു. വയനാടിനു കേന്ദ്രസഹായം തേടി കേരള സർക്കാർ നൽകിയ നിവേദനത്തിൽ കണക്കുകൾ പെരുപ്പിച്ചു കാട്ടിയെന്ന നിലയിൽ വാർത്ത സംപ്രേഷണം ചെയ്തെന്ന് അഡ്വക്കറ്റ് ജനറൽ കെ. ഗോപാലകൃഷ്ണ കുറുപ്പ് അറിയിച്ചു. തുടർന്നു നിവേദനത്തിലെ സംഖ്യകൾ എങ്ങനെയാണു കണക്കാക്കിയതെന്ന് ഹൈക്കോടതി ആരാഞ്ഞു. ഇതു ചെലവായ തുകയല്ലെന്നും എസ്റ്റിമേറ്റ് കണക്കാക്കിയതിൽ വിശദീകരണം നൽകുമെന്നും അഡ്വക്കറ്റ് ജനറൽ അറിയിച്ചു. കണക്കുകൾ പെരുപ്പിച്ചുകാട്ടിയെന്ന വിമർശനം അമിക്കസ് ക്യൂറിയും കോടതിയുടെ ശ്രദ്ധയിൽ പെടുത്തിയിരുന്നു.

## ‘അയേൺ ഡോം’ ഇന്ത്യക്കും ആവശ്യമെന്ന് വ്യോമസേനാ മേധാവി

ന്യൂഡൽഹി: ഇസ്രായേലിന്റെ അത്യാധുനിക വ്യോമ പ്രതിരോധ സംവിധാനമായ ‘അയേൺ ഡോം’ പോലെ ഇന്ത്യക്കും മിസൈൽ ആക്രമണങ്ങളിൽനിന്നു സംരക്ഷണം നല്കുന്ന പ്രതിരോധ സംവിധാനങ്ങൾ ആവശ്യമാണെന്ന് വ്യോമസേന മേധാവി അമർ പ്രീത് സിംഗ്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ യുദ്ധങ്ങൾ ശക്തമായ സാഹചര്യത്തിൽ സുരക്ഷാഭീഷണികളെ നേരിടാൻ ആഭ്യന്തരമായി ആയുധ സംവിധാനങ്ങൾ വികസിപ്പിക്കേണ്ടത് അനിവാര്യമാണെന്നും അദ്ദേഹം പറഞ്ഞു. വ്യോമസേനാ ദിനവുമായി ബന്ധപ്പെട്ട് നടത്തിയ വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു വ്യോമസേനാ മേധാവി.

നിയന്ത്രണ മേഖലകളിൽ ചൈന നിർമ്മാണപ്രവർത്തനങ്ങൾ സജീവമാക്കിയെന്ന് അമർപ്രീത് സിംഗ് പറഞ്ഞു. ലഡാക്ക് മേഖലയിൽ ഇത് ഊർജിതമാണ്. ഇതു കണക്കിലെടുത്ത് ഇന്ത്യയുടെ നിർമാണപ്രവർത്തനങ്ങൾ വേഗത്തിലാക്കിയെന്നും പ്രതിരോധം ശക്തിപ്പെടുത്തിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. രാജ്യത്തിന്റെ പ്രതിരോധ സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി റഷ്യയിൽനിന്ന് മൂന്ന് എസ്-400 മിസൈൽ യൂണിറ്റുകൾ എത്തിച്ചിട്ടുണ്ട്.

വിദേശരാജ്യങ്ങളുടെ നയങ്ങളും താത്പര്യങ്ങളും മാറിക്കൊണ്ടിരിക്കുന്നതിനാൽ എപ്പോഴും ആയുധ ഇറക്കുമതിയിൽ അവരെ ആശ്രയിക്കാൻ കഴിയില്ല. 2047-ഓടെ വ്യോമസേനയ്ക്ക് ആവശ്യമായ എല്ലാ ആയുധസംവിധാനങ്ങളും ആഭ്യന്തരമായി നിർമിക്കാനാണ് ലക്ഷ്യമിടുന്നതെന്ന് വ്യോമസേനാ മേധാവി പറഞ്ഞു.

## ഷാങ്ഹായി ഉച്ചകോടി: വിദേശകാര്യമന്ത്രി എസ്. ജയശങ്കർ പാക്കിസ്ഥാനിലേക്ക്

ന്യൂഡൽഹി: പാക്കിസ്ഥാനിൽ നടക്കുന്ന ഷാങ്ഹായി സഹകരണ ഉച്ചകോടിയിൽ വിദേശകാര്യമന്ത്രി എസ്. ജയശങ്കർ പങ്കെടുക്കും. വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാളാണ് ഇക്കാര്യം അറിയിച്ചത്. ഉച്ചകോടിയിൽ പങ്കെടുക്കാൻ മാത്രമാണ് വിദേശകാര്യമന്ത്രി പോകുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.

കഴിഞ്ഞ വർഷം ഇന്ത്യ ആതിഥേയത്വം വഹിച്ച ഉച്ചകോടിയിൽ പങ്കെടുക്കാൻ പാക്കിസ്ഥാൻ വിദേശകാര്യമന്ത്രി ബിലാവൽ ഭൂട്ടോ എത്തിയിരുന്നു. ഇസ്ലാമാബാദിൽ ഈ മാസം 15, 16 തീയതികളിലാണ് എസ്സിഒ യോഗം നടക്കുക. 10 വർഷത്തിനു ശേഷമാണ് ഒരു ഇന്ത്യൻ വിദേശകാര്യമന്ത്രി പാക്കിസ്ഥാനിലേക്ക് പോകുന്നത്. സുഷമ സ്വരാജാണ് അവസാനമായി പാക്കിസ്ഥാൻ സന്ദർശിച്ച ഇന്ത്യൻ വിദേശകാര്യ മന്ത്രി.

FAMILY DENTAL Practice
9709 N. Milwaukee Ave, Glenview, Il-60025, (Northwest Corner of Milwaukee & Greenwood
Office: (847) 581-1418,
Fax: (847) 581-1445
GENERAL DENTIST, IMPLANT, ORTHODONTIC TREATMENT, GUM SURGERY, WISDOM TOOTH EXTRACTIONS
- WHITENING, VENEERS, BONDING, ROOT CANALS, GUM DISEASE, CLEANING, WHITE FILLINGS, DEN TURES/PARTIALS, RELINE, CROWNS, BRIDGES, INTRA-ORAL CAMERA DIGITAL IMAGE, STATE OF THE ART STERILIZATION SYSTEM
- ORTHODONTICS (BRACES & INVISALIGN) for Children and Adult
- DISCOUNTS AVAILABLE
Dr. Susan Edukutharayil
B.D.S, D.D.S
(University of Illinois Graduate)
Practicing Dentistry in Chicago land area for the past 25 years!!
www.MyDentistToday.com





ACHIEVE REAL ESTATE GROUP, INC.
For All Your Real Estate Needs Please Call ...
THOMAS KURUVILLA KARIKULAM
Real Estate Broker
1-847-219-6050
834 Rand Rd Mount Prospect IL 60056
FULL TIME REALTOR



# കെപിസിസി സെക്രട്ടറി കറ്റാനം ഷാജി കേരളാ എക്സ്പ്രസ് ഓഫീസ് സന്ദർശിച്ചു




ചിക്കാഗോ: കെപിസിസി സെക്രട്ടറി കറ്റാനം ഷാജി കേരള എക്സ്പ്രസ് ഓഫീസ് സന്ദർശിച്ച് സൗഹൃദ സംഭാഷണം നടത്തി. ചിക്കാഗോ ഒഐസിസി പ്രസിഡണ്ട് ലൂയി ചിക്കാഗോയും അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്നു.

കേരള എക്സ്പ്രസ് ചീഫ് എഡിറ്റർ കെ.എം. ഈപ്പൻ, മാനേജിംഗ് എഡിറ്റർ ഡോക്ടർ ടൈറ്റസ് ഈപ്പൻ, മാധ്യമപ്രവർത്തകൻ കുര്യൻ ഫിലിപ്പ്, സാജൻ മാത്യു, രമണി മാത്യു എന്നിവർ ചേർന്ന് അദ്ദേഹത്തെ സ്വീകരിച്ചു.

തുടർന്ന് മീഡിയ റൂമിൽ നടന്ന പത്രസമ്മേളനത്തിൽ അദ്ദേഹം കേരളത്തിലെ ഇപ്പോഴത്തെ രാഷ്ട്രീയ സാഹചര്യങ്ങളെക്കുറിച്ച് വിശദീകരിച്ചു.

മുൻ മുഖ്യമന്ത്രി പരേതനായ ഉമ്മൻ ചാണ്ടിയുടെ സന്തത സഹചാരിയായിരുന്ന കറ്റാനം ഷാജി, ഉമ്മൻ ചാണ്ടിയുടെ ഭരണത്തെയും പിണറായി വിജയന്റെ ഭരണത്തെയും താരതമ്യം ചെയ്തു സംസാരിച്ചു. എല്ലാവർക്കും എപ്പോഴും സമീപിക്കാവുന്ന ജനകീയനായ മുഖ്യമന്ത്രിയായിരുന്നു ഉമ്മൻ ചാണ്ടിയെന്ന് അദ്ദേഹം അനുസ്മരിച്ചു.





കേരളത്തിൽ ആദ്യമായി ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിൽ തുടർഭരണം വരുമെന്ന് ഭയപ്പെട്ട എൽഡിഎഫ് ഉമ്മൻ ചാണ്ടിക്കെതിരെ ആരോപിച്ച നിന്ദ്യമായ ആരോപണങ്ങളും വ്യക്തിഹത്യകളും ഇന്ന് അവരെത്തന്നെ തിരിഞ്ഞു കുത്തുന്നതായി ഷാജി പറഞ്ഞു. ഉമ്മൻ ചാണ്ടി ആരംഭിച്ച ജനസമ്പർക്ക പരിപാടിയിലൂടെ ലക്ഷക്കണക്കിനു ജനങ്ങൾക്ക് ആശ്വാസം ലഭിക്കാൻ ഇടയായതായും കറ്റാനം ഷാജി കൂട്ടിച്ചേർത്തു. കേരള എക്സ്പ്രസ് ചീഫ് എഡിറ്റർ കെ.എം. ഈപ്പൻ സ്വാഗതവും കുര്യൻ ഫിലിപ്പ് നന്ദിയും രേഖപ്പെടുത്തി.



# WHAT IS AN L-1A VISA? WHO QUALIFIES FOR AN L-1A?

An L-1A visa is an intracompany transferee visa which allows an executive or manager of a foreign company to be transferred to their company's affiliate office in the United States. This visa also applies to those who are not yet working as an executive or manager capacity but will be once transferred to the company's office in the United States. Additionally, an L-1A visa applies to foreign employers who want to send an employee to the United States as an executive or manager to start a new office.

To start a new office in the United States, an L-1A visa is good for a maximum initial stay of one (1) year. However, all others, an L-1A visa is good for three (3) years with extensions in increments of two (2) years until the maximum limit of seven (7) years is reached.

To qualify for an L-1A visa, the candidate must be employed by the foreign employer for at least one (1) continuous year within the last three (3) years. The candidate must also be pursuing to work in an executive or managerial capacity once in the United States. There is no clear definition of what an executive role or managerial role entails. However, generally, a managerial role is considered to have the authority to hire/fire employees, have rights and responsibilities beyond the typical employee, have control over supervisors or other employees, among other obligations. An executive role generally considers whether the executive is only supervised by stakeholders and board of directors, whether the executive is in charge of creating policy rules and regulations for the company, among other duties.

Some advantages of an L-1A visa includes no minimum educational requirement for the L-1A visa candidate; spouses and unmarried children under twenty-one (21) can apply for an L-2 visa and accompany the L-1A visa holder in the U.S.; and there is no limit on the number of L-1A visas that can be issued per year unlike other work visas.

Remember, an L-1A visa is a nonimmigrant visa which means it is not a green card. However, a green card can be the next step for individuals who have an L-1A visa since an L-1A visa is dual-intent. To learn more about L-1A visas and/or to discuss your case, give our law office a call at 972-905-0948to schedule a consultation appointment with the Attorney.



Sovmya George, Esq.
Attorney/Founder
Law Office of Sovmya George, PLLC
T: 972.905.0948
www.lawofficesg.com

# വിൻസന്റിനെയും പടയാറ്റിയെയും സൂര്യപടം അണിയിച്ചാദരിച്ചു

പി.ഡി. ജോർജ് നടവയൽ

ഫിലാഡൽഫിയ: മുതിർന്ന മാധ്യമപ്രവർത്തകനും പൊതുക്കാര്യ പ്രസക്തനുമായ വിൻസന്റ് ഇമ്മാനുവലിനെയും സംഘടനാ പ്രവർത്തനരംഗത്ത് ദീർഘകാല സേവനചരിത്രമുള്ള ഫ്രാൻസിസ് പടയാറ്റിയേയും ഓർമാ ഇന്റർനാഷണൽ ഫിലാഡൽഫിയ ചാപ്റ്റർ ഗ്രാൻഡ് പേരന്റ്സ് ഡേ സെലിബ്രേഷനിൽ സൂര്യപടം അണിയിച്ചാദരിച്ചു.

സെന്റ് തോമസ് ഇന്ത്യൻ ഓർത്തഡോക്സ് ചർച്ച് ഓഫ് ഫിലാഡൽഫിയ വികാരിയും ഗ്രെയ്റ്റർ ഫിലാഡൽഫിയാ മലയാളി സമൂഹത്തിന്റെ ഗുരുശ്രേഷ്ഠനുമായ ഫാ. എം.കെ. കുര്യാക്കോസും ദൈവശാസ്ത്ര പണ്ഡിതനും ചിക്കാഗോ രൂപതാ ചാൻസലറുമായ റവ.ഡോ. ജോർജ് ദാനവേലിലുമാണ് ആദരപ്പൊന്നാട അണിയിച്ചത്.

ഓർമാ ഇന്റർനാഷണൽ ഭാരവാഹികളും പ്രവർത്തകരും അനുമോദിച്ചു.






# ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ യു.എസ്സിലെ പോഷകസംഘടന ഐ.ഒ.സി. മാത്രം

ചിക്കാഗോ: ഇന്ത്യൻ നാഷണൽ കോൺഗ്രസ് എന്ന മഹാപ്രസ്ഥാനത്തിന്റെ ആഗോള പോഷക സംഘടനയായ ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് വിവിധ രാജ്യങ്ങളിൽ ശക്തമായി പ്രവർത്തിച്ചുവരുന്നു. അമേരിക്കയിൽ ഐ.ഒ.സി യു.എസ്സ്.എയും അതിന്റെ വിവിധ ചാപ്റ്ററുകളും കഴിഞ്ഞ ഇരുപത്തിയഞ്ചു വർഷമായി പ്രവർത്തിക്കുന്നു.

ഐ.ഒ.സിയുടെ പ്രവർത്തനങ്ങൾ ആഗോള വ്യാപകമായി ചെയർമാൻ സാം പിട്രോഡയുടെ നേതൃത്വത്തിൽ ഏകോപിപ്പിച്ച് പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഡോ. ആരതി കൃഷ്ണ (എ.ഐ.സി.സി. സെക്രട്ടറി) ഓവർസീസ് കോൺഗ്രസിന്റെ സെക്രട്ടറി ഇൻ-ചാർജായും പ്രവർത്തിച്ചുവരുന്നു.

കോൺഗ്രസ് പാർട്ടിയുടെ അമേരിക്കയിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ ഐ.ഒ.സി യുഎസ്എ എന്ന സംഘടനയ്ക്കു മാത്രമേ അധികാരവും അംഗീകാരവും ഉള്ളൂവെന്ന് ഐ.ഒ.സി വൈസ് ചെയർമാൻ ജോർജ് ഏബ്രഹാം പറഞ്ഞു. കൂടാതെ ഐ.ഒ.സിയുടെ കേരളാ ഘടകത്തിൽ വിഭാഗീയതയും വിദ്വേഷവും ഒ.ഐ.സിസി എന്ന സംഘടന നടത്തുന്നതായും അദ്ദേഹം പറഞ്ഞു.

മലയാളികളായ കോൺഗ്രസുകാരുടെ ഇടയിൽ തെറ്റിദ്ധാരണ ഉണ്ടാക്കുകയും ഐ.ഒ.സി വടക്കെ ഇന്ത്യക്കാരുടേതാണെന്നും ഒ.ഐ.സി.സി മാത്രമാണ് മലയാളികളുടേതെന്നുമുള്ള കുപ്രചാരണങ്ങൾ അഴിച്ചുവിട്ടുകൊണ്ടാണ് ചില തല്പരകക്ഷികൾ സമൂഹത്തിൽ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നത്. ഒ.ഐ.സി.സി ചില ഗൾഫ് നാടുകളിൽ പ്രവർത്തിക്കുവാൻ മാത്രം തുടങ്ങിയതാണെന്നും അമേരിക്ക പോലെയുള്ള വികസിത രാജ്യങ്ങളിൽ ഐ.ഒ.സി മാത്രമാണ് കോൺഗ്രസ് പാർട്ടിയുടെ ഔദ്യോഗിക സംഘടനയെന്നും സാം പിട്രോഡ പറഞ്ഞു.

മലയാളികളുടെ ഇടയിൽ ശ്രദ്ധ നേടുവാൻ ചില തല്പരകക്ഷികൾ അതും യാതൊരുവിധ കോൺഗ്രസ് പാരമ്പര്യവുമില്ലാത്തവർ ചെയ്യുന്ന പ്രവൃത്തികൾ കോൺഗ്രസ് പ്രസ്ഥാനത്തിനു നാണക്കേടും കളങ്കവും ഉണ്ടാക്കുവാനേ സാധിക്കുകയുള്ളൂ. കോൺഗ്രസ് പ്രസ്ഥാനത്തോട് ആത്മാർത്ഥയും കൂറുമുള്ളവർ ഐ.ഒ.സി എന്ന സംഘടനയോട് ഒത്തൊരുമിച്ച് പ്രവർത്തിക്കുകയാണ് വേണ്ടത്. മറിച്ച് സാധാരണ ജനങ്ങളിൽ വിഭാഗീയത സൃഷ്ടിച്ച് പ്രസ്ഥാനത്തെ തകർക്കുകയല്ല ചെയ്യേണ്ടത്. രാഹുൽ ഗാന്ധിയുടെ ഡാളസ് സന്ദർശന വേളയിൽപോലും ഈ കൂട്ടർ പല വിദ്വേഷങ്ങളും പറഞ്ഞുപരത്തിയിരുന്നു.

ഒ.ഐ.സി.സിയുടെ ഗ്ലോബൽ കമ്മിറ്റി പിരിച്ചുവിട്ടതായി കെ.പി.സി.സി ജനറൽ സെക്രട്ടറി അഡ്വ. എം. ലിജുവിന്റെ ഒരു പ്രസ്താവന ഈയിടെ കാണുകയുണ്ടായി. യഥാർത്ഥ കോൺഗ്രസ് പ്രവർത്തകരോട് ഒന്നേ പറയുവാനുള്ളൂ. സ്വന്തം താല്പര്യത്തിനു വേണ്ടി വിഭാഗീയതകൾ സൃഷ്ടിച്ച് വിഘടിച്ചു നില്ക്കാതെ യഥാർത്ഥ കോൺഗ്രസുകാരനായി ഐ.ഒ.സി.യോടൊപ്പം ചേർന്നു പ്രവർത്തിക്കുക. ഐ.ഒ.സി കേരള ചാപ്റ്റർ ചെയർമാൻ തോമസ് മാത്യുവും പ്രസിഡണ്ട് സതീശൻ നായരും ഒരു പത്രക്കുറിപ്പിലൂടെ അറിയിച്ചതാണിത്.

#1 SERVICE



BROKER / REALTOR®

# Ann Varkey

Certified Luxury Home Specialist
RE/MAX Properties S.W., Inc.
(407) 352-5800 Ext. 645
WWW.ANNVARKEY.COM
AnnVarkeyRealtor@gmail.com

#1 RE/MAX ORLANDO FLORIDA

REALTOR 36 YEARS

15 PAID WEB DOMAINS to market your home. No transaction fees for Sellers or Buyers

Lifetime Achievement Award - Chairman's Club Award – Hall of Fame – YMCA Leaders Club Honor




9222 SOUTHERN BREEZE DR.
5 BR + Office 4.5 BA HEATED POOL/SPA




Please visit my new advanced website AnnVarkey.com Linked through Google







Portions of Commissions go to VarkeyCharities.com

Provided 61 Lepers with Prosthetic Legs & Hands, Remodeled Ladies & Mens Lepers Ward

Must see it to Believe it! Lake View & Golf Front Luxury Estate Home
High Level Security and Privacy – Pool / Spa $3,475,000






Estates at Phillips Landing – New Kitchen Remodel
New A/C, New Pool Pump, New Pool Heater $1,145,000




9107 SOUTHERN BREEZE DRIVE
$2,450,000

*WHEN YOU ARE LOOKING FOR RESULTS, YOU CALL THE BEST. WHEN YOU WANT THE BEST, YOU CALL ANN. 407-489-4225*

www.AnnVarkey.com
See Testimonials on Ann's Website
Ann gives back to the community

Other Listings, Vacant Lands, Rentals also available. See Letters from Washington.

# പതിനഞ്ചാമത് കെ.സി.സി.എൻ.എ കൺവൻഷൻ അവിസ്മരണീയമായി

2024 ജൂലൈ 4 5 6 7

സാൻ അന്റോണിയോ ടെക്സാസ്




കൺവെൻഷൻ
ചിത്രങ്ങളിലൂടെ
6 months later....
916 KNANAYA GOLD
15th KCCNA
KCCNA
KNANAYA CATHOLIC CONGRESS OF NORTH AMERICA
15 CONVENTION
KNAI THOMA NAGAR
KNANAYA CATHOLIC SOCIETY
CHICAGO
K C S DETROIT & WINDSOR
KNANAYA CATHOLIC ASSOCIATION
DALLAS - FORT WORTH
KCA DFW


കൺവെൻഷൻ ചിത്രങ്ങളിലൂടെ
KCYL CHICAGO
15 KCCNA CONVENTION
KCCNA CONVENTION
HOUSTON KNANAYA CATHOLIC SOCIETY
KCYL




## കൺവെൻഷൻ ചിത്രങ്ങളിലൂടെ

റിപ്പോർട്ട് : ബൈജു ആലപ്പാട്ട്
KCCNA PRO

# കൈരളിടിവി ഫിലിം ഫെസ്റ്റിവൽ: ഒയാസിസ് മികച്ച ചിത്രം
# ജോസ്കുട്ടി വലിയകല്ലുങ്കൽ മികച്ച നടൻ; ദീപ മേനോൻ മികച്ച നടി

**ജോസഫ് പ്ലാക്കാട്ട്**

ന്യൂയോർക്ക്: വടക്കെ അമേരിക്കയിലെ ചലച്ചിത്ര പ്രതിഭകളെ കണ്ടെത്താനുള്ള കൈരളിടിവി യുഎസ്എ ആരംഭിച്ച ഷോർട്ട് ഫിലിം മത്സരത്തിൽ വിവിധ സ്റ്റേറ്റുകളിൽ നിന്നും 40 ചിത്രങ്ങൾ പങ്കെടുത്തു. അമേരിക്കൻ മലയാളികളുടെ ജീവിതപരിസരങ്ങളെ അധികരിച്ച ലഘു ചിത്രങ്ങളാണ് മത്സരത്തിൽ ഉണ്ടായിരുന്നത്. അമേരിക്കൻ പ്രവാസികൾക്കിടയിൽ വളർന്നുവരുന്ന ചലച്ചിത്ര പ്രതിഭകളെ കണ്ടെത്തുന്നതിനും പിന്തുണയ്ക്കുന്നതിനും വേണ്ടിയാണ് കൈരളിടിവി ടീം ഈ ഷോർട്ട് ഫിലിം മത്സരം സംഘടിപ്പിച്ചത്.

അദ്ധ്യാപികയും എഴുത്തുകാരിയുമായ ദീപ നിശാന്ത് (അസി. പ്രഫ. ശ്രീ വിവേകാനന്ദ കോളജ്), കവിയും ന്യൂസ് ഡയറക്ടറുമായ ഡോ. എൻ.പി ചന്ദ്രശേഖരൻ എന്നിവർ ജൂറിമാരായ കമ്മിറ്റി ഫൈനൽ റൗണ്ടിലേക്ക് 11 ചലച്ചിത്രങ്ങൾ തെരഞ്ഞെടുത്തു. പ്രേക്ഷകരുടെ അഭിപ്രായം കൂടി തേടി മികച്ച ഹ്രസ്വചലച്ചിത്രം തെരഞ്ഞെടുക്കുകയായിരുന്നു.

മികച്ച ഹ്രസ്വചിത്രമായി സാൻഡിയാഗോയിൽ നിന്നുള്ള ശ്രീലേഖ ഹരിദാസ് സംവിധാനം നിർവഹിച്ച 'ഒയാസിസ്' തെരഞ്ഞെടുക്കപ്പെട്ടു. തൃശൂർ സ്വദേശിയായ ശ്രീലേഖ സാൻഡിയാഗോയിൽ കോർപ്പറേറ്റ് അറ്റോർണിയാണ്. ചെറുപ്പം മുതൽ സിനിമ മനസ്സിൽ കൊണ്ടുനടന്ന ശ്രീലേഖ പൂന ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ സിനിമ പഠിക്കാൻ പോകാൻ ആഗ്രഹിച്ചിരുന്നു. അമേരിക്കയിൽ എത്തിയശേഷം സ്വപ്നങ്ങൾ പൊടിതട്ടിയെടുത്തു. സാൻഡിയാഗോയിലെ ലോക്കൽ അസോസിയേഷന്റെ ഷോർട്ട് ഫിലിം മത്സരത്തിലൂടെ 2022 മുതൽ ഓരോ ഷോർട്ട് ഫിലിമുകൾ പുറത്തുവന്നിട്ടുണ്ട്. ഓരോന്നും ഒന്നിനൊന്നു മെച്ചം. ശ്രീലേഖയുടെ ഒയാസിസ് എന്ന ഷോർട്ട് ഫിലിമിനാണ് കൈരളി യുഎസ്എയുടെ ഒന്നാം സമ്മാനം.

മികച്ച നടനായി മിക്സഡ് ജ്യൂസ്, പോസിറ്റീവ് എന്നീ ഹ്രസ്വചിത്രങ്ങളിൽ അഭിനയിച്ച ജോസ്കുട്ടി വലിയകല്ലുങ്കൽ തെഞ്ഞെടുക്കപ്പെട്ടു. കൈരളി ടിവി ടെലികാസ്റ്റ് ചെയ്ത്, ജനഹൃദയങ്ങൾ കീഴടക്കിയ അക്കരക്കാഴ്ചയിലെ നായകനായ ജോസ് ലോകത്തുള്ള മലയാളികൾക്ക് സുപരിചിതനാണ്. അക്കരക്കാഴ്ചയിലെ അഭിനയ മികവിന് ശേഷം മലയാള സിനിമയിലും നാടകങ്ങളിലും പല വേഷങ്ങളിൽ അഭിനയിച്ചു. ഒന്നുരണ്ട് മലയാള സിനിമകളിൽ മികച്ച വേഷങ്ങൾ ഓഫർ കിട്ടിയെങ്കിലും ഇവിടുത്തെ ജോലി ഉപേക്ഷിച്ച് നാട്ടിൽ പോയി നാളുകൾ താമസിക്കാൻ കഴിയാത്തതിനാൽ ഓഫറുകൾ നിരസിക്കേണ്ടിവന്നു. ജോലിക്കുപുറമെ കലാപ്രവർത്തനവും നടത്തുന്ന ജോസ്കുട്ടി ന്യൂജേഴ്സിയിൽ താമസിക്കുന്ന കോട്ടയം ജില്ലയിലെ വെളിയന്നൂർ സ്വദേശിയാണ്.

മികച്ച നടി ദീപ മേനോൻ (ചിത്രം ഒയാസിസ്) സാൻഡിയാഗോയിൽ ഐടി രംഗത്തു ജോലി ചെയ്യുന്ന പാലക്കാട് പള്ളിപ്പുറം സ്വദേശിയാണ്. സ്പോർട്സിലും ഡാൻസിലും മികവ് തെളിയിച്ചിട്ടുള്ള ദീപ ആദ്യമായിട്ട് അഭിനയിച്ച ഷോർട്ട് ഫിലിമിൽ തന്നെ കൈരളി ടിവി ഷോർട്ട് ഫിലിം അവാർഡ് ലഭിച്ചു. കൂടുതൽ അവസരങ്ങൾ അഭിനയരംഗത്ത് ദീപയെ തേടിയെത്തുമെന്നുള്ള കാര്യത്തിൽ സംശയമില്ല.




ഒക്ടോബർ 19-ന് വൈകിട്ട് കേരള സെന്റർ പ്രതിഭകളായ യുഎസ് മലയാളികൾക്ക് നല്കുന്ന നാഷണൽ അവാർഡ് വേദിയിൽ കൈരളി ടിവി യുഎസ്എയുടെ ഷോർട്ട് ഫിലിം മത്സരത്തിൽ വിജയികളായവർക്കും അവാർഡുകൾ നല്കും.

മത്സരത്തിൽ പങ്കെടുത്ത എല്ലാ ചിത്രങ്ങളും ഒന്നിനൊന്ന് മെച്ചമായിരുന്നു. അവസാന റൗണ്ടിൽ എത്തിയവയിൽനിന്ന് മികച്ച ഷോർട്ട് ഫിലിം, മികച്ച അഭിനേതാക്കൾ എന്നിവർക്കാണ് സമ്മാനങ്ങൾ നല്കുന്നത്.

ഡോ. ജോൺ ബ്രിട്ടാസിന്റെ നേതൃത്വത്തിൽ വടക്കെ അമേരിക്കയിലെ കൈരളി ടിവിയുടെ പ്രതിനിധികളായ ജോസ് കാടാപുറം, ജോസഫ് പ്ലാക്കാട്ട്, ഷോർട്ട്ഫിലിം കോ-ഓർഡിനേറ്റർ തോമസ് രാജൻ, അമേരിക്കയിലെ മികച്ച അവതാരകരായ സുബി തോമസ്, തുഷാര ഉറുമ്പിൽ, പ്രവിധ എന്നിവരാണ് ഈ മത്സരങ്ങളുടെ ചുക്കാൻ പിടിച്ചത്.

കൂടുതൽ വിവരങ്ങൾക്ക് ജോസ് കാടാപുറം 9149549586.

# പേജറുകളിൽ ഒളിഞ്ഞിരിക്കുന്ന ഭീകരത

**രാജു തരകൻ**

**ലോ**കരാഷ്ട്രങ്ങളിൽ ഏറെ ചർച്ചചെയ്യപ്പെട്ട ഒരു വിഷയമായിരുന്നു യിസ്രായേൽ ലെബനനിൽ പേജറുകൾ ഉപയോഗിച്ചുള്ള സ്ഫോടനം. അമേരിക്കൻ മുൻ പ്രതിരോധ സെക്രട്ടറിയായിരുന്ന ലിയോൺ പനേറ്റയുടെ അഭിപ്രായമനുസരിച്ച് പേജറുകൾ ഉപയോഗിച്ചുള്ള സ്ഫോടനം ഒരുതരം ഭീകരതയെയാണ് തുറന്നുകാട്ടുന്നത്. യുദ്ധമുഖത്ത് ശത്രുവിനെ തകർക്കുവാൻ ആയുധങ്ങൾ ഉപയോഗിക്കുമ്പോൾ അതിൽനിന്നും തികച്ചും വ്യത്യസ്തമാണ് പേജറുകൾ ഉപയോഗിച്ചുള്ള സ്ഫോടനം. ആശയവിനിമയത്തിന് 1921-ൽ പേജറുകൾ സർവ്വസാധാരണമായിരുന്നു. ഒരു ചെറിയ ബാറ്ററിയിൽ പ്രവർത്തിക്കുന്ന ഈ ലഘു ഇലക്ട്രോണിക് ഉപകരണം റേഡിയോ റിസീവറായിട്ടും 'ബീപ്പർ' എന്ന നാമധേയത്തിലുമാണ് അറിയപ്പെട്ടിരുന്നത്. സന്ദേശങ്ങൾ സ്വീകരിക്കുന്ന പേജറുകളും സന്ദേശങ്ങൾക്ക് മറുപടി കൊടുക്കുന്ന പേജറുകളും നിലവിലുണ്ട്.



ലേഖകൻ

1990 വരെ പേജറുകൾ ജനങ്ങളുടെ ഒഴിച്ചുകൂടാനാവാത്ത വാഹകനായിരുന്നെങ്കിൽ ഏകദേശം രണ്ടായിരത്തോടെ ആ സ്ഥാനം സെൽഫോണുകൾ ഏറ്റെടുത്തു. സദുദ്ദേശ്യത്തോടെ നിർമ്മിച്ച പേജറുകൾ ഇന്ന് സ്ഫോടനങ്ങൾക്കായി ഉപയോഗിക്കുവാൻ തുടങ്ങിയിരിക്കുന്നു. ഗാസയിൽ യിസ്രായേൽ നടത്തിയ ആക്രമണം മൂലം 40,691 പേർ മരണപ്പെടുകയും 94,000 പേർക്ക് പരുക്കേറ്റിട്ടുണ്ടെന്നുമാണ് കണക്കാക്കുന്നത്. ജറുസലേം ആസ്ഥാനമായിട്ടുള്ള ജൂത പീപ്പിൾ പോളിസി ഇൻസ്റ്റിറ്റ്യൂട്ട് ഓഗസ്റ്റ് മാസം നടത്തിയ സർവ്വേയിൽ 49 ശതമാനം ജൂത യിസ്രായേൽ ജനങ്ങളും തങ്ങളുടെ സൈന്യം ഗാസ-ഈജിപ്റ്റ് അതിർത്തി വിടരുത് എന്നുള്ള തീരുമാനത്തിൽ ഉറച്ചുനില്ക്കുന്നവരാണ്.

യിസ്രായേൽ സൈനികർക്കെതിരെ തീവ്രവാദികൾ നടത്തുന്ന പോരാട്ടത്തിൽ ഹമാസ് പരാജയപ്പെടുമെന്ന വിശ്വാസത്തിലാണ് യിസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവിനുള്ളത്. യിസ്രായേൽ രാഷ്ട്രം ലോകരാഷ്ട്രങ്ങളുടെ ശ്രദ്ധാകേന്ദ്രമാണ്. അതിനു കാരണം യിസ്രായേൽ ദൈവത്തിന്റെ സ്വന്തജനമാണ്. നമ്മൾ ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടവരാണെങ്കിൽ നിശ്ചയമായി നാം ദൈവിക സംരക്ഷണ വലയത്തിനുള്ളിലാണ്. "നിന്റെ വശത്ത് ആയിരം പേരും നിന്റെ വലതുവശത്ത് പതിനായിരം പേരും വീഴും, എങ്കിലും അത് നിന്നോട് അടുത്തുവരികയില്ല" (സങ്കീർത്തനം 91-ന്റെ 7). അത്യുന്നതന്റെ മറവിൽ വസിക്കുകയും സർവ്വശക്തന്റെ നിഴലിൻ കീഴിൽ പാർക്കുകയും ചെയ്യുന്നവർക്കണ് ഇത്തരത്തിലുള്ള ദൈവിക സംരക്ഷണം ലഭ്യമാകുന്നത്. മനുഷ്യർ ഭീകരവാദികളായ് തീരുന്നതിന്റെ പ്രധാന കാരണം അവർ യഥാർത്ഥ ദൈവത്തെ അറിയാത്തതുകൊണ്ടാണ്. ആയതുകൊണ്ട് പ്രേഷിത ദൗത്യത്തിൽ നമ്മൾക്ക് ഇനിയും മുന്നോട്ട് യാത്ര തുടരേണ്ടിയിരിക്കുന്നു. നാം അറിഞ്ഞ സത്യം മറ്റുള്ളവരിലേക്ക് പകരാം.

# കൂട്ടായ്മയുടെ വിസ്മയം തീർത്ത് ബെൻസൻവിൽ ഫാമിലി ക്യാമ്പിങ്

**ലിൻസ് താന്നിച്ചുവട്ടിൽ**

ചിക്കാഗോ: ബെൻസൻവിൽ തിരുഹൃദയ ക്നാനായ കത്തോലിക്കാ ഇടവക മൂന്നു ദിവസമായി നടത്തിയ ഫാമിലി ക്യാമ്പിങ് കൂട്ടായ്മയുടെ അത്ഭുതക്കൂട്ടമായി മാറി. ഈ ഫാമിലി ക്യാമ്പിങ്ങിൽ പങ്കെടുത്ത ഓരോ കുടുംബത്തിനും ഇത് വലിയ സ്നേഹക്കൂട്ടായ്മയുടെ അനുഭവം പ്രദാനം ചെയ്തു. ഇടവക വികാരി ഫാ. തോമസ് മുളവനാൽ, അസി. വികാരി ഫാ. ബിൻസ് ചേത്തലിൽ, ക്യാമ്പിങ് കോ-ഓർഡിനേറ്റിങ് കമ്മിറ്റി അംഗങ്ങളായ ജെയ്മോൻ നന്തികാട്ട്, സജി ഇറപുറം, സണ്ണി ഇണ്ടിക്കുഴി, തമ്പി ചെമ്മാച്ചേൽ എന്നിവർക്കൊപ്പം ഇടവക കൈക്കാരന്മാരായ തോമസ് നെടുവാമ്പുഴ, മത്തിയാസ് പുല്ലാപ്പള്ളിൽ, സാബു മുത്തോലം, കിഷോർ കണ്ണാല, ജെൻസൻ ഐക്കരപറമ്പിൽ എന്നിവരും എന്റർടെയ്ൻമെന്റ് കോ-ഓർഡിനേറ്റേഴ്സായ ജനിമോൾ ഒറ്റത്തൈയ്ക്കൽ, മോളമ്മ തൊട്ടിച്ചിറയിൽ എന്നിവരും ക്രമീകരണങ്ങൾക്ക് നേതൃത്വം നല്കി. മുതിർന്നവർ മുതൽ കൊച്ചുകുട്ടികൾ വരെ ഏറെ ആനന്ദത്തോടെ ഏറ്റെടുത്ത ഫാമിലി ക്യാമ്പിങ് വരുംവർഷങ്ങളിൽ മുടങ്ങാതെ നടത്തണമെന്ന് പങ്കെടുത്ത ഏവരും ഒന്നടങ്കം അഭിപ്രായപ്പെട്ടു.



## ചിക്കാഗോ സോഷ്യൽ ക്ലബ്

# 11–ാമത് നാഷണൽ ചീട്ടുകളി മത്സരം ആവേശോജ്വലമായി

മാത്യു തട്ടാമറ്റം

ചിക്കാഗോ സോഷ്യൽ ക്ലബിന്റെ 11–ാമത് നാഷണൽ ചീട്ടുകളി മത്സരങ്ങൾക്ക് തിരശ്ശീല വീണപ്പോൾ ജനപങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായ ഈ നാഷണൽ ചീട്ടുകളി മത്സരങ്ങളിൽ 28 (ലേലം) മത്സരത്തിൽ ആഷ്‌ലി ജോർജ്, പ്രിൻസ് ഈപ്പൻ, ഷിനു രാജപ്പൻ എന്നിവരുടെ ടീം ഒന്നാം സമ്മാനമായ സെന്റ് മേരീസ് പെട്രോളിയം സ്പോൺസർ ചെയ്യുന്ന 1501 ഡോളറും കെ.കെ. ചാണ്ടി കൂവക്കാട്ടിൽ മെമ്മോറിയൽ എവർറോളിംഗ് ട്രോഫിയും കരസ്ഥമാക്കി. രണ്ടാം സമ്മാനമായ Royal Groceries & Kitchen സ്പോൺസർചെയ്യുന്ന 751 ഡോളറും എവർറോളിംഗ് ട്രോഫിയും ബെന്നി പടിഞ്ഞാറേൽ, സിബി കദളിമറ്റം, ജിബി കൊല്ലപ്പിള്ളി എന്നിവരുടെ ടീമും, മൂന്നാം സമ്മാനമായ Cleartax Consulting സ്പോൺസർ ചെയ്യുന്ന 501 ഡോളറും എവർറോളിംഗ് ട്രോഫിയും ജോണി പൂത്തുറ & ടീമും, നാലാം സമ്മാനമായ ജോയി നെല്ലാമറ്റം സ്പോൺസർ ചെയ്യുന്ന 251 ഡോളറും ട്രോഫിയും സതീശൻ, ജോൺസൺ, തോമസ് കടിയമ്പള്ളി എന്നിവരുടെ ടീമും കരസ്ഥമാക്കി.

വളരെ വാശിയേറിയ റമ്മി മത്സരത്തിൽ ഒന്നാം സ്ഥാനം ബിജു പെരികലം Urban cleaners സ്പോൺസർ ചെയ്യുന്ന 1501 ഡോളറും ട്രോഫിയും കരസ്ഥമാക്കി. രണ്ടാം സ്ഥാനം Curry Leaves സ്പോൺസർ ചെയ്യുന്ന 751 ഡോളറും ട്രോഫിയും ബിജോയി കാപ്പൻ കരസ്ഥമാക്കി. മൂന്നാം സമ്മാനമായ പീറ്റർ കുളങ്ങര സ്പോൺസർ ചെയ്യുന്ന 501 ഡോളറും ട്രോഫിയും അഖിൽ കണ്ണന്താനം, നാലാം സമ്മാനമായ സൈമൺ ചക്കാലപ്പടവിൽ സ്പോൺസർ ചെയ്യുന്ന 251 ഡോളറും ട്രോഫിയും ലൂക്കാച്ചൻ പൂഴിക്കുന്നേലും സ്വന്തമാക്കി.

ടെക്നിക്കൽ സൈഡിൽ നമ്മളെ ഹെൽപ്പ് ചെയ്ത സനീഷ് ജോണിന് സോഷ്യൽ ക്ലബിന്റെ നന്ദി അറിയിക്കുന്നു. അതോടൊപ്പം ചിക്കാഗോ സോഷ്യൽ ക്ലബിന്റെ ഈ ജനകീയ ചീട്ടുകളി മത്സരം ഉജ്ജ്വലവിജയമാക്കിത്തന്ന ചിക്കാഗോയിലെ നല്ലവരായ സുഹൃത്തുക്കൾക്കും, ഈ മത്സരത്തിൽ പങ്കെടുത്ത എല്ലാ ടീമുകൾക്കും, എല്ലാ സ്പോൺസർമാർക്കും നന്ദിയോടൊപ്പം വിജയിച്ച എല്ലാ ടീമുകൾക്കും ആശംസകളും നേരുന്നതായി ചിക്കാഗോ സോഷ്യൽ ക്ലബിന്റെ പ്രസിഡന്റ് സിബി കദളിമറ്റം, വൈസ് പ്രസിഡന്റ് ജെസ്സ്മോൻ പുറമഠം, സെക്രട്ടറി സിബി കൈതക്കത്തൊട്ടിയിൽ, ട്രഷറർ ജോമോൻ തൊടുകയിൽ, ജോയിന്റ് സെക്രട്ടറി സാബു പടിഞ്ഞാറേൽ എന്നിവരും ടൂർണമെന്റ് കോ-ഓർഡിനേറ്റേഴ്സ് ആയ അഭിലാഷ് നെല്ലാമറ്റം, റോയി മുണ്ടയ്ക്കപ്പറമ്പിൽ, പ്രസാദ് വെള്ളിയൻ, ബിജോയി കാപ്പൻ, ലൂക്കാച്ചൻ പൂഴിക്കുന്നേൽ, ജഡ്ജ് അലക്സ് പടിഞ്ഞാറേൽ, മനോജ് അമ്മായികുന്നേൽ, ടെക്നിക്കൽ കോ-ഓർഡിനേറ്റർ മനോജ് വഞ്ചിയിൽ എന്നിവർ സംയുക്തമായി അറിയിച്ചു.

**ചീട്ടുകളി 28 (ലേലം) മത്സരത്തിൽ വിജയികളായ ടീമുകൾ**









**റമ്മി മത്സരത്തിൽ വിജയികളായ ടീമുകൾ**










# പാക്കിസ്ഥാനിലെ ഓർത്തഡോക്സ് സഭയ്ക്ക് വീണ്ടും ഫാ. ജോസഫ് വർഗീസിന്റെ സഹായം

ജോർജ് തുമ്പയിൽ

ന്യൂജേഴ്സി: പാക്കിസ്ഥാനിലെ സിറിയക് ഓർത്തഡോക്സ് സഭയ്ക്ക് സഹായഹസ്തവുമായി വീണ്ടും ഫാ. ജോസഫ് വർഗീസ്. ശുദ്ധജല വിതരണത്തിനായി വീണ്ടും വാട്ടർപമ്പ് സ്ഥാപിച്ചു നല്കി. പാക്കിസ്ഥാനിലെ സിന്ധ് പ്രവിശ്യയിലെ ഗോണ്ടൽ ഫാം ഗ്രാമത്തിലെ കുടുംബങ്ങൾക്ക് ശുദ്ധജലം നല്കുന്നതിനുള്ള ഈ പദ്ധതി



ഫാ. ജോസഫ് വർഗീസ്

പാക്കിസ്ഥാനിലെ സിറിയൻ ഓർത്തഡോക്സ് സമൂഹത്തിന്റെ സ്വപ്ന പദ്ധതിയാണ്. കിണർ കുഴിക്കുന്നത് ആ പ്രദേശത്ത് ശുദ്ധജലം നല്കുന്നതിനുമപ്പുറം ജീവിതത്തെ തന്നെ മാറ്റിമറിക്കുന്നു. ജലലഭ്യത കുട്ടികളെ ആരോഗ്യത്തോടെ നിലനിർത്തുന്നു. മണിക്കൂറുകളോളം വെള്ളം കോരുന്നതിനായി ചെലവിടുന്നതിനു പകരം അത് പെൺകുട്ടികളെ സ്കൂളിൽ പോകാൻ പ്രാപ്തരാക്കുന്നു. ആൺമക്കൾക്ക് ശോഭനമായ ഭാവി സ്വപ്നം കാണാനുള്ള സ്വാതന്ത്ര്യം നല്കുന്നു. ഇങ്ങനെ നിരവധി ഗുണങ്ങളുണ്ട്.

ഈ പ്രദേശത്തെ നിരവധി ആളുകൾ വെള്ളത്തിന്റെ ലഭ്യതക്കുറവ് മൂലവും സാനിറ്റേഷന്റെയും ശുചിത്വത്തിന്റെയും അപര്യാപ്തത മൂലവും കഷ്ടപ്പെടുന്നു. ഇത് ഓരോ ദിവസവും ജീവനുകൾ അപകടത്തിലാക്കുന്നു. സമീപത്തെ കനാലിൽ നിന്നും നദിയിൽ നിന്നുമുള്ള മലിനജലം ഉപയോഗിക്കുന്നത് മാരക രോഗങ്ങൾ പടരുന്നതിനും ജീവൻ അപഹരിക്കുന്നതിനും ഇതിനകം കടുത്ത ദാരിദ്ര്യത്തിൽ കഴിയുന്ന കുടുംബങ്ങൾക്ക് കൂടുതൽ സാമ്പത്തിക ബാദ്ധ്യത വരുത്താനും ഇടയാക്കും. ഓരോ വർഷവും 3.57 ദശലക്ഷം ആളുകൾ വെള്ളവുമായി ബന്ധപ്പെട്ട രോഗങ്ങൾമൂലം മരിക്കുന്നു.

അടുത്തിടെ പാക്കിസ്ഥാനിലേക്ക് നടത്തിയ മിഷൻ യാത്രയിൽ സിറിയൻ ഓർത്തഡോക്സ് സമൂഹത്തിന് വാട്ടർപമ്പ് സ്ഥാപിക്കുന്നതിന് സഹായം നല്കുമെന്ന് അച്ചൻ ഉറപ്പു നല്കിയിരുന്നു.



പാക്കിസ്ഥാനിലെ സിറിയക് ഓർത്തഡോക്സ് സഭാ ഇടവകയിലെ കുട്ടികളുടെയും സ്ത്രീകളുടെയും ദരിദ്രരും നിരാലംബരുമായ കുടുംബങ്ങളിലെ എല്ലാ അംഗങ്ങളുടെയും ക്ഷേമത്തിനും സുരക്ഷയ്ക്കുമായി അച്ചൻ നല്കുന്ന സ്നേഹത്തിനും ദയയ്ക്കും ഇടവക നന്ദി അറിയിച്ചു.

മതാന്തര സംവാദങ്ങളിലൂടെയും സമാധാന ദൗത്യ യാത്രകളിലൂടെയും ശ്രദ്ധിക്കപ്പെട്ട, പാർശ്വവത്കരിക്കപ്പെട്ടവർക്കു വേണ്ടി സംസാരിക്കുന്ന ഫാ. ജോസഫ് വർഗീസ് ആത്മീയ പാതകളിലെ അനുകരണീയ വ്യക്തിത്വമാണ്. മതങ്ങൾ തമ്മിലും വ്യത്യസ്ത മത പാരമ്പര്യങ്ങൾക്കിടയിലും വിവിധ തലങ്ങളിൽ ദേശീയ, അന്തർദ്ദേശീയ തലത്തിൽ ക്രിയാത്മക ഇടപെടലുകൾക്കും സഹകരണത്തിനും നേതൃത്വം വഹിക്കുന്ന ജോസഫ് വർഗീസ് അച്ചൻ മലയാളികൾക്ക് സുപരിചിതനാണ്. നിലപാടുകളിലെ വ്യതിരിക്തത ഈ വൈദികന്റെ പ്രവർത്തനവഴികളെ വേറിട്ടതാക്കുന്നു.

അന്ത്യോഖ്യ സിറിയൻ ഓർത്തഡോക്സ് ചർച്ചിന്റെ അമേരിക്കയിലെ മലങ്കര ആർച്ച് ഡയോസിസിലെ വൈദികനാണ് പത്തനംതിട്ട സ്വദേശിയായ ഫാ. ജോസഫ് വർഗീസ്. ഹോളി സോഫിയ കോപ്റ്റിക് ഓർത്തഡോക്സ് സ്കൂൾ ഓഫ് തിയോളജിയിലെ ആരാധനാക്രമ പഠനത്തിന്റെ അഡ്ജംക്റ്റ്





പ്രൊഫസറായും ന്യൂയോർക്കിലെ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിലീജിയസ് ഫ്രീഡം ആൻഡ് ടോളറൻസിന്റെ (ഐആർഎഫ്ടി-ന്യൂയോർക്ക്) എക്സിക്യൂട്ടീവ് ഡയറക്ടറായും ഫാ. ജോസഫ് വർഗീസ് സേവനമനുഷ്ഠിക്കുന്നു. ഐക്യരാഷ്ട്ര സഭാ ആസ്ഥാനത്ത് സമാധാനത്തിനായുള്ള മതങ്ങളുടെ എക്സിക്യൂട്ടീവ് കൗൺസിൽ (ആർഎഫ്പി-യുഎസ്എ) അംഗമായും നാഷണൽ കൗൺസിൽ ഓഫ് ചർച്ചസ് യുഎസ്എയുടെ ഇന്റർ റിലീജിയസ് ഡയലോഗ് (എൻസിസി-യുഎസ്എ)കളുടെ കോ-കൺവീനറായും പ്രവർത്തിക്കുന്നു. മുപ്പത്തിയേഴംഗ കൂട്ടായ്മകളെയും 30 ദശലക്ഷത്തിലധികം ക്രിസ്ത്യാനികളെയും പ്രതിനിധീകരിക്കുന്ന യുഎസിലെ നാഷണൽ കൗൺസിൽ ഓഫ് ചർച്ചസിന്റെ 2010 മുതലുള്ള മതാന്തര സംവാദങ്ങളുടെ കൺവീനിംഗ് ടേബിളിന്റെ കോ-കൺവീനറുമാണ്.

# ചിക്കാഗോ സെ. മേരീസ് ക്നാനായ ദേവാലയത്തിൽ സിഎംഎൽ യൂണിറ്റിന് പുതിയ ഭാരവാഹികൾ




ചിക്കാഗോ: സെ. മേരീസ് ക്നാനായ കത്തോലിക്കാ ദേവാലയത്തിലെ 2024-25 പ്രവർത്തനവർഷത്തെ മിഷൻ ലീഗ് യൂണിറ്റിന്റെ ഭാരവാഹികളെ സെപ്റ്റംബർ 21-ന് നടന്ന വാർഷിക യോഗത്തിൽ വെച്ച് തെരഞ്ഞെടുത്തു.

പുതിയ ഭാരവാഹികൾ യഥാക്രമം പ്രസിഡണ്ട് അശ്രിയൽ വാളത്താറ്റ്, വൈസ് പ്രസിഡണ്ട് ഇസബെൽ താന്നിച്ചുവട്ടിൽ, സെക്രട്ടറി ടോം പ്ലാത്താനത്ത്, ജോ. സെക്രട്ടറി അലിയ കൈതമലയിൽ, ട്രഷറർ ജാഷ് തോട്ടുങ്കൽ, ജോ. ട്രഷറർ ഡാനിയൽ വാളത്താറ്റ് എന്നിവരാണ്.

ഇതോടൊപ്പം തന്നെ മിഷൻ ലീഗിലെ 12 സബ് ഗ്രൂപ്പിന്റെ ലീഡേഴ്സിനെയും തെരഞ്ഞെടുത്തു. സി.എം.എൽ ഡയറക്ടർ ജോജോ അനാലിയും റിലീജിയസ് എജ്യൂക്കേഷൻ ഡയറക്ടർ സജി പൂതൃക്കയിലും തെരഞ്ഞെടുപ്പുകൾക്ക് നേതൃത്വം നല്കി.

22-ന് ഞായറാഴ്ച കുട്ടികളുടെ വിശുദ്ധ കുർബാനയ്ക്കു ശേഷം കഴിഞ്ഞവർഷത്തെ മിഷൻ ലീഗ് പ്രസിഡണ്ട് ആൻഡ്രൂ തേക്കുംകാട്ടിൽ പുതിയ ഭാരവാഹികളെ ഏവർക്കും പരിചയപ്പെടുത്തുകയും തുടർന്ന് സിഎംഎൽ സ്പിരിചൽ ഡയറക്ടർ ഫാ. സിജു മുടക്കോടിൽ പുതിയ ഭാരവാഹികൾക്ക് സത്യവാചകം ചൊല്ലിക്കൊടുക്കുകയും ചെയ്തു.

# പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങളും ഹാരിസ് ബീരാൻ എംപിയും അമേരിക്കൻ പര്യടനത്തിന്

യു.എ. നസീർ

ന്യൂയോർക്ക്: മുസ്‌ലിം ലീഗ് സംസ്ഥാന പ്രസിഡണ്ട് പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ, രാജ്യസഭാംഗം ഹാരിസ് ബീരാൻ എംപി എന്നിവർ അമേരിക്കയിൽ ഹ്രസ്വസന്ദർശനത്തിന് എത്തുന്നു. ജപ്പാനിലെ ഇന്ത്യൻ അംബാസഡർ സന്ദർശനം, വേൾഡ് മലയാളി ഫെഡറേഷൻ, നിഹോൻ കൈരളി, കെ.എം.സി.സി എന്നീ പരിപാടികളിൽ പങ്കെടുത്ത ശേഷമാണ് ഇവർ അമേരിക്കയിലേക്ക് തിരിക്കുന്നത്.

ഒക്ടോബർ 4-ന് സാൻഫ്രാൻസിസ്കോയിലെത്തിയ ഇവർ ബെർക്കിലി യൂണിവേഴ്സിറ്റിയിലെ വിദ്യാർത്ഥികളുമായി സംവദിക്കുകയും തുടർന്ന് 5-ന്





ഫ്രീമോണ്ടിലെ ചാന്ദ്നി റെസ്റ്റോറന്റിൽ കെ.എം.സി.എ സാൻ ഫ്രാൻസിസ്കോ ബേ ഏരിയയുടെ ആഭിമുഖ്യത്തിൽ സ്വീകരണവും നല്കി. തുടർന്ന് വാഷിങ്ടണിൽ എത്തി 11-ന് വെള്ളിയാഴ്ച രാവിലെ ഇന്ത്യൻ അംബാസഡറുമായി കൂടിക്കാഴ്ച നടത്തിയശേഷം ന്യൂയോർക്കിലേക്ക് തിരിക്കും. ഒക്ടോബർ 12-ന് ശനിയാഴ്ച രാവിലെ 11-ന് ന്യൂജേഴ്സിയിലെ റോയൽ ആൽബർട്ട് പാലസിൽ വെച്ച് തങ്ങൾക്കും സംഘത്തിനും കെ.എംസിസി-യുഎസ്എയുടെ നേതൃത്വത്തിൽ വിവിധ മലയാളി സംഘടനകളുടെ ആഭിമുഖ്യത്തിൽ സ്വീകരണം നല്കുന്നതാണ്. മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്നവർക്കാണ് പ്രവേശനം നല്കുക.

മൂത്തസഹോദരൻ പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങളുടെ പാത പിന്തുടർന്ന് മതമൈത്രിക്കും ജാതിമത ഭേദമെന്യേ കേരളീയർക്കായി ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുകയും കേരളത്തിനകത്തും പുറത്തും നിരവധി സൗജന്യ ആതുരസേവന-വിദ്യാഭ്യാസ സ്ഥാപനങ്ങൾ പടുത്തുയർത്താൻ യത്നിക്കുകയും ചെയ്യുന്ന സാദിഖലി തങ്ങൾ ഇന്ത്യയിലെ എല്ലാ രാഷ്ട്രീയ മതമേലദ്ധ്യക്ഷന്മാർക്കും ഏറെ പ്രിയപ്പെട്ടവനാണ്. ഇരുവരും ഒക്ടോബർ 14-ന് രാത്രി ന്യൂയോർക്കിൽ നിന്നും ഡൽഹിയിലേക്ക് മടങ്ങും.

# സീറോമലബാർ നാഷണൽ ഫാമിലി കോൺഫറൻസ് സമാപിച്ചു

ജോസ് മാളേയ്ക്കൽ

ഫിലാഡൽഫിയ: ചിക്കാഗോ രൂപതാ മെത്രാന്മാരുടെയും ഫിലാഡൽഫിയ അതിരൂപതാ മെത്രാന്റെയും കൂരിയാ വൈദികരുടെയും പങ്കാളിത്തം, എസ്.എം.സി.സി നാഷണൽ നേതൃനിരയുടെ സാന്നിദ്ധ്യം, പുതുപ്പള്ളി എംഎൽഎ ചാണ്ടി ഉമ്മന്റെ ആശംസകൾ, വിവിധ മീഡിയാ പ്രതിനിധികളുടെ തൽസമയ റിപ്പോർട്ടിങ്, കൃത്യമായ ടൈം മാനേജ്മെന്റ്, ആത്മീയാഘോഷങ്ങൾക്കൊപ്പം ആധുനിക ടെക്നോളജിയുടെ സഹായത്താൽ ഹൃദ്യമായി അവതരിപ്പിക്കപ്പെട്ട കലാപരിപാടികൾ, ഈടുറ്റ ചർച്ചാ സമ്മേളനങ്ങൾ, ന്യൂജേഴ്സി ലെജിസ്ലേറ്റീവ് മെംബർ സ്റ്റെർലി സ്റ്റാൻലിയുടെ സാന്നിദ്ധ്യത്തിൽ നടന്ന ബിസിനസ് സമ്മിറ്റ്, സ്വാദിഷ്ടമായ ഭക്ഷണം എന്നിവയാൽ സമ്പന്നമായ സീറോമലബാർ നാഷണൽ കുടുംബസംഗമം 29-ന് ഞായറാഴ്ച ഫിലാഡൽഫിയായിൽ സമാപിച്ചപ്പോൾ അതിന്റെ ബാക്കിപത്രമായി വിശ്വാസവളർച്ചയും സൗഹൃദം പുതുക്കലും പങ്കുവെക്കലും കുടുംബനവീകരണവും എടുത്തുപറയാം.









ചിക്കാഗോ സെ. തോമസ് സീറോമലബാർ രൂപതയിലെ പ്രമുഖ അത്മായ സംഘടനയായ സീറോമലബാർ കത്തോലിക്കാ കോൺഗ്രസിന്റെ (എസ്.എം.സി.സി) രജതജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് സെപ്റ്റംബർ 27 മുതൽ 29 വരെ രൂപതയുടെ നേതൃത്വത്തിൽ ദേശീയ തലത്തിൽ ഫിലാഡൽഫിയായിൽ നടത്തപ്പെട്ട ത്രിദിന ഫാമിലി കോൺഫറൻസ് സമാപിച്ചപ്പോൾ പങ്കെടുത്തവർക്ക് പലതുകൊണ്ടും സമാശ്വസിക്കാനുണ്ട്.

മൂന്നു ദിവസങ്ങളിലായി നടന്ന ആത്മീയ ശുശ്രൂഷകൾക്ക് ചിക്കാഗോ സീറോമലബാർ രൂപതാ മെത്രാന്മാരായ മാർ ജോയി ആലപ്പാട്ട്, എമരിത്തൂസ് ബിഷപ് മാർ ജേക്കബ് അങ്ങാടിയത്ത്, ഫിലാഡൽഫിയ അതിരൂപതയുടെ സഹായമെത്രാൻ അഭിവന്ദ്യ എഫ്രേൺ എസ്മില്ല, ചിക്കാഗോ രൂപതാ വികാരി ജനറാൾ റവ.ഫാ. ജോൺ മേലേപ്പുറം, എസ്.എം.സി.സി നാഷണൽ ഡയറക്ടർ റവ.ഫാ. ജോർജ് എളംബാശേരിൽ, രൂപതാ ചാൻസലറും ഫിലാഡൽഫിയാ ഇടവക വികാരിയുമായ റവ.ഡോ. ജോർജ് ദാനവേലിൽ, സഹവികാരി റവ.ഫാ. റിനേഴ്സ് കോയിക്കലോട്ട് എന്നിവർ കാർമ്മികത്വം വഹിച്ചു. സമീപ ഇടവകകളിലെ വൈദികർ, സിഎംസി സിസ്റ്റേഴ്സ് എന്നിവരുടെ സാന്നിദ്ധ്യവും ശുശ്രൂഷകളെ സമ്പുഷ്ടമാക്കി.

സീറോമലബാർ വിശ്വാസപാരമ്പര്യങ്ങൾക്കനുസരിച്ചുള്ള ലിറ്റർജിക്കൽ ആഘോഷങ്ങളോടൊപ്പം കണ്ണിനും കാതിനും മനസ്സിനും ഒരുപോലെ കുളിർമ്മയേകിയ വിവിധ രസക്കൂട്ടു കലാപരിപാടികളും ത്രിദിന കുടുംബസമ്മേളനത്തിന്റെ ഭാഗമായി ക്രമീകരിച്ചിരുന്നു. വെള്ളിയാഴ്ച വ്യത്യസ്ത രുചിഭേദത്തിന്റെ സ്വരരാഗസംഗീത മസാലക്കൂട്ടുകളുമായി പ്രശസ്ത സംഗീത ബാൻഡായ 'മസാലകോഫി'യുടെ അത്യുഗ്രപ്രകടനം, പാടുംപാതിരി റവ. ഡോ. പോൾ പൂവത്തിങ്കൽ സിഎംഐ, ഗായകരായ ബ്രിസ്റ്റോ സേവ്യർ, സുഷമ പ്രവീൺ എന്നിവർ നയിച്ച സായാഹ്ന സംഗീതം, മാർഗംകളി, വില്ലുപാട്ട്, വിജ്ഞാനപ്രദമായ ചർച്ചാസമ്മേളനങ്ങൾ, വിവിധ സീറോമലബാർ ദേവാലയ ഗായകസംഘങ്ങൾ അവതരിപ്പിച്ച ക്വയർഫെസ്റ്റ്, കാണികളുടെ നിരന്തര കയ്യടി കരസ്ഥമാക്കിയ ഫൺ റാമ്പ് വാക്ക്, കുട്ടികളുടെ പ്രെയർ ഡാൻസ്, സീറോമലബാർ പയനിയേഴ്സിന്റെ മുതിർന്ന മക്കളുടെ ഡാൻസ്, മാതാ ഡാൻസ് അക്കാഡമി കുട്ടികളുടെ സംഘനൃത്തം, നസ്രാണിത്തനിമയിലുള്ള ഘോഷയാത്ര എന്നിവ കാണികളുടെ മനം കവരുന്നതായിരുന്നു.

ചിക്കാഗോ രൂപതാ മെത്രാന്മാരും കൂരിയാ വൈദികരും കാർമ്മികരായ ഞായറാഴ്ചയിലെ ആഘോഷമായ ദിവ്യബലിയെത്തുടർന്ന് വിവാഹജീവിതത്തിന്റെ 50 വർഷങ്ങൾ പിന്നിട്ട തോമസ് തോമസ് പാലത്ര/ഡെയ്സി (സ്റ്റാറ്റൻ ഐലൻഡ്), സിൽവർ ജൂബിലി ആഘോഷിക്കുന്ന ബെന്നി അവനാപുരത്ത്/മിനിമോൾ (ലോങ് ഐലൻഡ്), ജെയിംസ് കുരുവിള/റോസമ്മ (ഫിലാഡൽഫിയ), തോമസ് ചാക്കോ/ആഷ (ഫിലാഡൽഫിയ) എന്നീ ജൂബിലി ദമ്പതിമാരെ ബൊക്കെ നല്കി പിതാക്കന്മാർ ആശീർവദിച്ചനുഗ്രഹിച്ചത് അവരുടെ ജീവിതത്തിൽ എന്നെന്നും ഓർമ്മിക്കുവാനുള്ള ധന്യമുഹൂർത്തമായിരുന്നു.

'ജൂബിലി മംഗളഗാനം പാടാം, എസ്.എം.സി.സിയിൽ അണിചേരാം' എന്നു തുടങ്ങുന്ന ശ്രുതിമധുരമായ അവതരണഗാനം സീറോമലബാർ കുടുംബസംഗമത്തിനു മിഴിവേകി. മൂന്നു ദിവസങ്ങളിലായി കൃത്യമായ ക്വാളിറ്റി പ്രോഗ്രാമുകളുമായി സമയബന്ധിതമായി നടത്തപ്പെട്ട ഫാമിലി കോൺഫറൻസിൽ പങ്കെടുത്ത എല്ലാവരും ആതിഥേയരായ ഫിലാഡൽഫിയാ ഇടവകയെ അഭിനന്ദനങ്ങൾ അറിയിച്ച് സന്തുഷ്ടരായി മടങ്ങി.

ഫോട്ടോ: ജോസ് തോമസ്



PURCHASE AND REFINANCE MORTGAGES
CALL ME @
847 471 4423
BIJU JAMES
Mortgage Loan Originator
NMLS# 2023450
bijujamescitywide@gmail.com
(847) 471 4423
- Pre Approvals in minutes !!!
- Low Down Payments for Qualified Customers
Illinois Residential Mortgage Licensee
Citywide Mortgage of America Corp.
Offiece: (773) 202-2600, Fax: (773) 202 2605
NMLS (Office)# 255253
Visit: www.citywidema.com
4323 W Irving Park 1B, Chicago, Illinois 60641

വഴിത്താരകൾ
കേരളാ എക്സ്പ്രസ് KERALA EXPRESS
Weekly Newspaper National Edition from Chicago
കേരളാ എക്സ്പ്രസ്സിലെ ശ്രദ്ധേയമായ പംക്തി
നിങ്ങളുടെ ജീവിതം ഞങ്ങളോട് പറയാൻ താല്പര്യമുണ്ടോ?
വെറും ജീവിതമല്ല കേട്ടോ,
മറ്റുള്ളവർക്ക് വേണ്ടി മാറ്റിവെച്ച ജീവിതം,
മാതൃകയാക്കാവുന്ന ജീവിതം,
ഉണ്ടെങ്കിൽ മുഖത്ത് നോക്കി നിങ്ങളുടെ കഥ പറയാം
ഇനി ലോകം നിങ്ങളെ അറിയട്ടെ
ഇതാ ഒരു സുവർണ്ണാവസരം..!
കേരളാ എക്സ്പ്രസിന്റെ 'വഴിത്താരകൾ' എന്ന പംക്തിയിലൂടെ
വിശദവിവരങ്ങൾക്കായി കേരള എക്സ്പ്രസ് എക്സിക്യൂട്ടീവ് എഡിറ്റർ ജോസ് കണിയാലിയുമായി (630)728-7956 ബന്ധപെടുക.

# ജയിലിൽ ജാതിവിവേചനം പാടില്ല: സുപ്രീം കോടതി

ന്യൂഡൽഹി: കേരളത്തിലേതുൾപ്പെടെ ജയിലുകളിൽ കടുത്ത ജാതിവിവേചനം ഉണ്ടെന്ന ഹർജി പരിഗണിച്ച സുപ്രീം കോടതി, ജയിലുകളിൽ ജാതി അടിസ്ഥാനമാക്കി തൊഴിൽ ചെയ്യിക്കുന്നത് നിർത്തലാക്കാനും ജയിൽ രജിസ്റ്ററിലെ ജാതി കോളം ഒഴിവാക്കാനും ഉത്തരവിട്ടു. ജയിലുകളിലെ ജോലിയെ ജാതിയുടെ അടിസ്ഥാനത്തിൽ വീതംവെച്ചു നൽകുന്നതു ഭരണഘടനാ വിരുദ്ധമാണെന്ന് കോടതി നിരീക്ഷിച്ചു. തൂപ്പുജോലി തുടങ്ങിയവ പിന്നാക്കക്കാർക്കും പാചകം പോലുള്ളവ ഉയർന്നജാതിക്കാർക്കും നൽകുന്ന രീതി അവസാനിപ്പിക്കാൻ ചീഫ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡ് അധ്യക്ഷനായ മൂന്നംഗ ബെഞ്ച് നിർദേശം നൽകി.

ഏതെങ്കിലുമൊരു തൊഴിലിനെ നിന്ദ്യമായി കാണുന്നത് തൊട്ടുകൂടായ്മയുടെ ഭാഗമാണെന്നു ചീഫ് ജസ്റ്റിസ് ചൂണ്ടിക്കാട്ടി. മാധ്യമപ്രവർത്തക സുകന്യ ശാന്ത എഴുതിയ ലേഖനം അടിസ്ഥാനമാക്കി അവർ തന്നെ നൽകിയ പൊതുതാൽപര്യ ഹർജി പരിഗണിച്ചാണു സുപ്രധാനവിധി.

കേരളത്തിലേതുൾപ്പെടെ 13 സംസ്ഥാനങ്ങളിലെ ജയിൽ ചട്ടത്തിലെ വിവാദവ്യവസ്ഥകളാണ് കോടതി പരിഗണിച്ചത്. സ്ഥിരം കുറ്റവാളികളെ നിർവചിക്കുന്ന കേരളത്തിലെ വ്യവസ്ഥ ഹർജിയിൽ ചോദ്യം ചെയ്യപ്പെട്ടു.

ജയിലുകളിൽ ജാതി, ജെൻഡർ, ഭിന്നശേഷി തുടങ്ങിയവ അടിസ്ഥാനമാക്കിയുള്ള വിവേചനം അവസാനിപ്പിക്കുന്നതിനായി കോടതി സ്വമേധയാ കേസെടുത്തു. ഉത്തരവിലെ നിർദേശങ്ങൾ നടപ്പാക്കി റിപ്പോർട്ട് നൽകാൻ സംസ്ഥാനങ്ങളോടും ഉത്തരവിന്റെ പകർപ്പ് മൂന്നാഴ്ചയ്ക്കകം ചീഫ് സെക്രട്ടറിമാർക്ക് കൈമാറാൻ കേന്ദ്ര സർക്കാരിനോടും നിർദേശിച്ചു.

# ഹേമ കമ്മിറ്റി: മൊഴി നൽകിയവർക്ക് കേസിനു താത്പര്യമില്ല

കൊച്ചി: ഹേമ കമ്മിറ്റിക്കു മുന്നിൽ മൊഴി നൽകിയവർ ആരോപണത്തിൽ ഉറച്ചുനിൽക്കുന്നുണ്ടെങ്കിലും കേസുമായി മുന്നോട്ടുപോകാൻ താത്പര്യമില്ലെന്നാണ് അറിയിച്ചിട്ടുള്ളതെന്ന് പ്രത്യേക അന്വേഷണസംഘത്തിന്റെ റിപ്പോർട്ട്. മൊഴി നൽകിയവരുടെ നിലപാട് ഇതാണെങ്കിൽ നിർബന്ധിക്കാനാകില്ലല്ലോ എന്നായിരുന്നു ജസ്റ്റിസുമാരായ എ.കെ. ജയശങ്കരൻ നമ്പ്യാർ, സി.എസ്. സുധ എന്നിവരടങ്ങുന്ന ഡിവിഷൻ ബെഞ്ചിന്റെ പ്രതികരണം. മുദ്രവെച്ച കവറിലാണ് അന്വേഷണസംഘം ഹൈക്കോടതിയിൽ റിപ്പോർട്ട് സമർപ്പിച്ചത്.

വിവരം ലഭിച്ചാൽ പോലീസ് കേസെടുത്ത് അന്വേഷിക്കേണ്ട വിഷയമാണെന്ന് ഹർജി പരിഗണിക്കവെ ഹർജിക്കാരുടെ അഭിഭാഷകൻ ചൂണ്ടിക്കാട്ടിയപ്പോഴായിരുന്നു കോടതി ഇക്കാര്യത്തിൽ പരാമർശം നടത്തിയത്. പോലീസ് കേസെടുക്കേണ്ട കുറ്റകൃത്യത്തെക്കുറിച്ചാണു വിവരം ലഭിച്ചിട്ടുള്ളത്. അതിനാൽ, എഫ്ഐആർ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തണമെന്നായിരുന്നു ഹർജിക്കാരുടെ വാദം. എന്നാൽ, എഫ്ഐആർ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും പക്ഷേ, അന്വേഷണവുമായി മുന്നോട്ടുപോകാൻ ബുദ്ധിമുട്ടുണ്ടെന്നുമാണ് എസ്ഐടി അറിയിച്ചതെന്നും കോടതി വ്യക്തമാക്കി.

എസ്ഐടിയുടെ നിലപാടു തെറ്റാണെന്ന് ഹർജിക്കാർ പറഞ്ഞു. നിയമനടപടിയുമായി മുന്നോട്ടു പോകണോ വേണ്ടയോ എന്നത് ഇരയുടെ തീരുമാനത്തിനു വിടാനേ കഴിയൂവെന്ന് കോടതി അഭിപ്രായപ്പെട്ടു. തങ്ങൾക്കുണ്ടായ അനുഭവം ഭാവിയിൽ മറ്റാർക്കും ഉണ്ടാകരുതെന്നതാണു മൊഴി നൽകിയ ഇരകളുടെ ലക്ഷ്യം. പരാതിക്കാർ സഹകരിക്കാതെ അന്വേഷണം മുന്നോട്ടു പോകില്ലെന്നും കോടതി വ്യക്തമാക്കി.

മൊഴി നൽകിയവർക്കു താത്പര്യമില്ലെന്നു പറഞ്ഞാൽ അന്വേഷണവുമായി മുന്നോട്ടു പോകാനാകില്ലെന്ന് അഡ്വക്കറ്റ് ജനറലും ചൂണ്ടിക്കാട്ടി. പ്രത്യേക അന്വേഷണസംഘത്തിൽ ഉൾപ്പെട്ട എസ്. അജിതാ ബീഗം, ജി. പൂങ്കുഴലി എന്നിവർ ഹാജരായിരുന്നു. ചൂഷണം നടക്കുന്നുണ്ടെന്നതു യാഥാർഥ്യമാണെന്ന് കോടതി അഭിപ്രായപ്പെട്ടു. ഹേമ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിയമനടപടികളടക്കം സ്വീകരിക്കണമെന്നാവശ്യപ്പെട്ടു നൽകിയ ഹർജികളാണ് കോടതിയുടെ പരിഗണനയിലുള്ളത്.

# രാഷ്ട്രീയത്തിൽ സ്നേഹബഹുമാനം തിരികെക്കൊണ്ടുവരും: രാഹുൽ

ന്യൂഡൽഹി: പ്രതിപക്ഷനേതാവെന്ന നിലയിൽ ലക്ഷ്യം ഇന്ത്യൻരാഷ്ട്രീയത്തിൽ സ്നേഹവും ബഹുമാനവും എളിമയും തിരികെക്കൊണ്ടുവരലാണെന്ന് ആവർത്തിച്ച് കോൺഗ്രസ് നേതാവ് രാഹുൽഗാന്ധി. ലോക്സഭാ പ്രതിപക്ഷനേതാവായി നൂറുദിവസം തികച്ചതിന്റെ പശ്ചാത്തലത്തിൽ സാമൂഹികമാധ്യമങ്ങളിൽ അമേരിക്കയിലും പാർലമെന്റിലും അടക്കം താൻ സംസാരിച്ചതിന്റെ ചെറുവീഡിയോ പങ്കുവെച്ചാണ് രാഹുൽ ഇക്കാര്യം കുറിച്ചത്.

കൂടുതൽ സമത്വസുന്ദരവും കരുണാർദ്രവും സമ്പന്നവുമായ ഒരു ഇന്ത്യ കെട്ടിപ്പടുക്കാൻ ഒരുമിച്ച് പ്രവർത്തിക്കുമ്പോൾ ഈ തത്വമാണ് നയിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

ഇതേസന്ദേശം വാഷിങ്ടണിൽ പറയുന്നതും മണിപ്പൂരിനായി പാർലമെന്റിൽ സംസാരിക്കുന്നതും തന്നെ രാഹുൽ എന്ന് വിളിച്ചാൽമതിയെന്ന് പറയുന്നതടക്കമുള്ള ഭാഗങ്ങളും ചേർത്ത വീഡിയോയും സന്ദേശത്തിനൊപ്പം രാഹുൽ പങ്കുവെച്ചു.



ഹരിയാനയിലെ നൂഹ് മണ്ഡലത്തിലെത്തിയ കോൺഗ്രസ് നേതാവ് രാഹുൽഗാന്ധിയെ സ്ഥാനാർത്ഥി അഫ്താബ് അഹമ്മദ് ആദരിക്കുന്നു.

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 83.96 |
| യൂറോ | 92.05 |
| സ്റ്റെർലിംഗ്പൗണ്ട് | 110.12 |
| സ്വിസ് ഫ്രാങ്ക് | 97.89 |
| സിംഗപ്പൂർ ഡോളർ | 64.37 |
| കനേഡിയൻ ഡോളർ | 61.83 |
| ഒമാൻ റിയാൽ | 218.09 |
| ബഹ്റൈൻ ദിനാർ | 222.77 |
| സൗദി റിയാൽ | 22.35 |
| യു.എ.ഇ. ദിർഹം | 22.86 |
| കുവൈത്ത് ദിനാർ | 274.25 |

# മോഹൻരാജ് അന്തരിച്ചു



തിരുവനന്തപുരം: 'കീരിക്കാടൻ ജോസ്' എന്ന കഥാപാത്രത്തിലൂടെ പ്രേക്ഷക മനസിൽ സ്ഥാനമുറപ്പിച്ച പ്രശസ്ത നടൻ മോഹൻരാജ് (70) അന്തരിച്ചു. തിരുവനന്തപുരം കാഞ്ഞിരംകുളത്തെ വീട്ടിൽ ഒക്ടോബർ മൂന്നിന് മൂന്നുമണിയോടെയായിരുന്നു അന്ത്യം. സംസ്കാരം പിന്നീട്. പാർക്കിൻസൻസ് രോഗബാധിതനായിരുന്നു. ചെന്നൈയിൽ സ്ഥിരതാമസമാക്കിയ മോഹൻരാജ് ആയുർവേദ ചികിത്സയ്ക്കായി ഒരു വർഷം മുൻപാണ് കാഞ്ഞിരംകുളത്ത് എത്തിയത്. ഭാര്യ: ഉഷ. മക്കൾ: ജയ്ഷ്മ, കാവ്യ.

'കിരീടം' സിനിമയിലെ കീരിക്കാടൻ ജോസ് എന്ന വില്ലൻ കഥാപാത്രമാണ് മോഹൻരാജിനെ പ്രശസ്തനാക്കിയത്. മുന്നൂറോളം ചിത്രങ്ങളിൽ അഭിനയിച്ചു. കാഞ്ഞിരംകുളം സ്വദേശിയായ മോഹൻരാജ് തിരുവനന്തപുരം ഗവ. ആർട്സ് കോളജിൽ വിദ്യാർത്ഥിയായിരിക്കെ കായികതാരമായിരുന്നു. പിന്നീട് സൈന്യത്തിലെത്തി. കാലിനു പരുക്കേറ്റതിനെത്തുടർന്ന് ആർമിയിലെ ജോലി വിട്ട് കസ്റ്റംസിലും പിന്നീട് എൻഫോഴ്സ്മെന്റിലും ഉദ്യോഗസ്ഥനായി. എൻഫോഴ്മെന്റ് ഓഫീസറായി ചെന്നൈയിൽ ജോലി ചെയ്യുമ്പോഴാണ് സിനിമയിലെത്തിയത്. 'കഴുമലൈ കള്ളൻ' എന്ന തമിഴ് സിനിമയിലൂടെയായിരുന്നു അരങ്ങേറ്റം. അതിനു ശേഷം 'ആൺകളെ നമ്പാതെ' എന്ന ചിത്രത്തിലും അഭിനയിച്ചു. സുഹൃത്തായ സംവിധായകൻ കലാധരനാണ് മോഹൻരാജിനെ സിബി മലയിലിനും ലോഹിതദാസിനും പരിചയപ്പെടുത്തിയത്. 'കിരീട'ത്തിലെ വില്ലൻ കഥാപാത്രത്തെ അവതരിപ്പിക്കാൻ നിശ്ചയിച്ചിരുന്ന നടൻ എത്താതിരുന്നതിനെത്തുടർന്നാണു മോഹൻരാജിന് നറുക്കുവീണത്. പിന്നാലെ മലയാളത്തിലും തമിഴിലും തെലുങ്കിലും തിരക്കുള്ള നടനായി. രണ്ടു ജാപ്പനീസ് ചിത്രങ്ങളിലും അഭിനയിച്ചു.

കേന്ദ്ര സർവീസിൽ ജോലി ചെയ്യുമ്പോൾ അനുമതി വാങ്ങാതെ സിനിമയിൽ അഭിനയിച്ചതിന്റെ പേരിൽ മോഹൻരാജിനെ സസ്പെൻഡ് ചെയ്തിരുന്നു. അന്നു തുടങ്ങിയ നിയമപോരാട്ടം അവസാനിച്ചത് 20 വർഷത്തിനു ശേഷമാണ്. 2010-ൽ ജോലി തിരികെ ലഭിച്ചെങ്കിലും രാജിവെച്ചു. പട്ടാളത്തിലായിരിക്കെ കാൽമുട്ടിനേറ്റ പരുക്ക് പിൽക്കാലത്ത് അലട്ടിയിരുന്നു. കിരീടം, ചെങ്കോൽ, കനൽക്കാറ്റ്, മറുപുറം, ആമിനാ ടെയ്ലേഴ്സ്, നരസിംഹം, ആറാം തമ്പുരാൻ, മായാവി, മിമിക്സ് പരേഡ് തുടങ്ങിയവയാണ് പ്രധാന ചിത്രങ്ങൾ.



# 2,000 രൂപ നോട്ട്; തിരിച്ചെത്താൻ 7,117 കോടി രൂപ മാത്രം

മുംബൈ: റിസർവ് ബാങ്ക് പിൻവലിച്ച 2,000 രൂപയുടെ നോട്ടുകൾ ഇനി വിപണിയിൽ അവശേഷിക്കുന്നത് രണ്ടുശതമാനം മാത്രമെന്ന് റിസർവ് ബാങ്ക്. ഇതുവരെ 98 ശതമാനം നോട്ടുകളും തിരിച്ചെത്തി. സെപ്റ്റംബർ 30 വരെയുള്ള കണക്കുപ്രകാരം 7,117 കോടി രൂപയുടെ നോട്ടുകളാണ് ഇനി വിപണിയിൽ അവശേഷിക്കുന്നതെന്ന് റിസർവ് ബാങ്ക് പത്രക്കുറിപ്പിൽ അറിയിച്ചു. 2023 മേയ് 19-നാണ് 2,000 രൂപ നോട്ടുകൾ റിസർവ് ബാങ്ക് പിൻവലിച്ചത്. അന്ന് 3.56 ലക്ഷം കോടി രൂപയുടെ 2,000 നോട്ടുകൾ വിപണിയിലുണ്ടായിരുന്നു. 2023 ഒക്ടോബർ ഏഴുവരെ ഇവ ബാങ്ക് ശാഖകളിൽ തിരിച്ചേൽപ്പിക്കാൻ സൗകര്യം നൽകിയിരുന്നു.

നിലവിൽ റിസർവ് ബാങ്കിന്റെ 19 ഇഷ്യൂ ഓഫീസുകൾവഴി മാത്രമാണ് ഇവ തിരിച്ചെടുക്കുന്നത്. നേരിട്ടുപോകാൻ ബുദ്ധിമുട്ടുള്ളവർക്ക് നോട്ടുകളും അക്കൗണ്ട് നമ്പറും തപാലായി അയച്ചുനൽകാം.

# ഐഐടി നിഷേധിച്ച സീറ്റ് തിരികെ നേടി ദളിത് വിദ്യാർത്ഥി

ന്യൂഡൽഹി: ഫീസടയ്ക്കാൻ വൈകിയതിനെത്തുടർന്ന് ദളിത് വിദ്യാർത്ഥിക്കു സീറ്റ് നിഷേധിച്ച ധൻബാദ് ഐഐടിയുടെ നടപടിയിൽ ഇടപെട്ട് സുപ്രീംകോടതി. സീറ്റ് നഷ്ടമായ ഉത്തർപ്രദേശ് മുസാഫർനഗർ സ്വദേശി അതുൽ കുമാറിന് പ്രവേശനം അനുവദിക്കാൻ ചീഫ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡ് അധ്യക്ഷനായ ബെഞ്ച് നിർദേശിച്ചു. ഇത്രയും കഴിവുള്ള വിദ്യാർത്ഥിയെ കൈയൊഴിയാൻ സാധിക്കില്ലെന്നു ചൂണ്ടിക്കാട്ടിയായിരുന്നു കോടതിയുടെ നടപടി. മറ്റൊരു വിദ്യാർത്ഥിയുടെ പ്രവേശനം തടയാതെ അതുലിന് സീറ്റ് നൽകാനാണു കോടതി നിർദേശിച്ചിരിക്കുന്നത്. ഭരണഘടനയിലെ 142-ാം വകുപ്പ് അനുസരിച്ചുള്ള അധികാരമുപയോഗിച്ചാണു കോടതി അതുലിന് പ്രവേശനം അനുവദിച്ചത്.



പ്രവേശനഫീസായി 17500 രൂപ അടയ്ക്കാൻ മിനിറ്റുകൾ വൈകിയതിനെത്തുടർന്നാണ് അതുലിന് ധൻബാദ് ഐഐടിയിൽ പ്രവേശനം നഷ്ടപ്പെട്ടത്. തുടർന്ന് പട്ടികജാതി കമ്മീഷനെ സമീപിച്ചെങ്കിലും ഒന്നും ചെയ്യാൻ സാധിക്കില്ലെന്നായിരുന്നു കമ്മീഷന്റെ മറുപടി. പിന്നീട് മദ്രാസ് ഹൈക്കോടതിയെ സമീപിച്ചപ്പോൾ സുപ്രീംകോടതിയിൽ വിഷയം ഉന്നയിക്കാൻ ആവശ്യപ്പെടുകയായിരുന്നു. കഴിഞ്ഞയാഴ്ച സുപ്രീംകോടതി കേസ് പരിഗണിച്ചപ്പോൾ ധൻബാദ് ഐഐടിയോടു പ്രതികരണം തേടിയിരുന്നു. ഈയിടെ കേസ് പരിഗണിച്ചപ്പോൾ വിദ്യാർത്ഥിയുടെ പ്രവേശനം തടയാൻ ഐഐടി അഭിഭാഷകൻ ശ്രമിച്ചെങ്കിലും സാധിക്കുന്ന കാര്യങ്ങൾ ചെയ്യാൻ കോടതി നിർദേശിക്കുകയായിരുന്നു. പല മുതിർന്ന അഭിഭാഷകരും തന്റെ ഫീസ് സ്പോൺസർ ചെയ്തതായി ഹർജിക്കാരന്റെ അഭിഭാഷകൻ ബെഞ്ചിനെ അറിയിച്ചു. അതുലിന് എല്ലാ ആശംസകളും നേരുന്നതായി ചീഫ് ജസ്റ്റിസും അറിയിച്ചു. 2021-ലും സമാന വിഷയത്തിൽ ദളിത് വിദ്യാർത്ഥിക്കു പ്രവേശനം നൽകാൻ ചീഫ് ജസ്റ്റിസ് ഡി. വൈ. ചന്ദ്രചൂഡിന്റെ നേതൃത്വത്തിലുള്ള ബെഞ്ച് ഇടപെട്ടിരുന്നു.

# എട്ടുപേർക്ക് കേരള സെന്റർ അവാർഡ്

ന്യൂയോർക്ക്: സമൂഹനന്മയ്ക്കുവേണ്ടി നിസ്വാർത്ഥമായി പ്രവർത്തിക്കുന്നവരും തങ്ങളുടെ പ്രവർത്തന മേഖലകളിൽ പ്രതിഭ തെളിയിച്ചവരുമായ എട്ടുപേരെ കേരള സെന്റർ അവാർഡ് നല്കി ആദരിക്കുന്നു. ഒക്ടോബർ 19-ന് ശനിയാഴ്ച 5.30-ന് കേരള സെന്റർ ഓഡിറ്റോറിയത്തിൽ നടക്കുന്ന മുപ്പത്തിരണ്ടാമത് വാർഷിക അവാർഡ് ചടങ്ങിൽ


വെസ്ലി മാത്യൂസ്


ഹാഷിം മൂപ്പൻ Esq.



സുജ തോമസ്


വർക്കി ഏബ്രഹാം


ഡോ. സുനന്ദ നായർ


സിബു നായർ


ജോൺസൺ സാമുവൽ


സാംസി കൊടുമൺ

വെച്ച് ഇവരെ ആദരിക്കുന്നതാണ്. അമേരിക്കയിലെയും കേരളത്തിലെയും സാമൂഹിക സാംസ്കാരിക രാഷ്ട്രീയ നേതാക്കന്മാർ ഈ ചടങ്ങിൽ പങ്കെടുക്കും. പ്രഗത്ഭരും സമൂഹനന്മയ്ക്കു വേണ്ടി പ്രവർത്തിക്കുന്നവരുമായ അമേരിക്കൻ മലയാളികളെ കേരള സെന്റർ 1992 മുതൽ ആദരിച്ചുവരുന്നു. എല്ലാവർഷവും അവാർഡ് നോമിനികളെ ക്ഷണിക്കുകയും അവരിൽനിന്ന് ഓരോ വിഭാഗത്തിലെ ഏറ്റവും യോഗ്യരായവരെ അവാർഡ് കമ്മിറ്റി എതിരില്ലാതെ തെരഞ്ഞെടുക്കുകയും ചെയ്യുന്നതായി കേരള സെന്റർ ട്രസ്റ്റി ബോർഡ് ചെയർമാനും അവാർഡ് കമ്മിറ്റി മെംബറുമായ ഡോ. തോമസ് ഏബ്രഹാം പ്രസ്താവിച്ചു. പ്രവർത്തനരംഗത്ത് പ്രതിഭ തെളിയിക്കുകയും മറ്റുള്ളവർക്ക് നന്മചെയ്ത് സമൂഹപുരോഗതിക്ക് സംഭാവന ചെയ്യുകയും ചെയ്യുന്ന അമേരിക്കൻ മലയാളികളെ ആദരിക്കുന്നതിൽ കേരള സെന്ററിന് വളരെ സന്തോഷമുണ്ടെന്നും അവരുടെ മാതൃക മറ്റുള്ളവർക്ക് പ്രചോദനമാണെന്നും ഡയറക്ടർ ബോർഡിന്റെയും അവാർഡ് കമ്മിറ്റിയുടെയും ചെയർമാനായ ഡോ. മധു ഭാസ്കരൻ പറഞ്ഞു. ഡോ. തോമസ് ഏബ്രഹാം, ഡെയ്സി പി. സ്റ്റീഫൻ എന്നിവരായിരുന്നു കമ്മിറ്റി അംഗങ്ങൾ.

**ഈ വർഷം ആദരിക്കപ്പെടുന്നവർ:** ജോൺസൺ സാമുവൽ (ലോങ് ഐലൻഡ്, ന്യൂയോർക്ക്)-ഹ്യൂമാനിറ്റേറിയൻ ആൻഡ് സോഷ്യൽ സർവീസ്, സുജ തോമസ് (ആൽബനി, ന്യൂയോർക്ക്)-നേഴ്സിംഗ് ലീഡർഷിപ്പ്, വെസ്ലി മാത്യുസ് (ട്രെന്റൺ ന്യൂജേഴ്സി)-പബ്ലിക് സർവീസ്, സുനന്ദ നായർ (ഹൂസ്റ്റൺ, ടെക്സസ്)-പെർഫോമിങ് ആർട്സ്, ഡോ. ഹാഷിം മൂപ്പൻ (വാഷിങ്ടൺ ഡിസി)-ലീഗൽ സർവീസ്, സാംസി കൊടുമൺ (എൽ.ഐ, ന്യൂയോർക്ക്)-പ്രവാസി മലയാള സാഹിത്യം, സിബു നായർ (ബഫലോ, ന്യൂയോർക്ക്)-കമ്യൂണിറ്റി സർവീസ്, വർക്കി ഏബ്രഹാം (ലോങ് ഐലൻഡ് ന്യൂയോർക്ക്)-ബിസിനസ് ലീഡർഷിപ്പ്. കഴിഞ്ഞ മുപ്പത്തിരണ്ട് വർഷങ്ങളിൽ കേരള സെന്റർ ആദരിച്ച 185-ഓളം പേർ കൂടുതൽ ഉയരങ്ങളിൽ എത്തുന്നതിലും സേവനത്തിന്റെ പാതയിലൂടെ മുന്നോട്ടു പോകുന്നതിലും വളരെ സന്തോഷമുണ്ടെന്ന് പ്രസിഡണ്ട് അലക്സ് എസ്തപ്പാൻ പറഞ്ഞു. അവാർഡ് ചടങ്ങിനോടനുബന്ധിച്ച് വൈവിദ്ധ്യമാർന്ന കലാപരിപാടികളും വൈകുന്നേരം അത്താഴവിരുന്നും ഉണ്ടായിരിക്കും. ഈ പുരസ്കാരദാന ചടങ്ങിൽ പങ്കെടുക്കുവാൻ നിങ്ങൾ ഓരോരുത്തരെയും കേരള സെന്ററിലേക്ക് ക്ഷണിക്കുന്നു. നിങ്ങളുടെ സീറ്റ് റിസർവ് ചെയ്യുവാൻ കേരള സെന്ററുമായി ബന്ധപ്പെടുക. ഫോൺ: 516 358 2000. e-mail:kc@keralacenterny.com.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക: അലക്സ് കെ. എസ്തപ്പാൻ (പ്രസിഡണ്ട്) 516 503 9387, രാജു തോമസ് (സെക്രട്ടറി) 516 434 0669.









OVER 20 YEARS OF EXPERIENCE
SERVING ILLINOIS & INDIANA



Mathew Kunjappy
Managing Broker
Emsons Realty LTD.
Phone: 1(630) 935-4333
Email: MK@EmsonsRealty.com

EMSONS REALTY

BEST TIME
TO BUY!!!
SHOPPING CENTERS
GROCERY STORES
GAS STATIONS
APARTMENTS

240 E. LAKE STREET, SUITE 109B, ADDISON, IL 60101

# അനധികൃത നിർമാണത്തിനെതിരെ ഒരൊറ്റ നിയമം വേണം: സുപ്രീം കോടതി

ന്യൂഡൽഹി: പൊതുസുരക്ഷ പരമപ്രധാനമാണെന്നും റോഡ്, ജലാശയങ്ങൾ, റെയിൽവേ ട്രാക്കുകൾ എന്നിവ കൈയേറിയുള്ള ഏതൊരു മതപരമായ നിർമാണവും ഇല്ലാതാകണമെന്നും സുപ്രീം കോടതി.

ഇന്ത്യ ഒരു മതേതര രാജ്യമാണ്. ബുൾഡോസർ നടപടിക്കും കൈയേറ്റവിരുദ്ധ നടപടികൾക്കുമുള്ള നിർദേശങ്ങൾ എല്ലാ പൗരന്മാർക്കും മതവ്യത്യാസമില്ലാതെ ബാധകമാണെന്നും കോടതി വ്യക്തമാക്കി.

കുറ്റകൃത്യങ്ങളിൽ പ്രതികളായവർക്കെതിരായ ബുൾഡോസർ നടപടിയെ ചോദ്യംചെയ്തുള്ള ഹർജികൾ പരിഗണിക്കുകയായിരുന്നു ജസ്റ്റിസ് ബി. ആർ. ഗവായ്, ജസ്റ്റിസ് കെ.വി. വിശ്വനാഥൻ എന്നിവരടങ്ങിയ ബെഞ്ച്. നിരവധി സംസ്ഥാനങ്ങളിൽ നിലവിലുള്ള ഈ പ്രവണത പലപ്പോഴും ബുൾഡോസർ ജസ്റ്റിസ് എന്നാണ് അറിയപ്പെടുന്നത്. ഇത്തരം കേസുകളിൽ അനധികൃത നിർമിതികൾ മാത്രമാണ് തകർത്തതെന്ന് സംസ്ഥാന അധികൃതർ മുൻകാലങ്ങളിൽ വാദിച്ചിരുന്നു.

ഉത്തർപ്രദേശ്, ഗുജറാത്ത്, മധ്യപ്രദേശ് എന്നീ മൂന്ന് സംസ്ഥാനങ്ങൾക്കുവേണ്ടി സോളിസിറ്റർ ജനറൽ തുഷാർ മേത്ത ഹാജരായി. ഒരു ക്രിമിനൽ കേസിൽ കുറ്റാരോപിതനാകുന്നത് ബുൾഡോസർ നടപടി നേരിടാൻ തക്കതാണോ എന്ന ചോദ്യത്തിന്, ബലാത്സംഗം അല്ലെങ്കിൽ ഭീകരവാദം പോലുള്ള ഹീനമായ കുറ്റകൃത്യങ്ങൾക്കു പോലും അങ്ങനെ പാടില്ലെന്ന് മേത്ത മറുപടി നൽകി.

കുറ്റകൃത്യത്തിൽ പ്രതിചേർക്കപ്പെടുന്നത് സ്വത്ത് പൊളിച്ചെടുക്കുന്നതിന് ഇത് അടിസ്ഥാനമാകില്ലെന്നും സിവിൽ നിയമങ്ങൾ ലംഘിക്കുന്ന കേസുകളിൽ മാത്രമേ ഇങ്ങനെ ചെയ്യാൻ കഴിയൂ എന്നും കോടതി വ്യക്തമാക്കി.

മുനിസിപ്പൽ കോർപ്പറേഷനുകൾക്കും പഞ്ചായത്തുകൾക്കും വെവ്വേറെ നിയമങ്ങളുണ്ടെന്ന് ബെഞ്ച് നിരീക്ഷിച്ചു. മൊത്തത്തിൽ ഒരു ഓൺലൈൻ പോർട്ടൽ വേണം. അതിലൂടെ ആളുകൾക്ക് ബോധവാന്മാരാകാം. ഡിജിറ്റൈസ് ചെയ്യുന്നതിലൂടെ എല്ലാം റെക്കോഡിക്കലാകുമെന്നും ബെഞ്ച് ഓർമിപ്പിച്ചു.

ചില സംഭവങ്ങളുടെ അടിസ്ഥാനത്തിൽ കോടതി നിർദേശങ്ങൾ പുറപ്പെടുവിക്കുമ്പോൾ അതെല്ലാം ഒരു സമുദായത്തെ ലക്ഷ്യമിട്ടാണെന്ന ആശങ്കയുണ്ടെന്ന് സോളിസിറ്റർ ജനറൽ ചൂണ്ടിക്കാട്ടി. ഇതോടെയാണ് ഇന്ത്യ മതേതര രാജ്യമാണെന്ന തത്വം കോടതി ഉയർത്തിക്കാട്ടിയത്. മതമോ സമുദായമോ പരിഗണിക്കാതെ കോടതി നിർദേശങ്ങൾ എല്ലാവർക്കും ഒരുപോലെ ബാധകമായിരിക്കും. റോഡിന് നടുവിൽ ഏതെങ്കിലും മതപരമായ നിർമിതി ഉണ്ടെങ്കിൽ, അത് ഗുരുദ്വാരയോ ദർഗയോ ക്ഷേത്രമോ ആകട്ടെ, പൊതുജനങ്ങളെ തടസ്സപ്പെടുത്താൻ കഴിയില്ലെന്ന് കോടതി വ്യക്തമാക്കി.

അനധികൃത നിർമാണത്തിനെതിരെ ഒരൊറ്റ നിയമം വേണം. മതത്തെയോ, വിശ്വാസങ്ങളെയോ കണക്കിലെടുക്കാതെയുള്ള ഒന്ന്: ജസ്റ്റിസ് ഗവായ് പറഞ്ഞു.

ന്യൂനപക്ഷങ്ങൾക്കെതിരായ ബുൾഡോസർ നടപടി വളരെ കുറവായിരിക്കുമെന്ന് മേത്ത പറഞ്ഞു. ഇതിൽ ഒന്നോ രണ്ടോ ആളുകൾ അല്ല, 4.45 ലക്ഷമാണെന്ന് ബെഞ്ച് മറുപടി നൽകി.

കോടതി അനുമതിയില്ലാതെ പൊളിക്കൽ നടപടികൾ പാടില്ലെന്നുള്ള ഇടക്കാല ഉത്തരവ് പരമോന്നത കോടതി നീട്ടുകയും ചെയ്തു.

## ഇലക്ടറൽ ബോണ്ട്

(3-ാം പേജിൽനിന്നും)

രാഷ്ട്രീയപാർട്ടികൾക്കു പ്രവർത്തനഫണ്ട് സ്വരൂപിക്കുന്നതിനുള്ള ഇലക്ടറൽ ബോണ്ടുകൾ ഭരണഘടനാ വിരുദ്ധമാണെന്നും പൗരന്മാരുടെ അറിയാനുള്ള അവകാശത്തിന്റെ ലംഘനമാണെന്നും കഴിഞ്ഞ ഫെബ്രുവരി 15-നാണു സുപ്രീംകോടതി വിധിച്ചത്. ഏകപക്ഷീയവും ഔദാര്യസ്വഭാവമുള്ളതുമായ ഇലക്ടറൽ ബോണ്ടുകൾ റദ്ദാക്കുന്നതായും ചീഫ് ജസ്റ്റിസ് ഡി. വൈ. ചന്ദ്രചൂഡ് അധ്യക്ഷനായ അഞ്ചംഗ ഭരണഘടനാ ബെഞ്ച് വിധിച്ചിരുന്നു.

തെരഞ്ഞെടുപ്പിനുൾപ്പെടെ രാഷ്ട്രീയ പാർട്ടികളിലേക്ക് കള്ളപ്പണത്തിന്റെ ഒഴുക്കു തടയുക എന്ന വാദത്തോടെ 2018-ലാണു മോദി സർക്കാർ ഇലക്ടറൽ ബോണ്ട് നടപ്പാക്കിയത്.

## വയലാർ അവാർഡ്

(3-ാം പേജിൽനിന്നും)

വയലാർ രാമവർമയുടെ ചരമദിനമായ 27-ന് വൈകുന്നേരം 5.30-ന് തിരുവനന്തപുരം നിശാഗന്ധി ഓഡിറ്റോറിയത്തിൽ നടക്കുന്ന ചടങ്ങിൽ അവാർഡ് സമർപ്പിക്കും.

ബെന്യാമിൻ, പ്രൊഫ. കെ.എസ് രവികുമാർ, ഗ്രേസി ടീച്ചർ എന്നിവരടങ്ങുന്ന ജൂറിയാണ് പുരസ്കാരം നിശ്ചയിച്ചത്. കേരളത്തിന്റെ രാഷ്ട്രീയമനസ് ഉൾക്കൊള്ളുന്നതാണ് നോവൽ എന്ന് ജൂറി വിലയിരുത്തി. 1957-ൽ തൃശൂർ ജില്ലയിലെ കാട്ടൂരിലാണ് അശോകൻ ചരുവിലിന്റെ ജനനം. രജിസ്ട്രേഷൻ വകുപ്പ് ഉദ്യോഗസ്ഥനായിരുന്ന അദ്ദേഹം കേരള പബ്ലിക് സർവീസ് കമ്മീഷനിൽ അംഗമായി പ്രവർത്തിച്ചിട്ടുണ്ട്. കേരള സാഹിത്യ അക്കാദമി അവാർഡ്, ചെറുകാട് അവാർഡ്, ഇടശേരി പുരസ്കാരം, മുട്ടത്തു വർക്കി പുരസ്കാരം തുടങ്ങിയവയും ലഭിച്ചിട്ടുണ്ട്.

## കർദ്ദിനാൾ പദവിയിലേക്ക്

(3-ാം പേജിൽനിന്നും)

ഡിസംബർ എട്ടിന് വത്തിക്കാനിലെ സെ. പീറ്റേഴ്സ് ചത്വരത്തിൽ കർദ്ദിനാൾമാരുടെ സ്ഥാനാരോഹണച്ചടങ്ങുകൾ നടക്കും. മോൺ. ജോർജ് കൂവക്കാട്ടിലിന്റെ മെത്രാഭിഷേകം അതിനു മുമ്പായി നടത്തും.

2006 മുതൽ വത്തിക്കാൻ വിദേശകാര്യ സർവീസിൽ വിവിധ മേഖലകളിൽ സേവനമനുഷ്ഠിച്ചുവരുന്ന മോൺ. ജോർജ് കൂവക്കാട്ട് 2020 മുതൽ ഫ്രാൻസിസ് മാർപാപ്പയുടെ വിദേശ അപ്പസ്തോലിക യാത്രകളുടെ മുഖ്യ സംഘാടകനായി പ്രവർത്തിച്ചുവരികയായിരുന്നു.

1973 ഓഗസ്റ്റ് 11-ന് ചങ്ങനാശേരി അതിരൂപതയിലെ ചെത്തിപ്പുഴ ഇടവകയിലാണ് മോൺ. ജോർജ് ജനിച്ചത്. 2004-ൽ ചങ്ങനാശേരി അതിരൂപതയിൽ മാർ ജോസഫ് പവ്വത്തിലിൽ നിന്നും പൗരോഹിത്യം സ്വീകരിച്ചു. ഉന്നത വിദ്യാഭ്യാസത്തിനുശേഷം വത്തിക്കാന്റെ നയതന്ത്രസേവനത്തിൽ പ്രവേശിച്ചു. അൾജീരിയ, ദക്ഷിണകൊറിയ, ഇറാൻ, കോസ്റ്ററിക്ക, വെനസ്വേല എന്നിവിടങ്ങളിലെ വത്തിക്കാൻ കാര്യാലയത്തിൽ പ്രവർത്തിച്ചുവരവേ 2020-ൽ ഫ്രാൻസിസ് മാർപാപ്പയുടെ വിദേശയാത്രകളുടെ സംഘാടക ചുമതല അദ്ദേഹത്തിനു നല്കി.

മോൺ. ജോർജ് കൂവക്കാട്ടിനു മുമ്പ് ഇതേ തസ്തികകൾ വഹിച്ച മറ്റു രണ്ടുപേരെയും കർദ്ദിനാൾ പദവിയിലേക്ക് തെരഞ്ഞെടുത്തിട്ടുണ്ട്. ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ യാത്രകളുടെ സംഘാടകനും വത്തിക്കാൻ റേഡിയോയുടെ ഡയറക്ടറുമായിരുന്ന ഈശോസഭാ വൈദികൻ റൊബേർത്തോ തൂച്ചിയെ 2001-ൽ കർദ്ദിനാൾ പദവിയിലേക്ക് ഉയർത്തിയിരുന്നു.

പോൾ ആറാമൻ മാർപാപ്പയ്ക്ക് വിശുദ്ധ നാട്ടിലേക്കുള്ള യാത്ര സാധ്യമാക്കിയ വത്തിക്കാൻ നയതന്ത്ര കാര്യാലയത്തിലെ വൈദികനായിരുന്ന ഫ്രഞ്ച് വംശജൻ മോൺ. ഷാക്ക് മാർട്ടിനാണ് മറ്റൊരാൾ. 1998-ൽ ജോൺ പോൾ മാർപാപ്പയാണ് ഇദ്ദേഹത്തെ കർദ്ദിനാൾ പദവിയിലേക്ക് ഉയർത്തിയത്.

# മുംതാസ് അലിയുടെ മൃതദേഹം കണ്ടെത്തി

ബെംഗളൂരു: കാണാതായ പ്രമുഖ കയറ്റുമതി വ്യവസായി ബി.എം. മുംതാസ് അലിയുടെ (52) മൃതദേഹം കണ്ടെത്തി. കുളൂർ പാലത്തിന് അടിയിൽനിന്നാണ് മൃതദേഹം കണ്ടെത്തിയത്. ഒക്ടോബർ ആറിന് പുലർച്ചെ അഞ്ചോടെ ദേശീയപാത 66-ലെ (കൊച്ചി-പൻവേൽ) കുളൂർ പാലത്തിനു മുകളിൽ അപകടത്തിൽപ്പെട്ട നിലയിൽ ഇദ്ദേഹത്തിന്റെ ആഡംബര കാർ



കണ്ടെത്തിയതിനെ തുടർന്ന് പ്രദേശവാസികൾ പനമ്പൂർ പോലീസിനെ വിവരമറിയിച്ചിരുന്നു. തുടർന്നാണ് ഫാൽഗുനി പുഴയിൽ തെരച്ചിൽ നടത്തിയത്. മുംതാസ് അലിയുടെ മൊബൈൽ ഫോണും കാറിന്റെ താക്കോലും പാലത്തിനടുത്ത് നിന്ന് കണ്ടെത്തിയിരുന്നു. മുങ്ങൽ വിദഗ്ധൻ ഈശ്വർ മാൽപെയുൾപ്പെട്ട സംഘവും എൻഡിആർഎഫും ചേർന്ന് നടത്തിയ തെരച്ചിലിലാണ് മൃതദേഹം കണ്ടെത്തിയത്. കോൺഗ്രസ് മുൻ എംഎൽഎ മൊഹിയുദീൻ ബാവയുടെയും ജനതാദൾ(എസ്) മുൻ എംഎൽസി ബി.എം. ഫാറൂഖിന്റെയും സഹോദരനാണ് മരിച്ച മുംതാസ് അലി. മുംതാസ് അലി പാലത്തിൽ നിന്നു ഫാൽഗുനി പുഴയിലേക്ക് ചാടിയിരിക്കാൻ സാധ്യതയുണ്ടെന്നാണ് പോലീസ് പ്രാഥമിക നിഗമനം. താൻ മടങ്ങിവരില്ലെന്ന് കുടുംബ വാട്സാപ് ഗ്രൂപ്പിൽ പുലർച്ചെ മുംതാസ് അലി സന്ദേശം അയച്ചിരുന്നു. അതിനിടെ, മുംതാസ് അലിയെ ഭീഷണിപ്പെടുത്തി പണം അപഹരിച്ചെന്ന കേസിൽ ആറ് പേർക്കെതിരെ പോലീസ് കേസെടുത്തു. ഒരു സ്ത്രീയുമായി അവിഹിതബന്ധമുണ്ടെന്ന് പ്രചരിപ്പിക്കുമെന്ന് ഭീഷണിപ്പെടുത്തി പ്രതികൾ മുംതാസ് അലിയിൽനിന്ന് 50 ലക്ഷത്തോളം രൂപ തട്ടിയെടുത്തെന്നാണ് പരാതി. കൂടുതൽ പണമാവശ്യപ്പെട്ട് ഇവർ മുംതാസ് അലിയെ സമ്മർദത്തിലാക്കിയെന്നും പരാതിയിൽ പറയുന്നു.

## നിയമസഭാ സമ്മേളനത്തിനു തുടക്കം

(3-ാം പേജിൽനിന്നും)

അതിന്റെ മൂർദ്ധന്യദിശയാണ് ഇപ്പോൾ കണ്ടത്. എത്രമാത്രം അധഃപതിക്കാം എന്നാണ് പ്രതിപക്ഷനേതാവിന്റെ വാക്കുകൾ തെളിയിക്കുന്നത്. സഭ ഇത് അവജ്ഞയോടെ തള്ളുന്നു. ഒരുതരത്തിലും അംഗീകരിക്കാൻ കഴിയില്ല" മുഖ്യമന്ത്രി പറഞ്ഞു.

അടിയന്തര പ്രമേയം ചർച്ച ചെയ്യാമെന്നും മുഖ്യമന്ത്രി പറഞ്ഞു. ശൂന്യവേളയിൽ മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും വാക്കുകൾ കൊണ്ട് ഏറ്റുമുട്ടി.

"ഞാൻ നിലവാരമില്ലാത്തയാളാണെന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. മുഖ്യമന്ത്രി നല്ലവാക്ക് പറഞ്ഞിരുന്നെങ്കിൽ ഞാൻ വിഷമിച്ചു പോയേനെ. എന്നും പ്രാർത്ഥിക്കുമ്പോൾ വിചാരിക്കുന്നത് മുഖ്യമന്ത്രിയെപ്പോലെ അഴിമതിക്കാരനും നിലവാരമില്ലാത്തവനും ആകരുതേ എന്നാണ്. എം.വി. രാഘവനെ സഭയിൽ തല്ലിയപ്പോൾ ആരായിരുന്നു പാർലമെന്ററി പാർട്ടി നേതാവ്. സഭ തല്ലിപ്പൊളിച്ചപ്പോൾ പുറത്തുനിന്ന് പിന്തുണ കൊടുത്തത് ആരാണ്?"പ്രതിപക്ഷ നേതാവ് ചോദിച്ചു.

"സ്പീക്കർക്കെതിരെ നിലവാരമില്ലാത്ത വാക്കുകൾ പ്രതിപക്ഷ നേതാവ് പ്രയോഗിച്ചു. നേരത്തെ പല ഘട്ടത്തിലും ഇങ്ങനെ ഉണ്ടായിട്ടുണ്ട്. എല്ലാ പരിധിയും ലംഘിച്ച് കടുത്ത വാക്കുകൾ സ്പീക്കർക്കെതിരെ പ്രയോഗിച്ചപ്പോൾ അദ്ദേഹത്തിന്റെ നിലവാരമില്ലായ്മയെക്കുറിച്ച് പറയേണ്ടിവന്നു. സമൂഹത്തിന് പിണറായി ആരാണ്, വി.ഡി. സതീശൻ ആരാണ് എന്ന ധാരണയുണ്ട്. പിണറായി അഴിമതിക്കാരനാണെന്ന് പറഞ്ഞാൽ സമൂഹം അംഗീകരിക്കില്ല. എൽഡിഎഫിനെ വല്ലാതെ മോശക്കാരാക്കി ചിത്രീകരിക്കാനാണ് മുഖ്യമന്ത്രിയെ അധിക്ഷേപിക്കുന്നത്. ഏറെക്കാലമായി തുടങ്ങിയിട്ട്. സമൂഹം അത് അംഗീകരിച്ചിട്ടില്ല. അപവാദ പ്രചാരണത്തിലൂടെ ആളെ തകർക്കാമെന്ന് കരുതേണ്ട. ഭരണ-പ്രതിപക്ഷങ്ങളെ സമൂഹം വിലയിരുത്തുന്നുണ്ട്": മുഖ്യമന്ത്രി പറഞ്ഞു.

മലപ്പുറം ജില്ലയിൽ സ്വർണ്ണക്കടത്തിലൂടെയും ഹവാല ഇടപാടുകളിലൂടെയും എത്തുന്ന പണം ദേശവിരുദ്ധ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതായി ദേശീയ മാധ്യമങ്ങൾ നിരന്തരം ചർച്ച ചെയ്യുന്നത് സഭാ നടപടികൾ നിർത്തിവെച്ച് ചർച്ച ചെയ്യണം എന്ന് ആവശ്യപ്പെട്ട് സണ്ണി ജോസഫ് അടിയന്തര പ്രമേയത്തിന് നോട്ടീസ് നല്കിയിരുന്നു. സർക്കാർ ചർച്ചയ്ക്കു സമ്മതിച്ചു. എന്നാൽ, ബഹളത്തെ തുടർന്ന് പ്രതിപക്ഷം സഭ ബഹിഷ്കരിച്ചു.

## അജിത്കുമാറിനെ നീക്കി

(3-ാം പേജിൽനിന്നും)

ഇടതു പാളയത്തിൽനിന്നടക്കം അജിത് കുമാറിനെതിരായി ആരോപണങ്ങൾ ഒന്നിനുപിന്നാലെ ഒന്നായി ഉയർന്നപ്പോൾ മുതൽ എല്ലാവരും കാത്തിരുന്ന ഒരു സാധാരണ നടപടി മാത്രമാണ് ഇപ്പോഴുണ്ടായിരിക്കുന്നത്.

നിയമസഭാ സമ്മേളനം ഒക്ടോബർ എട്ട് മുതൽ സജീവമാകാനിരിക്കെയാണ് മുഖ്യമന്ത്രിയുടെ തിടുക്കത്തിലുള്ള നീക്കം. ഡിജിപിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള നടപടിയായി പോലും വ്യക്തമാക്കാതെയാണ് ഉത്തരവ്. മുഖ്യമന്ത്രി എജിഡിപിക്ക് സംരക്ഷണകവചമൊരുക്കുന്നു എന്ന വിമർശനങ്ങൾ ശരിവെക്കുന്നതാണിതെല്ലാം. പി.വി. അൻവർ ഉന്നയിച്ച റിദാൻ, മാമി കേസുകളിലും പൂരംകലക്കലിലും എഡിജിപിക്ക് വീഴ്ചയുണ്ടായെന്ന ഡിജിപിയുടെ റിപ്പോർട്ട് ഈയിടെയാണ് ആഭ്യന്തര സെക്രട്ടറിക്കു കൈമാറിയത്. എഡിജിപിക്കെതിരെ നടപടി വേണമെന്ന് സിപിഐ തുടക്കം മുതൽ ആവശ്യപ്പെട്ടിരുന്നെങ്കിലും അന്വേഷണ റിപ്പോർട്ട് വേണമെന്ന സാങ്കേതിക വാദമാണ് ഇതുവരെ മുഖ്യമന്ത്രി ഉയർത്തിയത്.

ഈയിടെ എഡിജിപിക്ക് വീഴ്ചയുണ്ടായെന്ന ഡിജിപിയുടെ റിപ്പോർട്ട് കൂടി ലഭിച്ചതോടെ പിടിച്ചുനിൽക്കാൻ മുഖ്യമന്ത്രിക്കും സർക്കാരിനും ഈ തീരുമാനമല്ലാതെ മറ്റു മാർഗമില്ലെന്നാണ് വിലയിരുത്തൽ.

നിയമസഭാ സമ്മേളനം പൂർണ നടപടി ക്രമത്തിലേക്ക് കടക്കാനിരിക്കെ എഡിജിപി എം.ആർ. അജിത്കുമാറിനെ ക്രമസമാധാനച്ചുമതലയിൽനിന്നു നീക്കാൻ കാരണം സിപിഐയുടെ കത്ത്. നിയമസഭയിൽ ആഭ്യന്തരവകുപ്പുമായി ബന്ധപ്പെട്ട വിഷയം ഉയർന്നാൽ സിപിഐ സ്വതന്ത്ര നിലപാടെടുക്കും എന്ന മുന്നറിയിപ്പുമായി സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം സിപിഎം സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദനാണു കത്തു നൽകിയത്. അപകടം മണത്ത എം.വി. ഗോവിന്ദൻ, അജിത്തിനെതിരെ നടപടി ഉണ്ടെങ്കിൽ അത് വേഗത്തിൽ വേണമെന്ന് മുഖ്യമന്ത്രിയോട് ആവശ്യപ്പെട്ടു.

തൃശൂർ പൂരം കലക്കലിൽ എഡിജിപിയുടെ പങ്കാളിത്തം പുറത്തുവന്നതോടെ നടപടി എടുക്കാതെ തരമില്ലെന്ന് സിപിഐ നിലപാടെടുത്തിരുന്നു. ശക്തമായി ഈ ആവശ്യം ഉന്നയിച്ചില്ലെങ്കിൽ പാർട്ടിയിൽ പൊട്ടിത്തെറിയുണ്ടാകുമെന്ന സൂചന പ്രധാന നേതാക്കളായ കെ. പ്രകാശ് ബാബുവും തൃശൂരിലെ സ്ഥാനാർത്ഥി വി.എസ്. സുനിൽകുമാറും നൽകി. ഇതോടെ സംസ്ഥാന നേതൃത്വത്തിനുമേൽ സമ്മർദമേറുകയായിരുന്നു.

# SEEKING BRIDEGROOM

*Knanaya Catholic woman 50 years old, widow, well settled in USA seeking proposals from widower age between 50-60, who is honest in nature, responsible, willing to make compromise. Intrested parties. please respond to **813-816 5339**

*USA settled Christian family seeking proposal for their 38-year-old daughter who was born in Sultanate of Oman and moved to US at the age of 10 in 1997. She is 5'3", born again, baptized and in fellowship with a Pentecostal Church in Florida. She has Law degree and currently working with State of Florida government since several years. We are looking for a born again, educated boy from US or Canada. Those who are interested please text, whatsapp at **863-709-6031** or email to: **mathewg1956@gmail.com**

*Knanaya Catholic parents invite proposals for their daughter Age: 25 yrs. (DOB: December, 1998) Height 5'1". Born in Kerala and lived in Mumbai. Then brought up in the US from the age of 9. Education: BSN and currently working as RN (travel nurse) and pursuing MSN. Seeking alliances from parents of well-educated and professionally qualified Knanaya Catholic boys brought up in the US. Please Contact: **516-554-5698 or 516-554-5681**

*Parents settled in the USA invite marriage proposals for their 27 year old American born Roman Catholic daughter, 5 feet 6 inches height, currently completing MD/PhD program in a reputable university in the USA from physicians or similarly educated men raised in the USA. Very caring and family oriented. If interested, please email: **medqis@gmail.com** or contact **(908) 764-0342.**

*42 years old, 5'4, Christian woman, born in Kerala, raised in the US, American Citizens, and working as a certified teacher. She is seeking a proposal for a man who has a strong relationship with God, trustworthy, honest, faithful, compassionate, responsible, mature, financially stable ambitious, willingness to mutually make compromises, great communication and understanding. Interested parties please respond via email:
**mallugurl81@gmail.com.**

*Pentecostal Parents invite proposals for their daughter, who is an MBBS Doctor and a Public Health Master's graduate from the American University of Armenia, now pursuing her Foreign Medical Licensing. She is 32 (17.2.1992/Height 5'4) with medium skin tone. She born in State of Qatar, Middle East and brought up in India. We are seeking suitable alliances from Christian - US, Canada, UK, Australia, New Zealand, Switzerland, Middle East who are Professionally qualified Doctors, CPAs, IT Professionals, Engineers with Masters. If interested please contact **+91 8592955555 / +91 8943677777** or **mathewkws@gmail.com** with recent pictures and details.

Visit Our Website:
www.keralaexpress.com
for Matrimonial Advt.

*Pentecostal parents inviting proposals for their daughter (31 years, 2/10/1992, Hight 5'6) pursuing Ph. D program in Mechanical Engineering, University of North Carolina in USA, currently working as Teaching assistant at the same university from parents of professionally qualified spiritual boys from USA. If interested, please contact **+91 9142050975 / +91 9744797000** or **thomasnidheerickal@gmail.com.**

*Roman Catholic parents invite proposals for their daughter, who is a chemical engineering Ph.D. student at a reputed college. She is 26 years old and is 5'3" with a fair complexion. She is born and brought up in the USA. We are seeking suitable alliances from professionally qualified Doctors, CPAs, IT professionals, and Engineers with masters, born and raised in the USA, who are Catholics, family-oriented, and God fearing. Interested please respond with details including a recent picture to: **chry7851@gmail.com**

*Pentecostal parents settled in US inviting proposal for their daughter born and brought up in USA, 34yrs, 5'8", Doctor of Pharmacy working as a clinical pharmacist. We are seeking a professionally qualified spiritual boy from the same faith. If interested please contact **206 234 5555**, Email: **wmathew1@comcast.net**

*Immigrant Mar Thoma parents invite marriage proposal for their daughter in Kerala (27 yrs.) MSc, B.Ed., from parents of Mar Thoma or Orthodox boys in the US. She is very beautiful, God fearing and family oriented. Please contact at **ajohn1192@gmail.com** with picture and details.

*The Pentecostal family settled in Texas invites a proposal for their daughter, who will start her MD residency in California in June 2024. Age 25 (November 4, 1998), 5'4", God-fearing, baptized, fair & a US citizen from parents of a Pentecostal boy, with a professional career and from the US. Please email complete details and pictures to **risinginspirit@yahoo.com.**

*Pentecostal Family, residing in the US, is inviting proposals for their born again, baptized daughter (30/ 5'4). Born and brought up in California, she works as an Optometrist (Eye Doctor). She is God fearing and Family oriented. Seeking suitable proposals from parents of Pentecostal ,Family oriented and professional boys preferably based in the US. Please respond with photo and details to **shajeepmathew@gmail.com** or contact **1-972- 342-4297.**

*Pentecostal parents settled in the USA invite proposal for their daughter, 28 year old, 5' 2": born again, water baptized and leading a model christian life. Born and brought up in the USA. Masters in Speech Language Pathology. Seeking suitable proposals from qualified boys from the USA or Canada. Please respond with details and pictures to
**foreverulove2023@gmail.com** or
**469-371-7023**.

*Roman Catholic parents invite proposals for their daughter who is working as Pham-D. She is 38 and 5'-3" fair complex. She is born and brought up in U.S.A. We are seeking suitable alliance from professionally qualified Engineers, Doctors, Pharmacists, MBA accountants , IT professionals born and raised in U.S.A. who are Catholics and God-fearing and family oriented. Interested please respond with details including a recent picture to: **cyriac78@hotmail.com**

*Pentecostal parents settled in USA invite proposal for their daughter 28 years old, 5' born again, baptized and spirit filled. Born and brought up in USA. Masters in Accounting, working as a corporate senior tax accountant, pursuing CPA. Parents of qualified boys ( from USA or Canada) with good spiritual background may please respond with details and pictures to **smat16ab@gmail.com**

# SEEKING BRIDE

*Syrian Pentecostal parents in the US are prayerfully seeking proposals for their God-fearing son (32 year-old, 5'6" MD physician), from parents of God-fearing girls with a similar educational background from Texas. If interested, please respond with complete details via email at **tonyvince29@gmail.com."**

*Pentecostal parents settled in USA prayerfully invite proposal for their son born and brought up in USA. He is 31 (August 03-1993) year old 5'5", architect, employed as project manager in an architectural firm in the northeast, born again, baptized, spirit filled and very active with church and gospel work. Seeking suitable alliance from parents of qualified born-again, baptized, spirit filled girl with good moral and spiritual values and professionally qualified, preferably born in the US. Please respond to
**jehovahnissi2024@yahoo.com** with recent pictures and details.

*Pentecostal parents seeking proposals for their born again, baptized son (US born, 31/ 5' 7") He is now working as a Doctor in California. Inviting proposals from born again and profession qualified girls preferably born in the US. Please call/ send info with picture. **253 332 0868**. email: **molyvt@yahoo.com.**

*Pentecostal parents settled in USA invite proposal for their son born and brought up in US. He is 28 year old with 5'11", engineer with masters degree, born again, spiritual and very active with church. We are seeking qualified, family oriented, born-again and God fearing girl with good moral and spiritual values. Interested please respond to
**hiswillforme01@gmail.com** with recent pictures and details.

*Uncle and aunt settled in USA invites proposals from USA for their nephew, 29 years old, (154 lbs, 5'6") itinerant preacher and prophet, traveling nations, training and equipping next generation leaders for the Kingdom of God. Owner of resort and campsite. Those who are fully committed to ministry, contact WhatsApp **+91 9946477146**

*Well to do, healthy, Christian widower (80) seeking a mature, single, Christian lady or widow. Text me to start the conversation first to get to know each other. Phone number **(830)624-5533.**

*Marthoma parents with strong religious back ground seeking proposals for their son, 32 years, 5' 8", born and brought up near New York City, working in an Investment banking group, pursuing CFA. Parents of professional girls born and brought up in US from any Christian denomination may please respond with details to **go2mathew@gmail.com.**

*Pentecostal parents invite proposal for their son (September 1996, 5"7) born and brought up in US, born again, baptized, spirit filled, actively involve in church ministry, medical student starting his residency in the mid of 2025. From the parents of girl*s who have similar field or are professionally qualified. Please send recent pictures and full details to **ifhiswill2021@gmail.com.**

*Professionally qualified Pentacostal boy working and studying in USA (fair/36/ 78kg/182cm/ divorced) seeking suitable proposal from parents of born again, spirit filled and professionally qualified girls live in United States. Contact: **(832) 340-0672**

*Double board certified physician currently working as a Medical Director at the VA. Beyond the realm of medicine, I prioritize strong family values and faith. I'm seeking a meaningful connection with someone who shares these principles, someone who values integrity, compassion, and growth. If you're ready to embark on a journey of companionship rooted in mutual respect and shared beliefs, I'd love to hear from you. Age 45 and 5' 7". Please respond with details and recent picture to **pvcglorytogod@gmail.com**

*Brother settled in the U.S. invites marriage proposal for Knanaya Catholic widower (U.S. returned, doing business, 2 sons, 1 in Canada & other one in Bangalore), 55, 5'8", 150lb from Knanya women or widows with or without children. Please contact us on **+1 863-447-0691 or email at joscoveneers@gmail.com.**

Visit Our Website:
www.keralaexpress.com
for Matrimonial Advt.

SEEKING BRIDEGROOM CONTD.....

KERALA EXPRESS

# നിര്യാതരായി

## ജേക്കബ് തോമസ്

**നെടുങ്കുന്നം:** മുട്ടാർ വാളംപറമ്പിൽ ജോസുകുട്ടി (ജേക്കബ് തോമസ്-79) അന്തരിച്ചു. ഭാര്യ: മുട്ടാർ ശ്രാമ്പിക്കൽ മരിയാലയം ആനിയമ്മ. മക്കൾ: ഡോ. ബീന, ലീന (യുഎസ്), സീമ (സെ. തേരേസാസ് എച്ച്എസ് നെടുങ്കുന്നം). മരുമക്കൾ: ജോ ജോസഫ് ചാൽഭാഗം (കോതമംഗലം), രാജീവ് ജോസഫ് മാളിയേക്കൽ തെങ്ങണ (യുഎസ്), തോമസ് മാത്യു തീമ്പലാട്ട് (പനയമ്പാല).

## വത്സമ്മ ജോൺ

**കുടല്ലൂർ:** പട്ടാർകുഴിയിൽ വത്സമ്മ ജോൺ (73) അന്തരിച്ചു. കരിങ്കുന്നം ചക്കുങ്കൽ കുടുംബാംഗമാണ്. ഭർത്താവ് ജോൺ. മക്കൾ: ബോബി, ബിബി, ബിനി (മൂവരും യുഎസ്). മരുമക്കൾ: ഷെപ്റ്റി വടക്കേക്കര കരിങ്കുന്നം, ജെയിംസ് വെട്ടിക്കാട്ട് നീണ്ടൂർ, വിപിൻ ചാലുങ്കൽ താഴത്തങ്ങാടി (മൂവരും യുഎസ്).

**പാലാ:** വെള്ളിയേപ്പള്ളി ചാലപ്പറമ്പിൽ പരേതനായ ഭാസ്കരൻ നായരുടെ ഭാര്യ ചന്ദ്രിക (76) അന്തരിച്ചു.

## ജോസഫ് വർഗീസ്

**അർത്തുങ്കൽ:** ചേർത്തല തെക്ക് പഞ്ചായത്ത് 20-ാം വാർഡ് നോർബോണ വീട്ടിൽ ജോസഫ് വർഗീസ് പഴമ്പാശേരിൽ (86) ചിക്കാഗോയിൽ അന്തരിച്ചു. ഭാര്യ പരേതയായ സെലിൻ വർഗീസ്. മക്കൾ: മേഴ്സി, ജൂലിയറ്റ്, സെബാസ്റ്റ്യൻ, ഡോ. ഉഷ (എല്ലാവരും യുഎസ്). ഡോ. ബിജിമോൻ വർഗീസ്. മരുമക്കൾ: അലക്സ് കുഴിക്കാട്ടിൽ, ആഷ വടക്കേ തയ്യിൽ, ജസ്റ്റിൻ വെളുത്തേടത്ത് (എല്ലാവരും യുഎസ്), ലോറൻസ് കുടിയാംചേരി.

**തലയോലപ്പറമ്പ്:** റിട്ട. എസ്ആർഒ വടയാർ ശ്രീനിലയത്തിൽ സോമൻപിള്ള (88) അന്തരിച്ചു.

**മുട്ടുചിറ:** പറമ്പിൽതടത്തിൽ മാത്യു മത്തായി (മത്തച്ചൻ -77) അന്തരിച്ചു.

## അഡ്വ. സി.എൻ. ബാലകൃഷ്ണൻ നായർ

**കോട്ടയം:** കോട്ടയം ബാറിലെ സീനിയർ അഭിഭാഷകനായിരുന്ന പാറമ്പുഴ ചാഴിശ്ശേരിൽ സി.എൻ. ബാലകൃഷ്ണൻ നായർ (92) അന്തരിച്ചു. ഭാര്യ പെരുന്ന കളത്തൂർ സി. രുക്മിണിയമ്മ (ബിസിഎം കോളജ് ഗണിതശാസ്ത്ര വിഭാഗം മുൻമേധാവി). മക്കൾ: ജയപ്രകാശ് ബാലകൃഷ്ണൻ, പ്രദീപ്കുമാർ ബാലകൃഷ്ണൻ (കാലിഫോർണിയ), ബി. പ്രേംനാഥ് (ജഡ്ജ് വിജിലൻസ് ട്രൈബ്യൂണൽ). മരുമക്കൾ: അഞ്ജു ജയപ്രകാശ്, രചനാ മഹേശ്വരി (ഇരുവരും യുഎസ്), ഡോ. റാണി ലക്ഷ്മി (അസോ. പ്രഫ. മെഡിക്കൽ കോളജ് കോട്ടയം).

**നാട്ടകം:** എക്സൈസ് റിട്ട. പ്രിവന്റീവ് ഓഫീസർ സിമന്റ് കവല പുത്തൻപറമ്പിൽ എൻ. ഐ. തങ്കപ്പൻ (തങ്കച്ചൻ-82) അന്തരിച്ചു.

## ജി. ഡാനിയൽ

**വാത്തികുളം:** എസ്എസ്ബി (അസം) റിട്ട. ഉദ്യോഗസ്ഥൻ വേളൂർ കോട്ടയിൽ (നെടുമ്പള്ളിൽ)ജി. ഡാനിയൽ (കുഞ്ഞുമോൻ-78) ചിക്കാഗോയിൽ അന്തരിച്ചു. ഭാര്യകുറ്റിത്തെരുവ് സത്രത്തിൽ തങ്കമണി. മക്കൾ: ജൂലി (ചിക്കാഗോ), എലിസബത്ത് (കുവൈറ്റ്), ലിജു (കാനഡ). മരുമക്കൾ: സന്ദീപ് (ചിക്കാഗോ), അനു (കുവൈറ്റ്), മീര (കാനഡ).

**പൂവത്തിളപ്പ്:** പാലാ സെ. തോമസ് കോളജ് റിട്ട. പ്രഫസർ നടുവിൽപുരയിടം (ഓകോലിൽ) എൻ.സി. ജോസഫ് (88) അന്തരിച്ചു.

**കോട്ടയം:** അണ്ണാൻകുന്ന് കല്ലിശേരി പഴയപീടികയിൽ പി. ഐ കുര്യൻ (79) അന്തരിച്ചു.

**വടവാതൂർ:** നടുവിലേപ്പറമ്പിൽ എൻ.ടി. ഏബ്രഹാം (കുഞ്ഞവറാച്ചൻ-86) അന്തരിച്ചു.

**മുട്ടാർ:** ശ്രാമ്പിക്കൽ കുടകുത്തിയിൽ ഷീല ടോം (47) അന്തരിച്ചു.

## സി.വി. ചാക്കോ

**പാമ്പാടി:** കോത്തല ചക്കാലക്കലായ വാലയിൽ സി.വി. ചാക്കോ (കുഞ്ഞൂഞ്ഞുകുട്ടി -82) അന്തരിച്ചു. ഭാര്യ: വാഴൂർ മള്ളിയിൽ മോളി. മക്കൾ: കൃപ (അമേരിക്കൻ സ്കൂൾ ഓഫ് ദുബായ്), റോബിൻ (യുഎസ്). മരുമക്കൾ: സുജ വല്യത്ത് (കാർത്തികപ്പള്ളി), ഗൗരിക (യുഎസ്).

## കെ.എം. കുര്യൻ

**കുറിച്ചിത്താനം:** കാവനാടിമലയിൽ കെ.എം. കുര്യൻ (90) അന്തരിച്ചു. ഭാര്യ കുടക്കച്ചിറ പുളിക്കിയിൽ പരേതയായ ഏലിക്കുട്ടി. മക്കൾ: ഷേർലി (യുഎസ്), ഫാ. മാത്യു കാവനാടിമലയിൽ (വികാരി, സെ. മേരീസ് പള്ളി മൂന്നിലവ്), കൊച്ചുറാണി (യുഎസ്), ഫ്രാൻസിസ് (ബ്രില്യന്റ് പാലാ). മരുമക്കൾ: ജോസഫ് ചെമ്പരത്തി (മാനന്തൂർ), ജോമി സേവ്യർ (പവർഗ്രിഡ്), സിനി കുളക്കാട്ടുവയലിൽ, മണിമല (അധ്യാപിക കുറിച്ചിത്താനം).

**തിരുവാങ്കുളം:** പിറവം എം. കെഎം സ്കൂൾ റിട്ട. അധ്യാപിക കോട്ടയത്തുപാറ കാവനാൽ ശലോമി മാത്യു (80) അന്തരിച്ചു.

## സൂസി ജോർജ്


**കോതമംഗലം:** കീരംപാറ സെ. സ്റ്റീഫൻസ് സ്കൂൾ റിട്ട. അധ്യാപിക മാലിയിലിൽ പുതീക്കൽ സൂസി ജോർജ് (73) അന്തരിച്ചു. കുറുപ്പംപടി കോച്ചേരിയിൽ കുടുംബാംഗമാണ്. ഭർത്താവ്: പരേതനായ പ്രഫ. പി. എം. ജോർജ്. മക്കൾ: ഡോ. ബിബു ജോർജ് (ലിസി ആശുപത്രി), ദീപു ജോർജ് (ബെംഗ്ളൂരു), ബോബു ജോർജ് (അറ്റ്ലാന്റ). മരുമക്കൾ: ഡോ. രഞ്ജിനി (ലൂർദ് ആശുപത്രി), തനു (ബെംഗ്ളൂര്), സുബി (മോങ്കോ), ഡിബി (അറ്റ്ലാന്റ).

## അന്നമ്മ ജോസഫ്

**ഭരണങ്ങാനം:** പത്യാല പരേതനായ പി.ജെ. ജോസഫിന്റെ ഭാര്യ അന്നമ്മ ജോസഫ് (96) അന്തരിച്ചു. ചെമ്മരപ്പള്ളിയിൽ കുടുംബാംഗമാണ്. മക്കൾ: ലീലമ്മ (യുഎസ്), ആനിയമ്മ, ജോയി, പരേതയായ ഓമന, പെണ്ണമ്മ, എത്സമ്മ, ഫ്രാൻസിസ്, സോണിയ, ജോളി (മൂവരും യുഎസ്). മരുമക്കൾ: രാജൻ (യുഎസ്), പി.പി. തോമസ് പുളിക്കാട്ട് (റിട്ട. വില്ലേജ് ഓഫീസർ മൂന്നാനി), മോനിക്ക (കൊൽക്കത്ത), ബേബി നെടിയത്ത് (ഹരിപ്പാട്), പി.ടി. വർക്കി പിണക്കാട്ട് (ഇടമറുക്), സെബാസ്റ്റ്യൻ പൈലി കരോട്ട് കുഴികണ്ടത്തിൽ (കാക്കൂർ), ഷേർളി ഓടക്കൽ മൂന്നാനി, മാത്യു ജേക്കബ് നെടുംതകിടിയേൽ കരിമ്പാനി, മാത്യു തോമസ് കൂരാച്ചുണ്ട് (മൂവരും യുഎസ്).

**വാകത്താനം:** കാടമുറി ആനിക്കൽ പരേതനായ ഈപ്പന്റെ ഭാര്യ ശോശാമ്മ (നൈതോമ -90) അന്തരിച്ചു.

## ഗോപാലകൃഷ്ണ കുറുപ്പ്



**ചിക്കാഗോ:** ആലപ്പുഴ ചുനക്കര ചെറിയ മേലേടത്ത് വീട്ടിൽ കൃഷ്ണൻ നായരുടെയും ദേവകിയമ്മയുടെയും മകൻ ഗോപാലകൃഷ്ണകുറുപ്പ് (81) ചിക്കാഗോയിൽ (സ്കോക്കി) അന്തരിച്ചു. പരേതൻ ഇന്ത്യൻ ആർമി മെഡിക്കൽ കോർപ്സിൽ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചതിനുശേഷം കുടുംബസമേതം അമേരിക്കയിലേക്ക് കുടിയേറി. ഭാര്യ: പൊന്നമ്മ കുറുപ്പ്. മക്കൾ: ഡോ. സുനിൽ കുറുപ്പ് ഡിഡിഎസ്, ഡോ. സിന്ധു കുറുപ്പ് എംഡി, സുരേഷ് കുറുപ്പ് (ഫൈനാൻസ്). മരുമക്കൾ: തൃപ്തി കുറുപ്പ്, ഡോ. രാതുൽ റേ ചൗധരി എംഡി. സഹോദരൻ: അച്ചുതകുറുപ്പ്.

**മല്ലപ്പള്ളി:** വൈദ്യശാസ്ത്ര രംഗത്തെ മികവും ഗവേഷണങ്ങളും പരിഗണിച്ച് ഓസ്ട്രേലിയയിലെ ന്യൂസൗത്ത് വേൽസ് സർക്കാർ കൺസൾട്ടന്റ് എമിററ്റസ് പദവി നല്കി ആദരിച്ച ഡോ. എലിസബത്ത് ജോൺ (88) സിഡ്നിയിൽ അന്തരിച്ചു.

**അതിരമ്പുഴ:** കളമശേരി സെ. പോൾസ് കോളജ് റിട്ട. പ്രഫ. കോട്ടയരുകിൽ കെ.എം. സെബാസ്റ്റ്യൻ (80) അന്തരിച്ചു.

## എം.വി. വർഗീസ്

**നെടുങ്ങാടപ്പള്ളി:** ആനിക്കാട് സെ. മേരീസ് എച്ച്.എസ്. റിട്ട. അധ്യാപകൻ മാവിള എം. വി. വർഗീസ് (കുഞ്ഞൂഞ്ഞച്ചൻ -84) അന്തരിച്ചു. ഭാര്യ: കടപ്രകുഴിയുഴത്തിൽ മോളി (റിട്ട. അധ്യാപിക നെടുങ്ങാടപ്പള്ളി സിഎംഎസ് സ്കൂൾ). മക്കൾ: സംഗീത (ദുബായ്), കവിത, സൈമൺ (ഇരുവരും യുഎസ്). മരുമക്കൾ: ജോജി (ദുബായ്), ബിനു, ജിഷ, (ഇരുവരും യുഎസ്).

**കരിമ്പാനി:** മുണ്ടുവാലയിൽ റോസമ്മ മത്തായി (90) അന്തരിച്ചു.

**തൃക്കൊടിത്താനം:** മുണ്ടുപാലം കണ്ണമ്പള്ളി ജോസഫ് ജോസഫ് (ജോർജുകുട്ടി-82) അന്തരിച്ചു.

**കുമരകം:** ജലഗതാഗതവകുപ്പ് റിട്ട. ജീവനക്കാരൻ വെളുത്തേടത്ത്പറമ്പിൽ (വിഗാസ് ഭവനിൽ) കൃഷ്ണദാസ് (76) അന്തരിച്ചു.

**കോതമംഗലം:** ചാത്തമറ്റം കണിയാംപറമ്പിൽ നെവിൻ വർഗീസ് (38) അന്തരിച്ചു.

**നരിയമ്പാറ:** അറയ്ക്കപ്പറമ്പിൽ മറിയാമ്മ (93)അന്തരിച്ചു.

## തങ്കമ്മ കുര്യൻ

**വാകത്താനം:** വള്ളിക്കാട്ട് പഴഞ്ചിറ മൂലയിൽ പരേതനായ എം.വി. കുര്യന്റെ ഭാര്യ തങ്കമ്മ കുര്യൻ (92) അന്തരിച്ചു. തോട്ടഭാഗം വരാപ്പുറത്ത് കുടുംബാംഗമാണ്. മക്കൾ: ജോമോൻ കുര്യൻ (യുഎസ്), ജോർജ് കുര്യൻ, തോമസ് കുര്യൻ (ഖത്തർ), ജെസിമോൾ കുര്യൻ, ഡോളിക്കുട്ടി കുര്യൻ. മരുമക്കൾ: വത്സമ്മ മറുകുംമൂട്ടിൽ വഴിക്കടവ് (യുഎസ്), സജി ജോർജ് കുമ്മേലിൽ (പള്ളം), റാണി തോമസ് കണ്ടുംകെട്ടിയതിൽ (നീലിമംഗലം), ജീമോൻ വാണിയപ്പുരയ്ക്കൽ (പുതുപ്പള്ളി), ഷിബു മണിയനോടിൽ വള്ളംകുളം.

## കെ.വി. ഫിലിപ്പോസ്

**അരീപ്പറമ്പ്:** ഗവ. സ്കൂൾ മുൻ അധ്യാപകൻ ചോലപ്പള്ളിയിലായ പുത്തൻപുരയിൽ കെ. വി. ഫിലിപ്പോസ് (ജോയി-94) അന്തരിച്ചു. ഭാര്യ അമയന്നൂർ തെക്കേപ്പാറയിൽ പി.സി. മറിയാമ്മ (മുൻ പ്രധാനാധ്യാപിക അകലക്കുന്നം ഗവ. എൽപി സ്കൂൾ). മക്കൾ: ജോർജ് ഫിലിപ്പ് (താലൂക്ക് ഓഫീസ് കാഞ്ഞിരപ്പള്ളി), ബിനോയ് ഫിലിപ്പ് (അയർലൻഡ്), ബിജിനി ഫിലിപ്പ് (യുഎസ്). മരുമക്കൾ: കുറിച്ചിമല ഏലിയാമ്മ കെ. തോമസ് (കോട്ടയം എംഡി സെമിനാരി സ്കൂൾ), തേക്കിയിൽ മഞ്ജു ബിനോയ് (അയർലൻഡ്), മീനടം ഈയാടിയിൽ എബി ഏബ്രഹാം (യുഎസ്).

**എസ്.എച്ച്.മൗണ്ട്:** തോട്ടത്തിൽ ജി. ജേക്കബ് (80) അന്തരിച്ചു.

**പഴയിടം:** കെഎസ്ആർടിസി റിട്ട. ഉദ്യോഗസ്ഥൻ പതാലിൽ പി.എസ്. ജോസഫ് (86) അന്തരിച്ചു.

**കോട്ടയം:** കഞ്ഞിക്കുഴി ദീപ്തിനഗർ കരിമ്പിലാക്കൽ കെഎസ്ഇബി റിട്ട. സീനിയർ സൂപ്രണ്ട് പി.ജി. കുഞ്ഞുമറിയാമ്മ (78) അന്തരിച്ചു.

**തൊടുപുഴ:** ആരാധനാമഠം കോതമംഗലം പ്രോവിൻസ് അംഗം സിസ്റ്റർ ലിസി ഇലവുങ്കൽ (തെയ്യാമ്മ-74) അന്തരിച്ചു.

## മേരി ആൻഡ്രൂസ്

**എളമക്കര:** സിഡ്കോ റിട്ട. അസി. എൻജിനീയർ പെരുമ്പോട്ട റോഡിൽ കുരിശുമ്മൂട്ടിൽ (ജെകെഎസ്-305) മേരി ആൻഡ്രൂസ് (82) അന്തരിച്ചു. രാമപുരം ഏഴാച്ചേരി മുട്ടത്തുകുന്നേൽ കുടുംബാംഗമാണ്. ഭർത്താവ്: ആൻഡ്രൂസ് കെ. പോൾ (റിട്ട. സെയിൽസ് മാനേജർ സിഡ്കോ, കൊച്ചി). മകൻ: സൂരജ് ആൻഡ്രൂസ്. മരുമകൾ: സൈറ പോൾ പുത്തൻപുരയ്ക്കൽ (ഇരുവരും യുഎസ്).

## ത്രേസ്യാമ്മ ജോസഫ്

**അരുവിത്തുറ:** പെരുന്നിലം ചെറുവള്ളിൽ ത്രേസ്യാമ്മ ജോസഫ് (86) അന്തരിച്ചു. ഭർത്താവ്: സി.ഇ. ജോസഫ്. മക്കൾ: ബാബു ജോസഫ് (യുഎസ്), വിൽസൺ ജോസഫ് (ഓസ്ട്രേലിയ), ജോർജ് ജോസഫ്, ലിസമ്മ ടോമി (കരൂർ പഞ്ചായത്ത് മെംബർ),സൂസൻ സെബാസ്റ്റ്യൻ, കൊച്ചുറാണി ജോസ്, ജോൺസൺ ജോസഫ് (റിട്ട. പ്രിൻസിപ്പൽ). മരുമക്കൾ: ഷൈല ബാബു മാമ്മൂട്ടിൽ ചങ്ങനാശേരി (യുഎസ്), ആലീസ് വിൽസൺ ആലുമ്മൂട്ടിൽ ഇഞ്ചിയാനി (ഓസ്ട്രേലിയ), റിറ്റ ജോർജ് (കുവൈറ്റ്), ടോമി വട്ടക്കാനായിൽ (പയപ്പാർ), സെബാസ്റ്റ്യൻ പുരയിടത്തിൽ (പൊൻകുന്നം), ജോസ് കല്ലറയ്ക്കൽ (കൂവപ്പള്ളി), ബിന്ദു ജോൺസൺ വയലിൽ ചേന്നാട് (ടീച്ചർ, സെ. ആന്റണീസ് എച്ച്എസ് പൂഞ്ഞാർ).

**തിടനാട്:** ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് കോൺഗ്രിഗേഷൻ ഭരണങ്ങാനം അൽഫോൻസ് ജ്യോതി പ്രോവിൻസ് തിടനാട് ക്ലാരനഗർ ഭവനാംഗം സിസ്റ്റർ മോസസ് (94) അന്തരിച്ചു.

**ഏറ്റുമാനൂർ:** വടക്കേനട പുഷ്പകത്ത് പരേതനായ രാമചന്ദ്രൻ നായരുടെ ഭാര്യ രാധാമണി (75) അന്തരിച്ചു.

**ചെറുവാണ്ടൂർ:** മൂത്തേടത്തുകാലായിൽ മറിയക്കുട്ടി ജോസഫ് (കത്രി-95) അന്തരിച്ചു.

**അരുവിത്തുറ:** പെരുന്നിലം ആഴാത്ത് കുഞ്ഞമ്മ ജോസഫ് (84) അന്തരിച്ചു.

## ജെ.സി. ബാവൻ അന്തരിച്ചു



കോട്ടയം: ബാവൻസ് ഗ്രൂപ്പ് ഫൗണ്ടർ ചെയർമാൻ കോട്ടയം താഴത്തങ്ങാടി പുളിക്കൽ ജേക്കബ് ചെറിയാൻ (ജെ. സി. ബാവൻ-93) അന്തരിച്ചു. കളർ ഫോട്ടോഗ്രാഫി കേരളത്തിൽ ആദ്യമായി അവതരിപ്പിച്ചത് ജെ.സി. ബാവൻ ആണ്. ഫോട്ടോഗ്രാഫി രംഗത്ത് അസംസ്കൃത വസ്തുക്കൾക്ക് കടുത്ത ക്ഷാമം നേരിട്ടിരുന്ന കാലത്ത് വിദേശത്തുനിന്നും ഇറക്കുമതി ചെയ്ത് ഉപയോഗിച്ചാണ് ഇദ്ദേഹം ഈ മേഖലയിൽ ഒന്നാമനായത്. ഫോട്ടോ സ്റ്റുഡിയോകൾക്കു പുറമെ ബാവൻസ് ബിൽഡേഴ്സ് ആൻഡ് ഡെവലപ്പേഴ്സ്, വസ്ത്ര വ്യാപാരശാലയായ തരംഗ സിൽക്സ് എന്നിവയുടെയും ഫൗണ്ടർ ചെയർമാനാണ്. ദി സൗത്ത് ഇന്ത്യൻ ഫോട്ടോഗ്രാഫിക് ട്രേഡ് ആൻഡ് അലേയ്ഡ് അസോസിയേഷൻ എന്ന സംഘടനയുടെ സൗത്ത് ഇന്ത്യ പ്രസിഡണ്ട് സ്ഥാനവും അദ്ദേഹം വഹിച്ചിട്ടുണ്ട്.

## ഫാ. ഗ്രിഗറി ഓണംകുളം അന്തരിച്ചു



**ചങ്ങനാശേരി:** ചങ്ങനാശേരി അതിരൂപതാംഗവും ചമ്പക്കുളം സെ. മേരീസ് ബസിലിക്ക റെക്ടറുമായിരുന്ന ഫാ. ഗ്രിഗറി ഓണംകുളം (63) അന്തരിച്ചു. ചങ്ങനാശേരി അതിരൂപത ജീവകാരുണ്യനിധി ട്രസ്റ്റ് സെക്രട്ടറിയാണ്. ചങ്ങനാശേരി സോഷ്യൽ സർവീസ് സൊസൈറ്റി ഡയറക്ടർ, അതിരൂപതാ ഡിസിഎംഎസ് ഡയറക്ടർ എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. അതിരമ്പുഴ ഓണംകുളം പരേതനായ ലൂക്ക ഫ്രാൻസിസ്-ചിന്നമ്മ ദമ്പതികളുടെ മകനാണ്. കുറിച്ചി, നാഗ്പൂർ സെമിനാരികളിൽ പഠനം. 1987 ഏപ്രിൽ 29-ന് ആർച്ച്ബിഷപ് മാർ ജോസഫ് പവ്വത്തിലിൽ നിന്ന് പൗരോഹിത്യം സ്വീകരിച്ചു. ചങ്ങനാശേരി മെത്രാപ്പോലീത്തൻ പള്ളി അസി. വികാരി, പറാൽ, മാടപ്പള്ളി, തുരുത്തി പള്ളികളിൽ വികാരിയായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

## ELDERLY COUPLE LOOKING FOR LIVE-IN CAREGIVER AT ELMHURST(CHICAGO)

Elderly couple (79 and 80 year old) looking for live-in caregiver, at Elmhurst (Chicago). Duties include assisting with daily activities, light cooking, housework, and overall company.

**Competitive pay, please contact**

**Ginash George 630-975-2525**

**for more information.**

## LAKE HOUSE FOR SALE IN TEXAS

Located 2 hours from DFW on Lone Star Lake. 6 Bedroom/ 3 full Bath, 3324 Sq Feet. Huge Den overlooking the lake. Granite counter tops. New carpet upstairs and new flooring downstairs. Patio in front of kitchen with Pergola. Gazebo located next to patio. 1/2 acre land with sprinkler system and fire pit. New boat house with boat slip and seating area with grill. 2 Car Garage with carport in the front.

$685,000 Only text, no phone calls.

**614-329-9361 John**

## 7 CENT HOUSE PLOT FOR SALE AT PERANDUR, EDAPALLY, KOCHI

Road access, Close to HWY, Hospitals, Churches, and Temples, Airport. Reasonable Price.

**If interested please e mail at**

**skrish3299@yahoo.com**

## HOUSING PLOTS FOR SALE AT MONIPPALLY

മോനിപ്പള്ളി-ഇലഞ്ഞി റൂട്ടിൽ കല്ലിടുക്കി കവലയ്ക്കു സമീപം മെയിൻ റോഡിൽ നിന്നും 30 മീറ്റർ അകത്തായി പഞ്ചായത്ത് റോഡിന്റെ സൈഡിൽ 70 സെന്റും 54 സെന്റും ഉള്ള രണ്ട് പ്ലോട്ടുകൾ വില്പനയ്ക്ക്.

**Whatsapp +1 630 903 7680**

Two residential plots of 70 cents and 54 cents at Monippally (just 30 Mtrs from Monippally-Elanji Road and on the side of Panchayat Rd) for immediate sale. Serious buyers please contact

**Cell/Whatsapp +1 630 903 7680**




## LAND FOR SALE

**ARUNOOTTIMANGALAM, 5KM NORTH OF KADUTHURUTHY, KOTTAYAM DISTRICT**

1.8 acres near st. joseph's church, facing main rd. ( 270ft), back borders old paddy field so well water available.

**Contact: USA- 630-209-5535, KERALA- 9447572102**


### *Favors Received*




**" In trial or difficulty I have recourse to Mother Mary, whose glance alone is enough to dissipate every fear."**

***Ajitha kurien and family, Ellicott city, Md***

### *Favors Received*




***Ajitha kurien and family, Ellicott city, Md***

### *Favors Received*



**" In trial or difficulty I have recourse to Mother Mary, whose glance alone is enough to dissipate every fear."**

***Ajitha kurien and family, Ellicott city, Md***

### പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്കു എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴി കാണിച്ചു തരികയും എന്നോടു മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവീക ദാനം തരുകയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയക്ക് ഞാൻ നന്ദി പറയുന്നു. എത്രയോ വലിയ ഭൗതികാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്നു അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ലഎന്നു ഞാൻ തീർത്തു പറയുന്നു. നിത്യ മഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിൽ വിധേയപ്പെട്ടു കൊണ്ട് ഞാൻ അങ്ങയോട് മാപ്പ് ചോദിക്കുന്നു.

ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്നു ദിവസം അടുപ്പിച്ചു ചെല്ലുക. മൂന്നു ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിന് മുൻപ് താഴെ പറയുന്ന രണ്ടു കാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാദ്ധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും

2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്ര അധികം ആളുകളിൽ എത്തിക്കാമോ അത്ര അധികം ആളുകളിൽ എത്തിക്കും.

ഇത് പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടി ആണ്. താമസിച്ചതിന് ക്ഷമാപണം.

***Inserted by: Firm Believer, Dallas***

# കാണാത്ത തീരങ്ങൾ

ജോയ്സി

## കഥ ഇതുവരെ

**പത്രപ്രവർത്തകനായ സന്ദീപും സുന്ദരിയായ അല്ലിമയും പ്രണയത്തിലായിരുന്നു. വിവാഹാലോചന വന്നപ്പോൾ സന്ദീപിന്റെ അച്ഛൻ ഹൈക്കോടതി ജഡ്ജി ജയദേവൻ നമ്പ്യാർ ജാതകത്തിനു നിർബന്ധം പിടിച്ചു. അല്ലിമ ദത്തുപുത്രിയാണെന്ന് അച്ഛൻ രാജഗോപാലിനു പറയേണ്ടിവരുന്നു. അല്ലിമയുടെ ജനനസമയവും മാതാപിതാക്കളെയും കണ്ടുപിടിക്കാനുള്ള അന്വേഷണവുമായി പോണ്ടിച്ചേരിയിലെത്തിയ സന്ദീപും ബന്ധുവായ കിഷോറും അല്ലിമയെ പ്രസവിച്ചത് മുത്തശ്ശിയുടെ അനുജത്തി മല്ലികച്ചിറ്റയുടെ മകൾ മാളവികയാണെന്നു മനസ്സിലാക്കി. ബസ് കണ്ടക്ടറായിരുന്ന ചന്ദ്രബാബുവിനെ പ്രണയിച്ച് രജിസ്റ്റർ വിവാഹം കഴിച്ച മാളവിക, ഭർത്താവിന്റെ കുടുംബത്തോടൊപ്പം നാടുവിട്ടുപോകുകയായിരുന്നു. പിന്നീട് ചന്ദ്രബാബുവിനെ കാണാതായി. മല്ലികയുടെ സഹോദരന്റെ മകളുടെ ഭർത്താവ് ഡിവൈഎസ്പി ഹേമചന്ദ്രന്റെ ബുദ്ധിയായിരുന്നു അതിനു പിന്നിൽ. ചന്ദ്രബാബുവിന്റെ തിരോധാനവുമായി ബന്ധപ്പെട്ട വിവരങ്ങൾ സന്ദീപ് പരമ്പരയായി പത്രത്തിൽ പ്രസിദ്ധീകരിച്ചു. അതോടെ കേസ് പുനരന്വേഷണം തുടങ്ങി. ഹേമചന്ദ്രനും ബാലകൃഷ്ണമേനോനുമൊക്കെ പ്രതിയായി. കല്ലാറ്റുപടിക്കലെ തോട്ടത്തിൽ മണ്ണുമാന്തി ഉപയോഗിച്ചു നടത്തിയ പരിശോധനയിൽ അസ്ഥികളും മറ്റും കണ്ടെടുത്തു. പിടിയിലാകുമെന്നുറപ്പായപ്പോൾ ബാലകൃഷ്ണമേനോൻ സ്വയം വെടിവെച്ചു മരിച്ചു. കിളിമാനൂരിലെ മാനസികാരോഗ്യകേന്ദ്രത്തിൽവെച്ച് മാളവികയെ കണ്ട അല്ലിമ അമ്മയെ ഒപ്പംനിന്നു ശുശ്രൂഷിക്കണമെന്നു വാശിപിടിക്കുന്നു...**

### 117

ചന്ദ്രബാബു വധക്കേസിലെ മുഖ്യ പ്രതിയായി അറസ്റ്റ് ചെയ്യപ്പെട്ട് സബ്ജയിലിൽ പോയ ഹരീന്ദ്രൻ ആംബുലൻസിൽ മൃതദേഹമായി മാങ്ങോട്ടുശ്ശേരി തറവാട്ടിൽ മടങ്ങിയെത്തി.

മാങ്ങോട്ടുശ്ശേരിൽ ബന്ധുമിത്രാദികളും നാട്ടുകാരും അന്തിമോപചാരമർപ്പിക്കാൻ വന്നുപൊയ്ക്കൊണ്ടിരുന്നു.

ഹരിപ്പാട്ടുനിന്ന് ജയദേവൻ നമ്പ്യാരും രാജശ്രീയും എത്തി. പോണ്ടിച്ചേരിയിൽനിന്ന് ഒരിക്കൽക്കൂടി ഭാസ്കരമേനോനും മകനും വരേണ്ടിവന്നു.

ജയദേവനോട് ഭാസ്കരമേനോൻ ചോദിച്ചു: "തന്റെ മകൻ വന്നില്ലേ? പത്രപ്രവർത്തകൻ."

"വരുമായിരിക്കും. എനിക്കറിയില്ല."

"അവനാണല്ലോ ഇതിനെല്ലാം കാരണക്കാരൻ."

"സ്വയംകൃതാനർഥം." ജയദേവൻ നമ്പ്യാർ പതിയെ പറഞ്ഞു.

"ആണോ? മൺമറഞ്ഞുകിടന്നതെല്ലാം കുത്തിയിളക്കിക്കൊണ്ടുവന്നത് ആരാ?"

"ഭാസിയമ്മാമ കണ്ണടച്ചിരുട്ടാക്കണ്ട. ഒരു ചെറുപ്പക്കാരനെ കൊന്നു കുഴിച്ചുമൂടി. ഒരു പെണ്ണിനെ മുഴുഭ്രാന്തിയാക്കി. ഒരു ചോരക്കുഞ്ഞിനെ തെരുവിലുപേക്ഷിച്ചു. ഇതെല്ലാം കണ്ടുപിടിക്കപ്പെട്ടതാണോ കുറ്റം. അതോ ഈ കുറ്റകൃത്യങ്ങളെല്ലാം ചെയ്തു കൂട്ടിയതോ?"

ഭാസ്കരമേനോൻ ജയദേവന്റെ മുഖത്തുനിന്നു നോട്ടം മാറ്റി. അടുത്ത നിമിഷം ഒരു പിടിവള്ളി കിട്ടിയപോലെ പറഞ്ഞു:

"ബാലകൃഷ്ണന്റെ മരണത്തിനും അവനല്ലേ ഉത്തരവാദി."

"ബാലമ്മാമ സൂയിസൈഡ് ചെയ്തെങ്കിൽ അത് കുറ്റബോധംകൊണ്ടായിരിക്കും. അല്ലെങ്കിൽ ജയിലിൽ കയറേണ്ടി വരുമല്ലോന്നുള്ള അഭിമാനക്ഷതം ഓർത്തിട്ട്. എല്ലാം ഭാസിയമ്മാമയ്ക്കും അറിയാമല്ലോ..." അതോടെ ഭാസ്കരമേനോന് തീരെ മുഷിഞ്ഞു.

സംസാരം നിർത്തി. മാങ്ങോട്ടുശ്ശേരിൽ പോകാൻ ആഗ്രഹമുണ്ടെന്ന് അല്ലിമ ഫോൺ ചെയ്തു പറഞ്ഞപ്പോൾ സന്ദീപ് ചോദിച്ചു:

"അതിന്റെ ആവശ്യംണ്ടോ?"

"എനിക്ക് കാണണം... ഇനി കാണാൻ പറ്റില്ലല്ലോ."

"അത്രയ്ക്ക് ആഗ്രഹം തോന്നാൻ തക്ക അടുപ്പമൊന്നുമില്ലല്ലോ."

"സ്നേഹംകൊണ്ടാണെന്നു സന്ദുവേട്ടൻ വിചാരിച്ചോ? എന്റെ അമ്മയുടെ സഹോദരനാണല്ലോന്നു വിചാരിച്ചിട്ടല്ല. എന്റെ അച്ഛനെ കൊന്നയാളല്ലേ. എന്റമ്മയുടെ ജീവിതം ഭ്രാന്താലയത്തിലിട്ടു പൂട്ടിയ ആളല്ലേ." അല്ലിമയുടെ കിതപ്പ് സന്ദീപ് ഫോണിലൂടെ കേട്ടു. "അയാൾ മരിച്ചു കിടക്കുന്നത് എനിക്കു കാണണം." ആ സ്വരത്തിലെ പക സന്ദീപിനെ അമ്പരപ്പിച്ചു.

"നീ ഇങ്ങനൊന്നും ആയിരുന്നില്ലല്ലോ അല്ലീ."

"ആയിരുന്നില്ല. എല്ലാവരോടും അലിവും സ്നേഹോം മാത്രമുണ്ടായിരുന്നവളാ ഞാൻ. എന്റച്ഛനെ കൊന്നവരാണെന്നറിഞ്ഞിട്ടുപോലും എനിക്കവരോടു ദേഷ്യമില്ലായിരുന്നു. ദുരഭിമാനക്കൂടുതൽകൊണ്ട് ചെയ്തതാണല്ലോന്നു കരുതി." അല്ലിമ ഒന്നു നിർത്തി ദീർഘനിശ്വാസമെടുത്തിട്ടു പറഞ്ഞു: "പക്ഷേ, എന്റമ്മയെ കണ്ട ശേഷം എനിക്കവരോടൊന്നും ഒരലിവുമില്ല. അവരോട് ഒരിക്കലും ഞാൻ ക്ഷമിക്കില്ല. സന്ദുവേട്ടൻ മല്ലികച്ചിറ്റേന്നു വിളിക്കുന്ന ആ സ്ത്രീയുണ്ടല്ലോ... അവരോടു പോലും." അല്ലിമയുടെ സ്വരത്തിനു മൂർച്ഛയേറി വന്നു.

"പക്ഷേ, നീയും ഞാനും മാങ്ങോട്ടുശ്ശേരീലോട്ട് ചെല്ലുന്നത് അവരെ പ്രകോപിപ്പിക്കും. മണിമലക്കാര് മുഴുവൻ ആ വീട്ടിലും പരിസരത്തുമുണ്ടാകും."

"സന്ദുവേട്ടൻ വരണ്ട. എന്നെ ആ വീടിന്റെ ഗേറ്റ്വരെ എത്തിച്ചാ മതി."

"നിനക്കെതിരെ എന്തെങ്കിലും കയ്യേറ്റമുണ്ടായാലോ അല്ലീ."

"അവരെന്നെ കൊല്ലുമോ- കൊല്ലട്ടെ."

"നമ്മൾ അത്രയ്ക്കൊക്കെ ഇമോഷണലാകേണ്ട കാര്യമൊണ്ടോ?"

"സന്ദുവേട്ടാ, എന്റമ്മയുടെ മുഖം കാണുമ്പോ എന്റെ മനസ്സിലെന്താന്ന് സന്ദുവേട്ടനറിയ്യോ. അമ്മയെ ഈ നിലയിലാക്കിയവരെ കൊല്ലാനുള്ള ശക്തി എനിക്കു കിട്ടണേന്ന്."

സന്ദീപ് നിമിഷങ്ങളോളം ഫോണും കയ്യിൽപിടിച്ച് മിണ്ടാതെ നിന്നു.

"എനിക്കിതു മാത്രം കണ്ടാൽ പോര സന്ദുവേട്ടാ. അയാൾടെ അച്ഛൻ മരിച്ചു കിടക്കുന്നതും കാണണം. എന്നാലേ എന്റെ മനസ്സിലെ തീ കെടൂ."

"കിളിമാനൂര് വന്ന് നിന്നെ മണിമലയ്ക്കു കൊണ്ടുപോകുമ്പഴേക്കും സമയം പോകും. അതിനകം ശവദാഹം നടക്കും."

"എന്നെ കൂട്ടാനൊന്നും ആരും വരണ്ട. ഞാനൊരു ബസിൽ കേറി വന്നോളാം. സന്ദുവേട്ടൻ അവിടെ വരുന്നൊണ്ടെങ്കി കാണാല്ലോന്നു വിചാരിച്ച് വിളിച്ചതാ."

"ബസിൽ കേറി തനിയെ വരാനോ...!"

"അതൊന്നും സാരമില്ല സന്ദുവേട്ടാ... ഞാൻ വെക്കട്ടെ. വൈകിട്ട് തിരിച്ചെത്തേണ്ടതാ. ഇപ്പത്തന്നെ ഇറങ്ങണം."

ശരി എന്നു പറഞ്ഞ് സന്ദീപ് കോൾ കട്ട് ചെയ്തു. രണ്ടു നിമിഷം ആലോചിച്ചിട്ട് അയാൾ രാജഗോപാലിനെ വിളിച്ചു. മറുവശത്തു ഫോൺ എടുത്തപ്പോൾ സന്ദീപ് തിടുക്കപ്പെട്ടു പറഞ്ഞു:

"അങ്കിൾ, അല്ലി മണിമലയ്ക്കു പോകാൻ റെഡിയായി നിൽക്കുന്നു."

"എന്തിന്..!" രാജഗോപാൽ ആശ്ചര്യപ്പെട്ടു. സന്ദീപ് സംഗതി വിശദീകരിച്ചുകൊടുത്തു. എന്നിട്ടു പറഞ്ഞു: "അങ്കിൾ അവളെ വിളിച്ച് പോകരുതെന്നു പറ. എന്തിനാ വെറുതെ കടന്നൽ കൂട്ടിലോട്ട് കല്ലെറിയുന്നെ."

"അവൾ പോയിട്ടു വരട്ടെ സന്ദീപ്. നമ്മൾ വിചാരിക്കുന്നപോലെയല്ല ഇപ്പോ അവൾടെ മനസ്സ്."

"അങ്കിളേ... ഒറ്റയ്ക്ക് അവളവിടെ ചെന്നാൽ എന്തെങ്കിലും കുഴപ്പം ഉണ്ടായാൽ...?"

"ഞാനും ശ്രീലക്ഷ്മിയുംകൂടി മണിമലയ്ക്കു പോകാം. അവിടെവെച്ച് അല്ലിമോളെ പിക്ക്ചെയ്തോളാം. കിളിമാനൂരിൽ തിരിച്ചുകൊണ്ടുചെന്നു വിടുകേം ചെയ്യാമല്ലോ."

"അതാ അങ്കിളേ നല്ലത്. എനിക്കാണെങ്കിൽ ഓഫീസീന്നു പോരാൻ പറ്റാത്ത അവസ്ഥയാ... ഇത്രയും നാൾ റിപ്പോർട്ടിങ്ങിന്റേം സ്റ്റോറീടേം ഒക്കെ പേരിൽ ഓൺ ഡ്യൂട്ടി അനുവദിച്ചു തന്നു. ഇനി പുതിയ സ്റ്റോറിയൊന്നും പറയാനില്ലല്ലോ."

"ഞാൻ നോക്കിക്കോളാം സന്ദീപ്. ഞങ്ങളല്ലേ അവളുടെ ലോക്കൽ ഗാർഡിയൻസ്." രാജഗോപാൽ അല്ലിമയുടെ ഉത്തരവാദിത്തം ഏറ്റെടുത്തതോടെ സന്ദീപിനു സമാധാനമായി.

*** *** ***

പൊൻകുന്നം ബസ്സ്റ്റാൻഡിൽ ബസിറങ്ങിയിട്ട് പത്തു മിനിറ്റേ അല്ലിമയ്ക്കു കാത്തുനിൽക്കേണ്ടി വന്നുള്ളൂ. രാജഗോപാലും ശ്രീലക്ഷ്മിയും കാറിൽ എത്തി അവളെ കൂടെ കൂട്ടി.

ഇടയ്ക്കിടെ മൊബൈലിൽ ബന്ധപ്പെട്ടുകൊണ്ടിരുന്നതിനാൽ എല്ലാം കൃത്യമായി നടന്നു. അല്ലിമയെ സൂക്ഷിച്ചു നോക്കിയിട്ട് ശ്രീലക്ഷ്മി പറഞ്ഞു: "വല്ലാണ്ടങ്ങ് ക്ഷീണിച്ചുപോയല്ലോ മോളേ..."

"മനഃപ്രയാസം കൊണ്ടാ." അല്ലിമ പറഞ്ഞു.

"മാളവികേടടുത്ത് ആരുണ്ട്?"

"ഒരു നേഴ്സിങ് അസിസ്റ്റന്റിനെ എല്ലാം പറഞ്ഞേൽപിച്ചിട്ടു പോന്നു."

മണിമലപ്പാലം കടന്ന് മാങ്ങോട്ടുശ്ശേരിക്കുള്ള റോഡിലേക്കു തിരിഞ്ഞപ്പോൾ മുതൽ പാതയോരത്ത് വാഹനങ്ങളുടെ നീണ്ട നിര കാണായി.

"ഇവിടെങ്ങാനും പാർക്ക് ചെയ്തിട്ടു നടന്നു പോകേണ്ടി വരുംന്നു തോന്നുന്നു." രാജഗോപാൽ പറഞ്ഞു.

"നടന്നാൽ ഇപ്പോഴെങ്ങും എത്തില്ലച്ഛാ. കാറിൽത്തന്നെ പോകാം." ഒടുവിൽ മാങ്ങോട്ടുശ്ശേരി തറവാടിന്റെ ഗേറ്റിനു മുൻപിലെത്തി. അവിടെ ഒരിടത്ത് കയ്യാലക്കെട്ടു പൊളിച്ച് വാഹനങ്ങൾക്കു പാർക്ക് ചെയ്യാൻ സൗകര്യമൊരുക്കിയിരിക്കുന്നതു കണ്ടു. രാജഗോപാൽ അവിടെ കാർ കേറ്റിയിട്ടു. മൂന്നുപേരും കാറിൽനിന്നിറങ്ങി മാങ്ങോട്ടുശ്ശേരിയിലേക്കു ചെന്നു.

അവിടെ മൃതദേഹം ചിതയിലേക്ക് എടുക്കുന്നതിനു മുന്നോടിയായിട്ടുള്ള കർമ്മങ്ങൾ ആരംഭിച്ചിരുന്നു. അല്ലിമ ചെല്ലുന്ന വിവരം സന്ദീപ് പൊൻകുന്നം പോലീസ് സ്റ്റേഷനിലും മണിമല പോലീസ് സ്റ്റേഷനിലും അറിയിച്ചിരുന്നതിനാൽ മഫ്ടിയിലും യൂണിഫോമിലും പോലീസ് ഉദ്യോഗസ്ഥർ അവിടെ കരുതലോടെ നിൽപുണ്ടായിരുന്നു. കോട്ടയത്തുനിന്ന് റിപ്പോർട്ടറും ഫോട്ടോഗ്രാഫറും മുൻപേതന്നെ എത്തിയിട്ടുണ്ടായിരുന്നു.

ഹരീന്ദ്രന്റെ അന്ത്യകർമങ്ങൾ ചെയ്യുന്നത് ബുദ്ധിമാന്ദ്യമുള്ള ഉണ്ണിയാണ്. ചടങ്ങുകൾക്കു നേതൃത്വം കൊടുക്കുന്നതു ഹേമചന്ദ്രനാണ്. അയാൾ പറയുന്നതനുസരിച്ച്, താൻ എന്താണു ചെയ്യുന്നതെന്ന ബോധമില്ലാതെ ഉണ്ണി ഓരോന്നും ചെയ്തുകൊണ്ടിരുന്നു.

അല്ലിമ വീട്ടുമുറ്റത്തേക്കു കടന്നതോടെ മുറ്റത്തും പരിസരങ്ങളിലും ഇരമ്പിക്കൊണ്ടിരുന്ന പുരുഷാരം നിശ്ശബ്ദരായി. കാർ പാർക്ക് ചെയ്തിട്ട് രാജഗോപാലും ശ്രീലക്ഷ്മിയും വരാൻവേണ്ടി അല്ലിമ അൽപം കാത്തു. അവർ കൂടി എത്തിയതോടെ അല്ലിമ സിറ്റൗട്ടിലേക്കുള്ള ഗ്രാനൈറ്റ് പടികൾ കയറി. അല്ലിമ വന്ന വിവരം അവൾക്കും മുൻപേ വീടിന്റെ അകത്തളങ്ങളിൽ എത്തിക്കഴിഞ്ഞു. അല്ലെങ്കിലും അല്ലിമ വരുന്ന വിവരം മണിമല പോലീസ് സ്റ്റേഷനിൽനിന്ന് നേരത്തേതന്നെ ഹേമചന്ദ്രനു കിട്ടിയിട്ടുണ്ടായിരുന്നു.

അല്ലിമ, മൃതദേഹം കിടത്തിയിരിക്കുന്ന ഹാളിലേക്ക് കടക്കും മുൻപേ ഹേമചന്ദ്രൻ വന്നു തടഞ്ഞു.

"ഈ വീടിനകത്തു കാലു കുത്തരുത്."

ആളുകളുടെ ശ്രദ്ധ മുഴുവൻ അങ്ങോട്ടായി. അല്ലിമയെ എല്ലാവർക്കും അറിയാം.

പത്രവാർത്തകളിലൂടെ അവളുടെ ജീവിതകഥ വായിക്കുകയും അവളുടെ ചിത്രങ്ങൾ കാണുകയും ചെയ്തിട്ടുള്ളവരാണ്.

## നോവൽ

“ഇറങ്ങിപ്പൊയ്ക്കോ ഈ സിറ്റൗട്ടീന്ന്.” അയാൾ ഗേറ്റിനു വെളിയിലേക്കു കൈ ചൂണ്ടിക്കാട്ടി.

“ഈ വീട്ടിൽ മരിച്ചുപോയ ആളെ കാണാൻ വന്നതാ. കണ്ടിട്ടേ പോകുന്നുള്ളു” അല്ലിമ ദൃഢസ്വരത്തിൽ പറഞ്ഞു.


“ഇറങ്ങിപ്പോടീ നായിന്റെ മോളേ...” കടിച്ചു പിടിച്ച പല്ലുകൾക്കിടയിലൂടെ ഹേമചന്ദ്രൻ ചീറി.

“എന്താ.... എന്താ പ്രശ്നം?”

അവിടവിടെനിന്നു ചോദ്യങ്ങളുണ്ടായി.

ഭാസ്കരമേനോനും ജയദേവൻ നമ്പ്യാരും ഉണ്ണിമായയുടെ ബന്ധുക്കളും രംഗത്തേക്കുവന്നു.

“ഈ വീട്ടിലുള്ളവരെ ജയിലിൽ കയറ്റിയത് ഇവളാണ്.” ആൾക്കൂട്ടത്തെ നോക്കി ഒരു പ്രഖ്യാപനംപോലെ ഹേമചന്ദ്രൻ പറഞ്ഞു: “ഹരീന്ദ്രന്റെ മരണത്തിനും ഉത്തരവാദി ഇവളൊറ്റയൊരുത്തിയാണ്.”



“ഹേമചന്ദ്രൻ മാറി നിൽക്കണം. എനിക്കകത്തു കയറി ഡെഡ്ബോഡി കാണണം.” അല്ലിമ പിൻമാറാതെ ഉറച്ചുനിന്നു.

തൊട്ടുപിന്നിൽ രാജഗോപാലും ശ്രീലക്ഷ്മിയും നിൽപുണ്ടായിരുന്നു.

അല്ലിമ അകത്തേക്കു കാലെടുത്തു വെച്ചപ്പോൾ ഹേമചന്ദ്രൻ കൈനീട്ടി തടഞ്ഞു.

“ഇതിനകത്ത് കേറ്റില്ല ഞാൻ.”

“എന്നെത്തടയാൻ നിങ്ങളാരാ? ഈ വീട്ടിലെ ആരെങ്കിലുമാണോ?” ശാന്തസ്വരത്തിൽ അല്ലിമ ചോദിച്ചു.

ഹേമചന്ദ്രൻ ഒന്നു പതറി.

“ഞാനെന്റെ അമ്മയുടെ വീട്ടിലേക്കാ വന്നത്. എന്റെയുംകൂടി വീടാ ഇത്. എന്റെ അമ്മയുടെ സഹോദരനാ ഇവിടെ മരിച്ചു കിടക്കുന്നത്. നിങ്ങളാരാ...?”

അല്ലിമ അതു പറഞ്ഞതോടെ ചുറ്റും കൂടിയവർ നിശ്ശബ്ദരായി.

ഹേമചന്ദ്രൻ നീട്ടിപ്പിടിച്ച കൈ പിൻവലിക്കാതെ നിൽക്കുന്നതുകണ്ട് പോലീസുകാർ അവിടേക്കു വന്നു. ഇതിനിടയിൽ പത്രത്തിൽനിന്നു വന്ന ഫോട്ടോഗ്രാഫർ ഫോട്ടോ എടുക്കുന്നുണ്ടായിരുന്നു.

“ഹേമചന്ദ്രാ വഴക്ക് വേണ്ട. ഇതൊരു മരണവീടാണ്. കാണാൻ വന്നവൾ കണ്ടിട്ടു പോട്ടെ.” ജയദേവൻ നമ്പ്യാർ പറഞ്ഞു.

“താനിതു പറയുംന്ന് എനിക്കറിയാം. തന്റെ മകനല്ലേടോ ഇവളെ കൊണ്ടുനടക്കുന്നത്?” ഹേമചന്ദ്രൻ പുച്ഛിച്ചു.

“മര്യാദയ്ക്കു സംസാരിക്കണം...” അല്ലിമയുടെ ചൂണ്ടുവിരൽ ഹേമചന്ദ്രന്റെ മുഖത്തിനു നേരെ നിന്നു വിറച്ചു.

“ഇല്ലെങ്കി നീയെന്തു ചെയ്യാനാ?” ഹേമചന്ദ്രൻ അവജ്ഞയോടെ ചോദിച്ചു.

“ചെകിട്ടത്തു ഞാൻ അടിക്കും... ഒന്നൂടെ പറ.” ഹേമചന്ദ്രൻ ചൂളിപ്പോയി.

ഇതിനിടയിൽ പൊൻകുന്നം സിഐ മുന്നോട്ടുവന്നു പറഞ്ഞു:

“കൈ മാറ്റ് സാറേ. കാണാൻ വന്നവര് കണ്ടിട്ടു പോട്ടെ.” ഹേമചന്ദ്രൻ കൈ താഴ്ത്തി. അല്ലിമ അകത്തേക്കു കടന്നു. പിന്നാലെ രാജഗോപാലും ശ്രീലക്ഷ്മിയും. അല്ലിമ ഡെഡ്ബോഡി കിടത്തിയിരിക്കുന്ന ഹാളിലെത്തി. ഹരീന്ദ്രന്റെ മൃതദേഹം കണ്ടു.

രാജഗോപാലും ശ്രീലക്ഷ്മിയും അവളുടെ പിന്നിൽ നിന്നു.

അല്ലിമ ആ മൃതശരീരം മാത്രം നോക്കി ഏതാനും നിമിഷം നിന്നു. അച്ഛന്റെ കൊലപാതകവും അമ്മയുടെ ദുരവസ്ഥയും അവളുടെ ഓർമയിലൂടെ കടന്നുപോയി.

എല്ലാ ദൃഷ്ടികളും തന്നിലാണെന്ന് അറിയാവുന്നതുകൊണ്ട് അവൾ ആരെയും നോക്കാതെ മെല്ലെ പിന്തിരിഞ്ഞു നടന്നു.

ഹേമചന്ദ്രൻ നിൽക്കുന്നിടത്ത് എത്തിയപ്പോൾ ഒരു നിമിഷം നിന്നു. അയാളുടെ നേർക്ക് എരിയുന്ന ഒരു നോട്ടം നോക്കി.

“തീർന്നിട്ടില്ല. ഞാൻ ഇനീം വരും. എന്റെ അമ്മേടെ വീടാ ഇത്.”

ഹേമചന്ദ്രൻ വെറുപ്പോടെ മുഖം തിരിച്ചുകളഞ്ഞു. അല്ലിമ സംസാരിക്കുന്നതും നടന്നു നീങ്ങുന്നതുമെല്ലാം ആളുകൾ ആശ്ചര്യത്തോടെ നോക്കിക്കൊണ്ടു നിന്നു.

പ്രായമായവർ അവളെ മാളവികയുടെ മകളായി കണ്ടു. മാളവികയെ കണ്ടിട്ടും കേട്ടിട്ടും ഇല്ലാത്തവർ, ഒരദ്ഭുത കഥയിലെ നായികയെ എന്നവണ്ണം അവളെ നോക്കി.

അല്ലിമ മുറ്റത്തിറങ്ങിയപ്പോൾ പൊൻകുന്നം സിഐ അടുത്തേക്കുവന്നു ചോദിച്ചു:

“കുഴപ്പമൊന്നുമില്ലല്ലോ?”

“ഇല്ല.” അല്ലിമ പറഞ്ഞു.

“എസ്പി ഓഫീസിൽനിന്ന് ഞങ്ങൾക്ക് ഓർഡർ കിട്ടിയിട്ടുണ്ടായിരുന്നു. കുഴപ്പമൊന്നും ഉണ്ടാകാതെ നോക്കണമെന്ന്.”

“താങ്ക്യൂ സാർ...” അല്ലിമയും ശ്രീലക്ഷ്മിയും രാജഗോപാലും ഗേറ്റ് കടന്ന് റോഡിലെത്തുന്നതുവരെ പോലീസ് അവരെ അനുഗമിച്ചു. ആ വീട്ടിലും പരിസരത്തും തടിച്ചുകൂടിയ ആളുകളുടെ ദൃഷ്ടികളും.

കാറിൽ മടങ്ങുമ്പോൾ ശ്രീലക്ഷ്മി രാജഗോപാലിനോടു ചോദിച്ചു:

“ആ വീൽചെയറിൽ ഇരുന്ന പ്രായംചെന്ന സ്ത്രീയാണോ മല്ലിക?”

“അതെ.” രാജഗോപാൽ പറഞ്ഞു.

“വാക്കിങ് സ്റ്റിക് പിടിച്ച്, കോട്ടൊക്കെയിട്ടുനിന്ന നല്ല ഹൈറ്റുള്ള ആളോ?”

“അത് ഭാസ്കരമേനോൻ. പോണ്ടിച്ചേരി.”

“മനസ്സിലായി... മനസ്സിലായി.”

ശ്രീലക്ഷ്മി, ഹരീന്ദ്രന്റെ മൃതദേഹത്തിനടുത്തു കണ്ട ഓരോരുത്തരെപ്പറ്റിയും ചോദിച്ചു. സന്ദീപും അല്ലിമയും നൽകിയ വിവരണങ്ങളിലൂടെ മാത്രമേ ശ്രീലക്ഷ്മി അവരിൽ പലരെയും കണ്ടിട്ടുള്ളു.

“അല്ലിമോളേ...” രാജഗോപാൽ വിളിച്ചു.

“എന്താണച്ഛാ?”

“നിന്റെ മനസ്സിലെന്താ നടക്കുന്നെ?”

“എനിക്കറിഞ്ഞൂടാ. വരണ്ടായിരുന്നെന്നു തോന്നുന്നു.”

“വന്നത് നന്നായി. അവരുടെ ബന്ധുക്കൾക്കെല്ലാം നിന്നെ കാണാൻ പറ്റി. എല്ലാവരും നിന്നെയാണ് നോക്കിക്കൊണ്ടിരുന്നത്. ചിലര് ‘മാളുവിന്റെ മകൾ’ എന്ന് അടക്കം പറഞ്ഞു. മല്ലികച്ചേച്ചിയുടെ കൊച്ചുമകളാണെന്ന്. അതിലൊക്കെ ഒരു സംഗതി ഒളിഞ്ഞു കിടപ്പൊണ്ട് - അംഗീകാരം.”

അല്ലിമ മൗനമായി ഇരുന്നു.

കാർ മണിമല ടൗണിലെത്തി.

“മോളേ... ഇപ്പോ മണി അഞ്ചു കഴിഞ്ഞു. എന്തെങ്കിലും കഴിക്കണ്ടേ. ഉച്ചയ്ക്കു മുൻപ് വീട്ടിന്നിറങ്ങിയതാ... ഊണുപോലും കഴിക്കാതെ.” അല്ലിമ ഉവ്വെന്നു തലയാട്ടി.

ഹോട്ടലിൽനിന്നു ഭക്ഷണം കഴിച്ചിറങ്ങിയപ്പോൾ അഞ്ചര മണിയായി.

“മൂന്നുമൂന്നര മണിക്കൂർ ഡ്രൈവ് ചെയ്യണം കിളിമാനൂരെത്താൻ. നമുക്ക് ഏതെങ്കിലും ഹോട്ടലിൽ റൂമെടുക്കാം. രാത്രി ഡ്രൈവ് ചെയ്യാൻ ബുദ്ധിമുട്ടാ. നാളെ രാവിലെ നിന്നെ കിളിമാനൂരിലെത്തിച്ചിട്ടേ ഞങ്ങൾ തിരിച്ചു പോകുന്നുള്ളു.”

“കുട്ടികളൊറ്റയ്ക്കല്ലേ അച്ഛാ വീട്ടിൽ?”

“അതു സാരമില്ല. സുധാകരന്റെ വീട്ടിൽനിന്ന് ഗോപികയെ വിളിച്ചു കൂട്ടിനു വിടാം.”

“ഹോസ്പിറ്റലിലെ കാര്യം ഒന്നും അറിയില്ലല്ലോ.”

“അവിടെ ഡോക്ടറും നേഴ്സുമാരുമൊക്കെയില്ലേ.” അല്ലിമ ഒടുവിൽ മനസ്സില്ലാമനസ്സോടെ സമ്മതിച്ചു.

പൊൻകുന്നത്തുവന്ന് അവർ ഹോട്ടലിൽ മുറിയെടുത്തു. അല്ലിമ ഫോണെടുത്തുകൊണ്ട് റൂമിൽനിന്ന് ഹോട്ടലിന്റെ നീളൻ വരാന്തയിലേക്കിറങ്ങി.

ശ്രീലക്ഷ്മി മുറിയിൽനിന്നുതന്നെ വീട്ടിലേക്കു മൊബൈലിൽ വിളിച്ച് വിന്ദാരയുമായി സംസാരിച്ചു.

ഗോപികയെ രാത്രി കൂട്ടിനു വിളിക്കാൻ ഏർപ്പാടാക്കി. രാജഗോപാൽ സുധാകരൻനായരെ ഫോണിൽ വിളിച്ച് ഗോപികയെ വിട്ടുകിട്ടാനുള്ള അനുവാദവും വാങ്ങി.

ശ്രീലക്ഷ്മിയും രാജഗോപാലും മുറിയിൽ നിന്നിറങ്ങി അല്ലിമയുടെ അടുത്തേക്കു ചെന്നു. അവൾ വല്ലാതെ വിഷമിച്ചു നിൽക്കുന്നതു കണ്ട് ശ്രീലക്ഷ്മി ചോദിച്ചു:

“എന്തെങ്കിലും പ്രശ്നമുണ്ടോ?”

(ശേഷം 30-ാം പേജിൽ)

# മനാഫിനെതിരെ ആരോപണങ്ങളുമായി അർജുന്റെ കുടുംബം

കോഴിക്കോട്: ഷിരൂരിലെ മണ്ണിടിച്ചിലിൽ മരിച്ച അർജുന്റെ ലോറി ഉടമ മനാഫിനെതിരെ ആരോപണവുമായി കുടുംബം. കുടുംബത്തിന്റെ വൈകാരികത ചൂഷണം ചെയ്യുകയാണെന്നും 75,000 രൂപ വരെ അർജുന് ശമ്പളമുണ്ടെന്നു പ്രചാരണം നടക്കുന്നതായും കുടുംബം ആരോപിച്ചു. നാലാമത്തെ മകനായി അർജുന്റെ മകനെ വളർത്തുമെന്നു മനാഫ് പറഞ്ഞതു വേദനിപ്പിച്ചു. അർജുന്റെ പേരിൽ സമാഹരിക്കുന്ന ഫണ്ട് വേണ്ടെന്നും അർജുന്റെ കുടുംബത്തിനു ജീവിക്കാനുള്ള വക സർക്കാർ ചെയ്തുതന്നിട്ടുണ്ടെന്നും വാർത്താസമ്മേളനത്തിൽ അർജുന്റെ കുടുംബം വ്യക്തമാക്കി.

മനാഫിനു യുട്യൂബ് ചാനലുണ്ട്. അർജുനോട് സ്നേഹമുണ്ടെങ്കിൽ വീഡിയോ എടുക്കില്ലായിരുന്നു. വീഡിയോ എത്രപേർ കാണുന്നുണ്ടെന്നൊക്കെയാണ് ഇക്കാര്യങ്ങൾ ചോദിക്കുമ്പോൾ അദ്ദേഹം പറയുന്നത്. ലോറിയുടെ ആർസി ഉടമ മനാഫിന്റെ സഹോദരൻ മുബീനാണ്. എന്നാൽ സഹോദരൻ പറഞ്ഞിട്ടുപോലും മനാഫ് ഇത്തരം കാര്യങ്ങൾ ചെയ്യുകയാണ്. ഇനിയും ഇതു തുടർന്നാൽ നിയമ നടപടി സ്വീകരിക്കും. മനാഫ് വാങ്ങുന്ന പുതിയ ലോറിക്ക് അർജുന്റെ പേരിടുമെന്നാണു പറയുന്നത്. അതു ചെയ്യരുത്. പല ഫണ്ടുകളും അയാൾക്കു ലഭിച്ചിട്ടുണ്ട്. ഞങ്ങൾക്ക് പൈസ വേണ്ട. ഞങ്ങൾ ആരോടും പണം ആവശ്യപ്പെട്ടില്ല. ആരും പണം കൊടുക്കരുത്. മനാഫ് ഫണ്ട് പിരിവ് നടത്തിയെന്നല്ല പറയുന്നത്. പലരും അദ്ദേഹത്തിന്റെ കൈയിൽ പണം നൽകുന്നതായി അറിഞ്ഞിട്ടുണ്ട്. ആരും പണം കൊടുക്കരുതെന്നാണു പറയുന്നത്.

തെരച്ചിൽ വേളയിൽ മനാഫും ഈശ്വർ മാൽപെയും തമ്മിൽ നടത്തിയ നാടകമാണിത്. ദിവസവും മൂന്നും നാലും വീഡിയോ ഇടുകയാണ്. ഡ്രഡ്ജർ എത്തിക്കുന്ന കാര്യത്തിൽപോലും രണ്ടുപേർക്കും താത്പര്യമുണ്ടായിരുന്നില്ല. മനാഫിനെതിരെ പരാതി നൽകാൻ കാർവാർ എസിപിയും എംഎൽഎയും ആവശ്യപ്പെട്ടിരുന്നു.

എത്ര തവണ ബന്ധപ്പെട്ടിട്ടും മനാഫിന് നിർത്താനുള്ള ഭാവമുണ്ടായിരുന്നില്ല. അർജുനെ കിട്ടിക്കഴിഞ്ഞാൽ എല്ലാം നിർത്തുമെന്നു പറഞ്ഞിരുന്നു, എന്നാൽ പ്രശസ്തിക്കു വേണ്ടി അർജുനെ ചൂഷണം ചെയ്യുകയാണ്. അർജുന്റെ ബൈക്ക് നേരത്തേ നന്നാക്കാൻ കൊടുത്തിരുന്നു. അതു നന്നാക്കിയത് മനാഫ് ആണെന്നു പ്രചരിപ്പിക്കുകയാണ്. അത് യൂട്യൂബിലൂടെ പ്രചരിക്കുകയാണ്. ഞങ്ങളുടെ വൈകാരികത ചൂഷണം ചെയ്യരുതെന്നും കുടുംബം ആവശ്യപ്പെട്ടു.

അർജുന്റെ അച്ഛൻ പ്രേമൻ, അമ്മ ഷീല, സഹോദരിമാരായ അഞ്ജു, അഭിരാമി, സഹോദരൻ അഭിജിത്, സഹോദരിയുടെ ഭർത്താവ് ജിതിൻ എന്നിവരാണു വാർത്താസമ്മേളനം നടത്തിയത്.

അർജുന്റെ സംസ്കാരച്ചടങ്ങുകൾ പൂർത്തിയായശേഷം ആദ്യമായാണ് കുടുംബം മാധ്യമങ്ങളെ കാണുന്നത്. ഒപ്പംനിന്ന മാധ്യമങ്ങൾക്കും ജനപ്രതിനിധികൾക്കും നന്ദിപറഞ്ഞുകൊണ്ടാണ് കുടുംബം വാർത്താസമ്മേളനം ആരംഭിച്ചത്.

ജൂലൈ 16-നാണ് ഷിരൂരിലെ മണ്ണിടിച്ചിലിൽ അർജുനെ കാണാതായത്. 72 ദിവസം നീണ്ട തെരച്ചിലിനൊടുവിലാണ് അർജുനെ കണ്ടെത്തിയത്. മൃതദേഹം കണ്ടെത്തുന്നതുവരെ മനാഫ് ഷിരൂരിൽ ഉണ്ടായിരുന്നു.

# മനാഫിനെ കേസിൽനിന്ന് ഒഴിവാക്കും; സാക്ഷിയാക്കാൻ പോലീസ്

കോഴിക്കോട്: ഷിരൂരിൽ മണ്ണിടിച്ചിലിൽ മരിച്ച അർജുന്റെ കുടുംബം നൽകിയ പരാതിയിൽ രജിസ്റ്റർ ചെയ്ത കേസിൽ ലോറി ഉടമ മനാഫിനെ പ്രതി പട്ടികയിൽനിന്ന് ഒഴിവാക്കും. മനാഫിന്റെ യുട്യൂബ് ചാനൽ പരിശോധിച്ചപ്പോൾ അപകീർത്തിപ്പെടുത്തുന്നതൊന്നും കണ്ടെത്താൻ കഴിയാത്തതിനെ തുടർന്നാണ് നടപടി. മനാഫിനെ സാക്ഷിയാക്കും. മനാഫിനെതിരെ



കേസെടുക്കണം എന്ന് അർജുന്റെ കുടുംബം ആവശ്യപ്പെട്ടിരുന്നില്ല.

പ്രാഥമിക അന്വേഷണത്തിന്റെ ഭാഗമായാണ് മനാഫിന്റെ പേര് ഉൾപ്പെടുത്തിയത്. അർജുന്റെ കുടുംബം നൽകിയ പരാതിയെ തുടർന്നു ചേവായൂർ പോലീസാണ് കേസെടുത്തത്. കുടുംബത്തിന്റെ മൊഴി പോലീസ് രേഖപ്പെടുത്തിയിരുന്നു.

മനാഫിനെതിരെ പരാതിയില്ലെന്നും മനാഫിന്റെ യുട്യൂബ് വീഡിയോയ്ക്കു താഴെയും മറ്റു സമൂഹമാധ്യമ പ്ലാറ്റ്ഫോമുകളിലും അധിക്ഷേപകരമായ കമന്റ് ഇട്ടവർക്കെതിരെയാണു പരാതിയെന്നും കുടുംബം മൊഴി നൽകി.

ഷിരൂരിലെ ഗംഗാവലി പുഴയിൽ ജൂലൈ 16-ന് മണ്ണിടിഞ്ഞുവീണ് ലോറിക്കൊപ്പം കാണാതായ അർജുന്റെ (32) മൃതദേഹം 73 ദിവസങ്ങൾക്കുശേഷമാണ് കണ്ടെടുക്കാനായത്. പിന്നാലെ ലോറിയുടമ മനാഫിനെതിരെ അർജുന്റെ കുടുംബം ആരോപണവുമായി രംഗത്തെത്തി. ഇതിനെ തുടർന്നാണ് കുടുംബത്തിനെതിരെ സൈബർ ആക്രമണം ഉണ്ടായത്.

## നോവൽ

(29-ാം പേജിൽ നിന്നും)

“എന്നെ കാണാഞ്ഞിട്ട് അമ്മയവിടെ വഴക്കാണ്. ഒന്നും കഴിക്കുന്നില്ല. എല്ലാവരോടും പിണങ്ങി.”

“നിന്നെ തിരിച്ചറിഞ്ഞിട്ടില്ലല്ലോ ഇതുവരെ?”

“ഇല്ല. പക്ഷേ, അമ്മയ്ക്ക് എന്നെ വേണം. അമ്മയ്ക്ക് ഏറ്റോം ഇഷ്ടംള്ള ആരോ ഒരാളാണ് ഞാൻ. അമ്മേടെ വിചാരം ഞാൻ അമ്മയും അമ്മയൊരു കുട്ടിയുമാണെന്നാ.”

“എപ്പോഴെങ്കിലും നിന്ന് അവര് തിരിച്ചറിയും. കുറച്ചു സമയത്തേക്കെങ്കിലും...”

“മോളായിട്ട് എന്നെ കണ്ടിട്ടില്ലല്ലോ അച്ഛാ. അങ്ങനെയൊരു ഓർമപോലും ഇല്ലല്ലോ.”

“എന്നാലും നിന്നോടു സ്നേഹമാണല്ലോ. അതുപോരെ?”

ശ്രീലക്ഷ്മി ചോദിച്ചു.

“വല്യ സ്നേഹമാ... ഒരുപാട് കാലം കാണാതിരുന്നിട്ട് കണ്ടുമുട്ടിയ പോലെ ഭയങ്കര സന്തോഷത്തോടെ നോക്കിക്കൊണ്ടിരിക്കും. എനിക്കു തോന്നും ഇപ്പോ അമ്മയെന്നെ തിരിച്ചറിഞ്ഞെന്ന്. അപ്പോ ആരാന്നു ചോദിക്കും എന്നോട്...! എനിക്കു തോന്നും ഇപ്പോ പറഞ്ഞാ അമ്മയ്ക്കെന്നെ മനസ്സിലാകുംന്ന്. ഞാൻ പറയും അമ്മേടെ മോളാണെന്ന്... അപ്പോ ഒരു ചിരിയൊണ്ട്- ചില്ലുപാത്രം അറിഞ്ഞോണ്ടു താഴെയിട്ട് പൊട്ടിച്ചിട്ട് ചിരിക്കണെ പോലെ. ചങ്കു തകർന്നുപോകും അതു കാണുമ്പോ... ഒന്നും മനസ്സിലായിട്ടില്ല. ഒന്നും! അമ്മ എന്താണെന്നോ, മകൾ എന്താണെന്നോ അറിയില്ല.”

അല്ലിമയുടെ കണ്ഠമിടറി:

“ഞാൻ അമ്മയോട് എന്തെല്ലാം പറഞ്ഞു. അച്ഛനും അമ്മയും സ്നേഹിച്ച കഥ. അവരൊന്നിച്ച കഥ. അച്ഛനെ കാണാതായത്... അമ്മയെ പോണ്ടിച്ചേരിക്കു കൊണ്ടുപോയത്. അവിടെവെച്ച് പ്രസവിച്ചത്...” അല്ലിമയുടെ കണ്ണിൽ വെള്ളം നിറഞ്ഞു.

“എല്ലാം കാത് കൂർപ്പിച്ചു കേൾക്കും. തലയാട്ടും. എന്നിട്ട് ഏറ്റോം സങ്കടം തോന്നേണ്ട ഭാഗം വരുമ്പോ ഒരൊറ്റച്ചിരി... അതോടെ എല്ലാം തീർന്നു.”

അല്ലിമ ഷാളിന്റെ തുമ്പുകൊണ്ടു കണ്ണു തുടച്ചു.

“സാരമില്ലടീ... ആ അമ്മയുടെ ആത്മാവ് എല്ലാം അറിയുന്നുണ്ടാകും.” ശ്രീലക്ഷ്മി അവളുടെ തോളോടു ചേർന്നുനിന്ന് സാന്ത്വനം പകർന്നു.

(തുടരും)

# ഇന്ത്യയിലെ സ്ഥാനപതിയെ ബംഗ്ലാദേശ് തിരിച്ചുവിളിച്ചു

ധാക്ക: ഇന്ത്യയിലെ സ്ഥാനപതിയടക്കം അഞ്ചു രാജ്യങ്ങളിലെ തങ്ങളുടെ നയതന്ത്രപ്രതിനിധികളെ ബംഗ്ലാദേശിലെ ഇടക്കാലസർക്കാർ തിരിച്ചുവിളിച്ചു.

ബംഗ്ലാദേശിന്റെ ഇന്ത്യയിലെ ഹൈക്കമ്മീഷണർ മുസ്തഫിസുർ റഹ്മാൻ, യുഎന്നിലെ ബംഗ്ലാദേശിന്റെ സ്ഥിരംപ്രതിനിധി മുഹമ്മദ് അബ്ദുൾ മുഹിത്, ഓസ്ട്രേലിയ, ബ്രിട്ടൻ, ബെൽജിയം, പോർച്ചുഗൽ, എന്നിവിടങ്ങളിലെ സ്ഥാനപതിമാർ എന്നിവരെയാണ് തിരിച്ചുവിളിച്ചത്.

ഇതുസംബന്ധിച്ച ഉത്തരവ് ബംഗ്ലാദേശ് വിദേശകാര്യമന്ത്രാലയം സെപ്റ്റംബർ 30-നാണ് ഇറക്കിയത്. ഇവരോട് ഉടൻ ധാക്കയിലേക്ക് മടങ്ങാനാണ് നിർദേശം.

റഹ്മാൻ വിരമിക്കാൻ ഏതാനും മാസങ്ങൾ ശേഷിക്കെയാണ് നടപടി. മുൻ പ്രധാനമന്ത്രി ഷെയ്ക്ക് ഹസീനയ്ക്ക് രാഷ്ട്രീയ അഭയം നൽകിയതുമായി ബന്ധപ്പെട്ട് ഇന്ത്യയും ബംഗ്ലാദേശും തമ്മിൽ അസ്വാരസ്യം നിലനിൽക്കുന്നതിനിടെയാണ് നടപടി.

# ഡോ. സി.എച്ച്. സുരേഷ് ലോകത്തെ മികച്ച ശാസ്ത്രജ്ഞരുടെ പട്ടികയിൽ



കോട്ടയം: സ്റ്റാൻഫോർഡ് യൂണിവേഴ്സിറ്റിയും എൽസിവറും പ്രസിദ്ധീകരിച്ച 2024-ലെ ലോകത്തെ മികച്ച ശാസ്ത്രജ്ഞരുടെ പട്ടികയിൽ തുടർച്ചയായി ആറാംതവണയും ഇടംനേടി ഡോ. സി.എച്ച്. സുരേഷ്. തിരുവനന്തപുരത്തെ സിഎസ്ഐആർ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റർ ഡിസിപ്ലിനറി സയൻസ് ആൻഡ് ടെക്നോളജിയുടെ കെമിക്കൽ സയൻസ് ആൻഡ് ടെക്നോളജി വിഭാഗത്തിൽ ചീഫ് സയന്റിസ്റ്റാണ്. ഇപ്പോൾ പാമ്പാടി ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ബേസിക് സയൻസസിൽ ഡയറക്ടറാണ്. പുണെ സാവിത്രിഭായ് ഫൂലെ യൂണിവേഴ്സിറ്റിയിൽനിന്ന് പിഎച്ച്ഡി നേടി. കംപ്യൂട്ടേഷണൽ കെമിസ്ട്രി, തിയററ്റിക്കൽ കെമിസ്ട്രി എന്നീ മേഖലകളിൽ 250 പ്രബന്ധം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

SUBSCRIPTION FORM

I.D. # ______ Date ______ Expiration Date ______

Name ______

Address ______

City ______ State ______ Zip ______

Phone: ______ Email: ______

Signature: ______

❑ Enclosing $ 200.00 for five years.

❑ Enclosing my subscription of $ 54.00 for one year.

❑ Enclosing my subscription of $99.00 for two years.

❑ Please don't send newspaper to my address.

Take Advantage Of Our New Low Rates

| Yearly | 2 Years | 5 Years |
| --- | --- | --- |
| $ 54 00 | $ 99 00 | $ 200 00 |

Payment Method ☐ Cheque Cheque # ______

☐ Visa ☐ Mastercard ☐ Discover ☐ AMEX. Exp. Date ______

CARD ACCOUNT NUMBER

SEC. CODE:

Please make the Cheque payable to

KERALA EXPRESS

3425 CLEVELAND ST, SKOKIE, ILLINOIS 60076

630 728 7956 FAX : 773 304 1917

Subscription fee non-refundable




## HILTON GARDEN INN DALLAS / DUNCANVILLE TEXAS

### AMICOS NORTH AMERICA BOARD

SABU THOMAS
PRESIDENT

DR. M. ANIRUDHAN
VICE PRESIDENT

PROF. DR. VARGHESE MATHAI
SECRETARY

CINDY XAVIER
TREASURER

SYNU JOHN
JOINT SECRETARY

SUMI JAMAL
JOINT TREASURER

REENA PARANGOT
WOMENS FORUM CHAIRMAN

MOHAN SAMUEL
FUND RAISING CHAIR

JIMMY KULANGARA
PRO

ROLAND GOMEZ
EVENT CHAIR

SUNIL GEORGE
MEMBERSHIP CHAIR

JOSE NINAN
NEWS & MEDIA

PREM NARAYAN
REGIONAL COORDINATOR

SAJI PHILIP
REGIONAL COORDINATOR (NORTH EAST)

SHAJIRAJ RAJAN
REGIONAL COORDINATOR (MIDWEST)

SUJAN KAKKANATT
REGIONAL COORDINATOR (SOUTH)

VIMAL KOLAPPA
REGIONAL COORDINATOR (FLORIDA & NC)

ABRAHAM KURIEN
TECHNOLOGY CHAIR

### CONVENTION STREERING TEAM

SABU THOMAS
PRESIDENT

JIMMY KULANGARA
CONVENOR

SUJAN KAKKANATT
CO-CONVENOR

PROF. DR. VARGHESE MATHAI
GENERAL SECRETARY

CINDY XAVIER
TREASURER

SYNU JOHN
SOUVENIR

SUMI JAMAL
FINANCE

REENA PARANGOT
REGISTRATION CHAIR

MOHAN SAMUEL
FUND RAISING

ROLAND GOMEZ
EVENT

SUNIL GEORGE
MEMBERSHIP CHAIR

REV.DR. SAJI MUKKOOT
PANNEL DISCUSSION

PROF. JOSHY JACOB
SOUVENIR

SAJI PHILIP
FUND RAISING

AJIT JOSEPH
SECURITY

BENJAMIN THOMAS
QUIZ MASTER

ANNIE J. KALEEKAL
REGISTRATION

ABRAHAM KURIEN
TECHNOLOGY CHAIR

Dr. VIDYA SASIDHARAN
REGISTRATION / CULTURAL

BAIJU THOMAS
SKIT/CHIRI ARANGU

CARMEL THOMAS
RECEPTION/VIP

ALEXANDER VARGHESE
TRANSPORTATION

JOSEPH SANTHOSH
REGITRATION

CATHERINE THOMAS, MD
HEALTH & SAFTY

### GUESTS INVITED AND EXPECTED AT THE AMICOS NA CONVENTION

DR.SHASHI THAROOR, MP
TVM, INDIA

K. JAYAKUMAR, IAS
PRESIDENT, AMICOS

JIJI THOMSON, IAS
FORMER CHIF SECRETARY

MOST. REV. JOSEPH MAR THOMAS
FORMER PATRON

CHANDY OOMMEN
MLA

DR. ALEXANDER JACOB, IPS
FORMER DGP

T.P. SREENIVASAN
FORMER AMBASSADOR

K.J. YESUDAS
INDIAN RENOWNED SINGER

JAGADIS
ACTOR

SABU THIRUVALLA
COMEDIAN

MAYOR
DUNCANVILLE, TX

DR. SHIRLEY STEWART
FORMER VP

DR. REJU JOSEPH
SINGER

DR. M. I SAHADULLA
CEO, KIMSHELTH

TERESA TOIN
WRITER AND POET

RISHIRAJ SING, IPS
FORMER POLICE COMMISSIONER

MONS JOSEPH
FORMER MINISTER/MLA

GOPINATH MUTHUKAD
INDIAN MAGICIAN AND MOTIVATIONAL SPEAKER

DR. BABU STEPHEN
FOKANA PRESIDENT

JOHN MATHAI
WORLD MALAYALEE COUNCIL GLOBAL PRESIDENT

NANDU
INDIAN ACTOR

DINI DANIEL
ACTRESS

ANIAN GEORGE
FOMAA

ANISH J. KARINAD
ACTOR/DIRECTOR

### FOR MORE INFORMATION

SABU THOMAS
(PRESIDENT)
(630)-890-5045


JIMMY KULANGARA
(CONVENOR)
(469)-371-0638

SUJAN KAKKANATT
(CO-CONVENER)
(682)-564-4182

REENA PARANGOT
(REGISTRATION)
(443)-842-2879

SYNU JOHN
(SOUVENIR CONVENOR)
(403) 830-7280

WWW.AMICOSNA.ORG/CONVENTION INFO@AMICOSNA.ORG




Printed at **GRACE PRINTING**, Skokie, Illinois and Published by Grace Publications Inc. Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**